

# വചനധ്വനി

Vol. III No.4, 2012 April-May

# വചനധ്വനി

ഒരു സ്വതന്ത്ര ക്രൈസ്തവ പ്രസിദ്ധീകരണം

Vol. III    No. 4    2012 April - May


*ഉദ്ദേശ്യം :*

## വിശ്വാസ പ്രതിവാദവും ഉപദേശ സമർത്ഥനവും


*Chief Editor*

**S. SUDARSANAN**

*Publisher*

**S. JEESAN KUMAR**

*Managing Editor*

**A. SHAJI**

*Associate Editors*

**R. KRISHNANKUTTY THIRUVATTAR**

**D. STEEPHEN, MA (Eco), MA (Mal) MTh**

**R. RAVINDRAN**

**S. JYOTHISH**

**K. BALASUBRAMANIAN**


### പ്രതികരണവേദി :

വചനധ്വനിയുടെ വായനക്കാരിൽ നിന്നും പ്രതികരണങ്ങൾ ക്ഷണിക്കുന്നു. അഭിപ്രായങ്ങൾ, വിമർശനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ എഴുതി അറിയിക്കുക. പൊതു പ്രയോജനമുള്ളവ പ്രസിദ്ധീകരിക്കുന്നതാണ്.

വചനധ്വനി ഇ-മെയിലിൽ ലഭിക്കണമെന്നുള്ളവർ നിങ്ങളുടെ ഇ-മെയിൽ വിലാസം ഞങ്ങൾക്ക് മെയിൽ ചെയ്യുക

## താളുകൾ മറിക്കുമ്പോൾ


**3** ദൈവത്തിന്റെ സ്വന്തം നാടും ക്വട്ടേഷൻ സംഘങ്ങളും

**4** വെണ്ണീറിന് പകരം അലങ്കാരമാല

**8** പുതിയ നിയമസഭയും സ്ത്രീകളുടെ ശുശ്രൂഷയും

**12** സുശീലൻ സാർ എന്ന ഭക്തൻ

**14** ജാതി ജാതിയോട്

**16** അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി

**19** ഇന്ത്യൻ ബ്രദറൺ മുതൽ ഇന്റർനാഷണൽ ബ്രദറൺ വരെ

**21** ഖുർ ആനിലെ അള്ളാഹു പഴയ നിയമത്തിലെ യഹോവ അല്ലേ

**27** ബൈബിൾ ഒരു സ്ത്രീവിരുദ്ധ ഗ്രന്ഥമോ ?


## ലേഖനങ്ങൾ ക്ഷണിക്കുന്നു

വിശ്വാസപ്രതിവാദവും ഉപദേശസമർത്ഥനവും ലക്ഷ്യമാക്കുന്ന ഈടുറ്റ ലേഖനങ്ങൾ അയച്ചു തരിക. ലേഖകന്റെ വിലാസവും ഫോൺ നമ്പരും ഉൾപ്പെടുത്തിയിരിക്കണം.

## ചോദ്യോത്തര പംക്തി

ക്രൈസ്തവ വിശ്വാസത്തിനെതിരെ ഇതര മത വിശ്വാസികളും ദുരുപദേശ സംഘങ്ങളും ഉന്നയിക്കുന്ന ചോദ്യങ്ങളും തിരുവചന സംബന്ധമായ സംശയങ്ങളും എഴുതി അറിയിക്കാവുന്നതാണ്. അതാത് മണ്ഡലങ്ങളിൽ പ്രഗത്ഭരായവർ മറുപടി എഴുതുന്നു.

ലേഖനങ്ങൾ, പ്രതികരണങ്ങൾ,
ചോദ്യങ്ങൾ എന്നിവ
അയക്കേണ്ട വിലാസം :


**SUDARSANAN. S.**
PB No.1 Koovalassery P.O.
Thiruvananthapuram - 695 512
✆ 9446104078
Email:vachanadhwani@gmail.com



— പത്രാധിപ ലേഖനം —

# ദൈവത്തിന്റെ സ്വന്തം നാടും ക്വട്ടേഷൻ സംഘങ്ങളും!!

‘ദൈവത്തിന്റെ സ്വന്തം നാട്’ എന്ന വിശേഷണം നൽകി വിദേശീയരെ കേരളത്തിലേക്ക് ആകർഷിക്കാൻ സർക്കാരിന് ഒരു വകുപ്പ് തന്നെയുണ്ട്. പണത്തോടുള്ള അത്യാർത്തി നിമിത്തം, പുരാതന ഭാരതത്തിന്റെ സദാചാരനിയമങ്ങളൊന്നും വിദേശ വിനോദസഞ്ചാരികൾക്ക് ഇവിടെ ബാധകമല്ല. അൽപവസ്ത്രധാരികളായി നമ്മുടെ നാട്ടിൽ ചുറ്റിക്കറങ്ങുന്ന വിദേശ വിനോദസഞ്ചാരികളുടെ നഗ്നതാപ്രദർശനം, സർക്കാരും പോലീസും കോടതികളും സദാചാര നിയമത്തിനുള്ളിൽ പെടുത്തി, അംഗീകരിച്ചതായി തോന്നുന്നു!!

മദ്യത്തിന്റെ ദുരന്തഫലങ്ങൾ മനസ്സിലാക്കിയപ്പോൾ ‘കുടിൽ വ്യവസായം’ പോലെ ഉൽപാദിപ്പിച്ചിരുന്ന മദ്യം സർക്കാർ നിരോധിച്ചു. പകരം സർക്കാർ തന്നെ മദ്യം ഉൽപാദിപ്പിച്ച് വിൽപ്പന നടത്തുമ്പോൾ അത് നിരോധനത്തിന്റെ പരിധിയിൽ വരില്ല!! ചില്ലറ മദ്യവിൽപ്പനക്കാർ ജാമ്യമില്ലാ വകുപ്പിൽ ഇന്നും അകത്തു കിടക്കുമ്പോൾ, കേരളത്തിലെ ഏറ്റവും വലിയ മദ്യമുതലാളിയായ വകുപ്പ് മന്ത്രി ദേശീയപതാക പാറുന്ന കാറിൽ പറക്കുന്നു. ഈ വലിയ മദ്യമുതലാളിയെ അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിയുമോ? റിമാന്റ് ചെയ്യാൻ കോടതിക്ക് കഴിയുമോ??

പെൺവാണിഭവും സ്ത്രീപീഡനവും സർവ്വസാധാരണമായിത്തീർന്നു: മന്ത്രിമാർ മുതൽ തന്ത്രിമാർ വരെയും, മഠാധിപന്മാർ മുതൽ പാതിരിമാർ വരെയും പീഡനകുറ്റത്തിൽ പ്രതികളാകുന്നു!! പീഡിപ്പിക്കപ്പെടുന്നവർ അപമാനത്തിന് ഇരയാവുകയും കൊല്ലപ്പെടുകയും ചെയ്യുന്നു! പീഡിപ്പിക്കുന്നവർ മാന്യന്മാരായി വിലസുന്നു!!

ഈ കേരളത്തിന് ദൈവത്തിന്റെ സ്വന്തം നാട് എന്ന് നാമകരണം ചെയ്തവൻ ആരായാലും അദ്ദേഹം ഒരു സാത്താൻ തന്നെ. ദൈവത്തെ അപമാനിക്കാൻ വേണ്ടി തന്നെയാണ് കേരളത്തിന് ദൈവത്തിന്റെ സ്വന്തം നാട് എന്ന പേര് നൽകിയത്.

ദൈവത്തിന്റെ സ്വന്തം നാട്ടിലെ പുതിയ വിശേഷങ്ങൾ നമ്മെ ഭയപ്പെടുത്തുന്നു! ക്വട്ടേഷൻ സംഘങ്ങളെയും കൊലപാതകങ്ങളും കണ്ട് ഭയപ്പെടാത്തവർ ആരാണ്? അധർമ്മത്തിൽ ആറാടി ജീവിക്കുന്നവർ പോലും: ‘കേരളത്തിൽ ജീവിക്കാൻ ഭയമാകുന്നു’, എന്ന് ഉറക്കെ പറഞ്ഞു തുടങ്ങി. മദ്യം, മയക്കുമരുന്ന്, കള്ളനോട്ട്, കള്ളക്കടത്ത് തുടങ്ങിയ ലോബികൾ ശത്രുസംഹാരത്തിനായി ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ചു കേട്ടിട്ടുണ്ട്. എന്നാൽ ജനനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയപാർട്ടികളും ശത്രുസംഹാരാർത്ഥം ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന വസ്തുത തന്നെ.

ശത്രുസംഹാരം നീതിയായി കരുതിയ ഒരു സമൂഹത്തോട് കർത്താവ് പറയുന്നു: ‘നിങ്ങൾ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ’. ‘നിന്റെ ശത്രുവിന് വിശക്കുന്നുവെങ്കിൽ തിന്നാൻ കൊടുക്കുക; ദാഹിക്കുന്നുവെങ്കിൽ കുടിക്കാൻ കൊടുക്കുക’ എന്ന് അതിപ്രാചീന കാലത്തേ ബൈബിൾ പ്രഖ്യാപിക്കുന്നു. ബൈബിൾ പ്രമാണമായി അംഗീകരിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നവർ - ക്രിസ്ത്യാനികൾ - ശത്രുസംഹാരത്തിനായി പുറപ്പെടുമോ? അതിനായി ക്വട്ടേഷൻ സംഘങ്ങളെ ആശ്രയിക്കുമോ? ഒരിക്കലും പാടില്ല. എന്നാൽ ക്രൈസ്തവരുടെ യഥാർത്ഥ സ്ഥിതി എന്താണ്? കത്തോലിക്കർ തുടങ്ങിയുള്ള നാമധേയരെ ഒഴിവാക്കാം. ആത്മീയതയുടെ അത്യുന്നത ശ്രേണിയിൽ നിൽക്കുന്നു എന്നവകാശപ്പെടുന്ന സാക്ഷാൽ ‘ബ്രദറൺ ചർച്ച്’ കാരെ തന്നെ നോക്കാം. ഏതാനും വർഷങ്ങൾക്കു മുമ്പ് ഒരു സാധു സുവിശേഷകനോട്, വളരെയേറെ പിടിപാടുള്ള, ഭക്തനായി വിശേഷിപ്പിക്കപ്പെടുന്ന ഒരു ബ്രദറൺകാരൻ

(ശേഷം 13-ാം പേജിൽ)

# വെണ്ണീറിന് പകരം അലങ്കാരമാല

എ. സ്റ്റീഫൻ

ദൈവം നിങ്ങളെ അവഗണിക്കുന്നുവെന്ന് കരുതരുത്. അനുഭവങ്ങളിൽ കൂടെ കടത്തിവിടുമ്പോൾ നിങ്ങൾ തകർന്നുവെന്ന് തോന്നിയേക്കാം. ചിലപ്പോൾ ദൈവം അങ്ങനെയാണ് ഇടപെടുന്നത്. ചിലപ്പോൾ വെണ്ണീറിന്റെ അവസ്ഥയിലേക്ക് നടത്തും. എന്നാലതിനൊരു മറുവശം ഉണ്ട്. അതിനുപകരം അലങ്കാരമാല തരുവാൻ അവൻ വാഞ്ചിക്കുന്നു. ദൈവപുത്രനായ ക്രിസ്തുവോ പിതാവായ ദൈവം തന്നെയുമോ അനുഭവിക്കാത്ത ഒരു കഷ്ടതയും അവൻ നിന്നോടാവശ്യപ്പെടുന്നില്ല. അവൻ നിനക്കുവേണ്ടി താഴ്ചയനുഭവിച്ചു. വെറുതെ ജഡരൂപത്തിൽ വെളിപ്പെട്ട് ഒരു തീപാറും സുവിശേഷകനായി അംഗീകരിക്കപ്പെടുകയല്ലായിരുന്നു. അവൻ ജഡം ധരിച്ച് താണുതാണ് ഒരു അടിമയുടെ സ്ഥാനം കൈക്കൊണ്ട് സ്വയംസമ്പൂർണ്ണമായി ത്യജിച്ചു. അപ്പോൾ ദൈവം അവനെ ഉയർത്തി എല്ലാ നാമത്തിനും മേലായ നാമം നൽകി - ദുഃഖത്തിനു പകരം ആനന്ദതൈലം-നിങ്ങളുടെ ഹൃദയം ദൈവസന്നിധിയിൽ പകരുമ്പോൾ തകരുന്ന അവസ്ഥയാണെങ്കിൽ പോലും നിങ്ങളിൽ ആനന്ദതൈലം പകരുന്ന അനുഭൂതിയാണുണ്ടാകുക.

കല്ലും മുള്ളും നിറഞ്ഞ പാതതിലൂയടെ തിക്കിയും തിരക്കിയുമുള്ള ഒരു പരക്കംപാച്ചിലാണ് ജീവിതം. ഇതിൽ അനേകർ മറിഞ്ഞുവീണ് മുറിവും ചതവുമേൽക്കുന്നു. മറിഞ്ഞുവീണ ചിലരെ ചവുട്ടിമെതിച്ച് മറ്റു ചിലർ മുന്നേറുന്നു. കോപം നിറഞ്ഞ ആക്രോശങ്ങളും കരച്ചിലും ദീർഘ നിശ്വാസങ്ങളും എല്ലായിടത്തു നിന്നും ഉയരുന്നു. പാപത്തിന്റെ പരിണിതഫലങ്ങൾ! ഈ പ്രശ്നങ്ങൾക്ക് പ്രതിവിധിയായി ദൈവം നൽകിയ വേദനകളെ ശമിപ്പിക്കുകയും മുറിവുകള പൊറുപ്പിക്കുകയും ചെയ്യുന്ന അതിശക്തമായ ഒരു ഔഷധമാണ് സ്നേഹം. അത് ദൈവത്തിൽ നിന്ന് മനുഷ്യരിലേക്ക് ഒഴുകുന്നു. "ദൈവം സ്നേഹം തന്നെ".

ഈ സ്നേഹവാനായ ദൈവം തലയെ എണ്ണ കൊണ്ടഭിഷേകം ചെയ്യുന്നുവെന്നും പച്ചപ്പുൽമേടുകളിലൂടെ നടത്തുകയും സ്വച്ഛന്ദം ഒഴുകുന്ന അരുവിയിൽ നിന്ന് തെളിവാർന്ന തോയം കുടിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല ഈ ദൈവം പ്രാർത്ഥന കേൾക്കുന്നവനും തന്റെ പുത്രനിലൂടെ സർവ്വൈശ്വര്യങ്ങളും വർഷിപ്പിക്കുന്നവനുമാണ്.

പ്രാർത്ഥനയെക്കുറിച്ച് ക്രിസോസ്റ്റത്തിന്റെ വാക്കുകൾ:- "കപ്പൽച്ചേതത്തിലകപ്പെട്ടവന് ഒരു തുറമുഖവും തിരമാലകളിൽ താഴുന്നവന് ഒരു നങ്കൂരവും, ഇടറി വീഴുവാൻ പോകുന്നവന് ഒരു ഊന്നുവടിയും, ദരിദ്രന് ഒരു രത്നഖനിയും, രോഗിക്ക് സൗഖ്യദായകവും ആകുന്നു". ഇങ്ങനെ പ്രാർത്ഥന കേൾക്കുന്ന ദൈവം ആനന്ദതൈലം പകരുന്നു. ഹാ! എന്തൊരാശ്വാസം ദൈവമക്കളായിത്തീർന്ന വിശുദ്ധർക്കു മാത്രം ആസ്വദിക്കാൻ കഴിയുന്ന ദിവ്യാനുഭവം.

"വിഷണ്ണ മനസ്സിനു പകരം സ്തുതി എന്ന മേലാട" യെശ61:3. പിതാവാം ദൈവം ധരിക്കുവാൻ നൽകുന്നു.

പൊൻമണിമാലയവൻ എനിക്കുതരും ശുഭ്രവസ്ത്രം  
നാഥനെന്നെ ധരിപ്പിക്കുമന്ന്  
കണ്ണുനീരാകെ ഒഴിഞ്ഞിടുമേ  
ആയിരമാണ്ടുവസിക്കുമവനുടെ നാട്ടിൽ-പിന്നെ-  
എനിക്കായൊരുക്കിയ വീട്ടിൽ...

വിഷണ്ണമനസ്സുള്ളവർക്ക് അതിനോടുകൂടെ സ്തുതി എന്ന മേലാട ഒരിക്കലും ധരിക്കുവാൻ സാദ്ധ്യമല്ല. വിഷണ്ണതമാറണം. ദൈവത്തിന്റെ അംഗീകാരം എപ്പോഴും പരിശോധനകളിലൂടെയാണെന്ന കാര്യം വിസ്മരിച്ചുകൂടാ.

നമുക്ക് സംഭവിക്കുന്ന കാര്യങ്ങൾ യാദൃച്ഛികങ്ങളല്ല; അവ ദൈവത്തിന്റെ മുൻനിർണ്ണയവും പ്ലാനും അനുസരിച്ച് ആസൂത്രണം ചെയ്യപ്പെട്ടവയും തൂക്കിനോക്കി തിട്ടപ്പെടുത്തിയവയുമാണ്. തന്റെ മുന്നറിവും നിർണ്ണയവു

മനുസരിച്ച് നമ്മെ ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നയിക്കുക. അവ ഒരിക്കലും സഹിക്കാവുന്ന അളവിന്നപ്പുറമാകുന്നില്ല. ഭൂമിയിൽ ഏതൊരു സാഹചര്യത്തിലും തന്നെ സ്നേഹിക്കുകയും അനുസരിക്കുകയും സ്തുതിക്കുകയും ചെയ്യുന്ന ഒരു ചെറിയ കൂട്ടം ഇന്നും ശേഷിച്ചിരിക്കുന്നതായി ആകാശങ്ങളിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും കാണിച്ചുകൊടുക്കുക. ഈ ലക്ഷ്യങ്ങളോടു കൂടിയാണ് ഇന്ന് ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എഫെ 3:10;6:12.

നാം കടന്നുപോകുന്ന ഏതൊരു കഷ്ടതയും നമ്മുടെ വിശ്വാസത്തിന്റെ പരിശോധനയാണ് "എനിക്ക് സംഭവിക്കുന്ന എല്ലാ കാര്യങ്ങളും അവയുടെ എല്ലാ വിശദാംശങ്ങളോടും കൂടെ ദൈവം അറിയുന്നു" എന്ന് ആ പ്രാചീന കാലത്ത് ഇയ്യോബിനുപോലും പറയുവാൻ കഴിയുമായിരുന്നു. ഇയ്യോബ് 23:10 ലിവിംഗ് ബൈബിൾ. ഇന്ന് നമുക്ക് ഒരു പടി കൂടെ മുന്നോട്ട് കടന്ന് റോമർ 8:28ന്റെ അടിസ്ഥാനത്തിൽ "എന്റെ ജീവിതത്തിന്റെ എല്ലാ വിശദാംശങ്ങളും ദൈവം മുന്നൊരുക്കിയിട്ടുള്ളതാണ് എന്ന് പറയുവാൻ കഴിയും". ഇങ്ങനെ വിഷണ്ണത മാറുന്ന ഒരാൾക്ക് മാത്രമേ സ്തുതി എന്ന മേലാട ലഭ്യമാകൂ.

പരിശുദ്ധത്മാവിനാലും, കൃപകളാലും നിറഞ്ഞ് കറ, ചുളുക്കം മുതലായതൊന്നുമില്ലാതെ ശുദ്ധയും നിഷ്കളങ്കയുമായി നിൽക്കുന്ന (എഫെ 5:27) ക്രിസ്തുവിൻ സഭ. അവളുടെ സൗന്ദര്യം ബാഹ്യമായതല്ല. അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യനത്രെ 1പത്രൊ 3:4. അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളത്. ക്രിസ്തു നെയ്ത നീതീകരണത്തിൻ വസ്ത്രമാണത് യെശ 61:10. ഈ കല്യാണവസ്ത്രം ധരിച്ചു നിൽക്കുന്ന കാന്തയിൽ അവൻ പ്രമോദിക്കുന്നു. ജോൺ ഷെഫീൽഡ് പറയുന്നത് ശലോമോന്റെ ദൈവാലയത്തിന്റെ അകത്തും പുറത്തും പൊന്നു പൊതിഞ്ഞിരുന്നതു പോലെ (1രാജ 6:30) സഭ ആയിരിക്കണമെന്നാണ്.

ദൈവദൃഷ്ടിയിൽ യാതൊരു ഗുണഗണങ്ങളുമില്ലാതെ "പൊക്കിൾക്കൊടി കണ്ടിക്കാതെ" (യെഹെ 16:4) കുളിപ്പിക്കാതെ മരുഭൂമിയിൽ എറിഞ്ഞു കളയപ്പെട്ടവരായിരുന്ന നമ്മെ ദൈവഹിത പ്രകാരം സുവിശേഷത്താൽ മുറിച്ച് പരിശോധനകളാലും വചനത്താലും മഴുപ്പണി തീർത്ത് ഭംഗിയുള്ള പലകകളാക്കി തീർത്തിരിക്കുന്നു. ദൈവസന്നിധിയിൽ നമ്മുടെ അയോഗ്യത അശേഷം വെളിപ്പെടാതവണ്ണം സമാഗമന കൂടാരത്തിലെ പലക എന്ന പോലെ അവൻ തന്റെ മഹിമയുടെ പൊന്നുകൊണ്ട് നമ്മെ അലങ്കരിക്കുന്നു. രക്ഷയുടെ മേൽ മൂടുവിരി എന്നവണ്ണം നമ്മെ തന്റെ വിശുദ്ധ സ്ഥലമാക്കി നമ്മുടെ മേൽ തന്റെ വസ്ത്രം വിരിച്ചിരിക്കുന്നു യെഹ 16:8-10.

എഫെ 5:26,27 വീണ്ടും പരിശോധിക്കാം. "അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന് കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി, തനിക്കു തന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. ഇതൊരു സുപ്രധാന കാര്യമല്ലേ? ഇതെല്ലാം തന്റെ കാന്തയ്ക്കുവേണ്ടി അവളെ സുന്ദരിയും വസ്ത്രാഭരണഭൂഷിതയും ആക്കി ഒരുക്കിയെടുക്കുവാൻ കാന്തൻ ചെയ്യുന്നതാണ്. മറ്റാർക്കുമല്ലാതെ തനിക്കുമാത്രം സ്വന്തമായവൾ ശുഭ്രവസ്ത്രധാരിയായി മഹത്വപൂർണ്ണയായി കാണണം. ഇതാണ് കാന്തന്റെ ആഗ്രഹം. "അവൻ അവളെ..... ഏല്പിച്ചുകൊടുത്തു" അതാണ് ദൈവം ആഗ്രഹിക്കുന്നത്.

എഫെ 6:10ൽ പയുന്നു "ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ, പിശാചിന്റെ തന്ത്രങ്ങളോടെതിർത്തു നിൽക്കാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ". അനേകകാര്യങ്ങളുമായി ഒത്തിണങ്ങി ച്ചേരുവാൻ നിങ്ങൾക്കു കഴിയേണ്ടതാണ്. നിങ്ങൾ ക്ഷീണിതനായേക്കാം, എന്റെ കൃപയെല്ലാം എവിടെപ്പോയിയെന്ന് ശങ്കിച്ചക്കാം. നിങ്ങൾ ആശ്വസിപ്പിക്കാൻ കഴിയുന്നവനോ, മറ്റുള്ളവരെ പ്രകോപിപ്പിക്കുന്നവനോ ആയിരിക്കാവുന്നതാണ്. ഞാനും ഒരു പക്ഷെ അങ്ങനെ ആകാവുന്നതാണ്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. ഞാൻ പെട്ടെന്ന് പ്രകോപിതനായിത്തീർന്ന് സംസാരിച്ചു പോയിട്ടുണ്ട്. ഉടൻ തന്നെ എന്റെ കൃപയെവിടെപ്പോയി എന്ന് ചിന്തിച്ചിട്ടുണ്ട്. വേഗം തന്നെ ശക്തി

സംഭരിച്ചിട്ടുണ്ട്. നിങ്ങളും കുറെക്കൂടി ശക്തി സംഭരിക്കേണ്ടിയിരിക്കുന്നു. ക്രിക്കറ്റു കളിയിൽ പന്തെറിയുന്ന ആൾ തടുക്കാനാവാത്ത വിധം കറങ്ങി മൂളൽ ശബ്ദത്തോടെ എറിയുന്നതിന് "അവൻ അധികം ശക്തി സംഭരിച്ചു" എന്നൊരു പ്രയോഗം തന്നെയുണ്ട്. അതെ നിങ്ങളും അധികം ശക്തി സംഭരിക്കേണ്ടതുണ്ട്. ഒരു പ്രാർത്ഥനാജീവിതം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുക. ദൈവത്തിന്റെ ആത്മാവിനാൽ ചിലതെല്ലാം പണിതെങ്കിൽ മാത്രമെ ശക്തി സംഭരണം സാധ്യമാവൂ. ദൈവവചനം ഹൃദയത്തിൽ നിറയട്ടെ, പരിശുദ്ധാത്മാവിനാൽ ഹൃദയം പ്രകാശപൂരിതമാവട്ടെ. ഇടവിടാതെ പ്രാർത്ഥിക്കാനുള്ള കഴിവ് സംജാതമാകട്ടെ. ഒരു ദൈവ പൈതലിന്റെ ശ്വാസോച്ഛ്വാസം പ്രാർത്ഥനയായിരിക്കണം. പ്രാർത്ഥനയാകുന്ന ശ്വാസോച്ഛ്വാസം തുടരുന്ന ഒരു വ്യക്തിക്കു മാത്രമേ പരിശോധനകളിൽ, പരീക്ഷകളിൽ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. നാം ശക്തി പ്രാപിക്കുന്നതെന്തിനാണ്. നിഗളം വിട്ടുമാറാനാണ്. അതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊള്ളണം. അങ്ങനെയെങ്കിൽ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലതും സമാപിച്ചിട്ട് ഉറച്ചു നിൽക്കാനും കഴിയേണ്ടതിന് സാധിക്കും എഫെ 6:12. ദുർദ്ദിവസത്തിലാണ് എതിർത്തു നിൽക്കുന്നത്. ഈ ലോകത്തിന്റെ അന്ധകാര അധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനകളോടുമാണ് എതിർക്കേണ്ടത്. അതുകൊണ്ടു അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തും കൊണ്ടു നില്പിൻ. ഈ സൂചനകളെല്ലാം നാം ഓരോരുത്തരും സമാധാന സുവിശേഷത്തിന്റെ വക്താക്കളായിത്തീരുവാൻ വേണ്ടിയാണ്.

ഇപ്രകാരമായിത്തീരുവാൻ അവശ്യം ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ ദീർഘക്ഷമയിൽ വിശ്വസിക്കുക എന്നതാണ്. വിശുദ്ധന്മാരുടെ ദീർഘക്ഷമയെയും സഹിഷ്ണുതയെയും കുറിച്ചുള്ള ഉപദേശത്തിൽ നാം വിശ്വസിക്കുന്നില്ലായിരിക്കാം. എന്നാൽ ദൈവത്തിന്റെ ദീർഘക്ഷമയിൽ വിശ്വസിക്കാതിരിപ്പാൻ നമുക്ക് സാദ്ധ്യമല്ല. J. ഓസ്വാൾഡ് ചേംബേഴ്സ് അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് "തന്റെ വ്രതന്മാരുടെ നേരെ ദൈവത്തിനുള്ള ഒരിക്കലും മടുത്തുപോകാത്ത സഹിഷ്ണുതയാണ്" നമ്മുടെ ആശ്രയസ്ഥാനം.

അലങ്കാരമാല അണിയണമെങ്കിൽ ചിലതൊക്കെ നമ്മിൽ നടന്നിരിക്കണം. നാം ക്രൂശിക്കപ്പെടുന്നതെപ്പോഴോ അപ്പോൾ, അപ്പോൾ മാത്രമേ, ക്രിസ്തുവിന് തന്റെ എല്ലാ സമ്പൂർണ്ണതയോടും കൂടെ നമ്മിൽ ജീവിക്കുവാൻ കഴിയൂ. യേശു ക്രിസ്തു സ്നാനമേറ്റപ്പോൾ - പ്രതീകാത്മകമായി തനിക്കു തന്നെ മരിച്ചവനായിത്തീർന്നപ്പോൾ - മാത്രമാണ് പരിശുദ്ധാത്മാവ് അവിടുത്തെ മേൽ വന്നത് മത്താ3:16. യാക്കോബ് തകർക്കപ്പെട്ടപ്പോഴാണ് അദ്ദേഹം അനുഗ്രഹം പ്രാപിച്ചത്. പാറ അതിന്മേൽ അടിയേൽക്കുമ്പോഴാണ് ജീവജലം പുറപ്പെടുവിക്കുന്നത്. സുഗന്ധദ്രവ്യത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറയണമെങ്കിൽ അതിന്റെ ഭരണി പൊട്ടിക്കപ്പെടണം. യിസ്രായേൽ മക്കൾ (ആത്മനിറവിന്റെ പ്രതീകമായ) കനാനിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് (മരണത്തിന്റെയും ശവസംസ്കാരത്തിന്റെയും പ്രതീകമായ) യോർദ്ദാൻ നദിയിലൂടെ കടന്നുപോകേണ്ടത് ആവശ്യമായിരുന്നു. തിരുവചനത്തിലുടനീളം ഈ സത്യം നാം കാണുന്നു. ആരിൽ അഹങ്കാരം ഇപ്പോഴും തകർക്കപ്പെടാതെയിരിക്കുന്നുവോ അവർക്ക് തന്റെ പരിശുദ്ധാത്മശക്തി അവിടുന്ന് നൽകുന്നില്ല. ഒരു വ്യക്തി തകർച്ച നഷ്ടപ്പെട്ടവനായിത്തീരുമ്പോൾ അയാളിൽ നിന്ന് അവിടുന്ന് തന്റെ ശക്തി എടുത്തു കളകയും ചെയ്യുന്നു. ഒരു മനുഷ്യൻ തന്നിൽതന്നെ ഏറ്റവും ബലഹീനനായിരിക്കുമ്പോഴാണ് ദൈവത്തോടുകൂടി അവൻ ഏറ്റവും ശക്തനായിരിക്കുന്നത്.

ദൈവം എന്തരുളിച്ചെയ്താലും അത് നിറവേറ്റുക തന്നെ ചെയ്യും. "അലങ്കാരമാല അണിയിക്കും" എന്നാൽ അണിയിക്കുന്നതിന് മുമ്പ് ദൈവം ചില കാര്യങ്ങൾ നമ്മോടാവശ്യപ്പെടുന്നു. വിശുദ്ധി, വിശ്വസ്തത, സ്നേഹം. സ്നേഹത്തിന് ഭാഷ്യമെഴുതിയാൽ സ്നേഹം പ്രാവർത്തികമാവില്ല. 1കൊരി13:4-8 വരെ 16 കാര്യങ്ങൾ 9 ഘടകങ്ങളായി തിരിച്ച് സ്നേഹത്തിന്റെ ഗുണഗണങ്ങൾ പഠിച്ച്

ഒന്നും വിടാതെ ജീവിക്കുമ്പോഴും, വിശ്വസ്തത അതോടുകൂടെ ചേർന്നുവരുമ്പോഴും – എന്താണ് വിശ്വസ്തത? – യഹോവേ നിന്റെ കണ്ണ് വിശ്വസ്തതയല്ലയോ നോക്കുന്നത്? യിരെ5:3. ദൈവം വിശ്വസ്തനാണ് 1കൊരി 1:9, വിശ്വസ്ത ദൈവമായ യഹോവേ സങ്കീ 31:5. ദൈവം വിശ്വസ്തനായിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് വിശ്വസ്തതയാവശ്യപ്പെടുന്നു. സഭകളിൽ ഇന്ന് മൂന്നു കൂട്ടരാണുള്ളത്. പ്രാകൃതർ, ജഡികൻ, ആത്മീകൻ. ഇന്നത്തെ ഏറ്റവും വലിയ ദുഃഖം സഭയിൽ ആത്മീയന്മാർ തുലോം കുറഞ്ഞുപോയി ഒരാളെങ്കിലുമുണ്ടോ? ആ വ്യക്തി നിങ്ങളായിരിക്കുമോ? ഒന്നിനെയും കുറച്ചു കാണുവാൻ സാദ്ധ്യമല്ല – വിശുദ്ധി – ദൈവം വിശുദ്ധനാണ് "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" 1പത്രൊ 1:15,16; ലേവി 11:45 ധാരാളം പഠിക്കേണ്ട വിഷയമാകയാൽ സ്വയം പരിശോധനക്കു വിധേയപ്പെടണം. പൗലോസിനെപ്പോലെ നമുക്കും പറയുവാൻ ഇടയാകട്ടെ "എനിക്ക് ശക്തി നൽകിയ ക്രിസ്തുയേശു..............." 1തിമൊ 1:12. ദൈവം നമ്മിൽ ആരംഭിച്ച വേല അവൻ പൂർത്തിയാക്കും. സൃഷ്ടിയിൽ പിതാവായ ദൈവത്തിന്റെ പ്രവർത്തനം എത്ര പരിപൂർണ്ണമോ, അത്രത്തോളം തന്നെ പരിപൂർണ്ണമായിരിക്കും വിശുദ്ധീകരണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. നാം ഫലപൂർണ്ണരാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എങ്കിലും അവിടുന്ന് നമ്മെ നിർബന്ധിക്കുകയില്ല. നാം ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് രൂപാന്തരം പ്രാപിച്ചവരാകുവാൻ അവിടുന്നാഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ ഇച്ഛാസ്വാതന്ത്ര്യത്തെ മറികടന്ന് അവിടുന്ന് ഒരിക്കലും പ്രവർത്തിക്കുകയില്ല. "ഒരൊറ്റ ജീവിതം മാത്രം; അത് വേഗം കഴിഞ്ഞുപോകും ക്രിസ്തുവിനു വേണ്ടി ചെയ്തതു മാത്രം നിലനിൽക്കും" എന്ന ചൊല്ല് കേട്ടിട്ടുണ്ടല്ലോ. "എന്നാൽ ക്രിസ്തു എന്നിലൂടെ ചെയ്തതു മാത്രമേ നിലനിൽക്കൂ ഗലാ 2:20; കൊലൊ 1:29.

അലങ്കാരമാലയണിഞ്ഞ് നക്ഷത്രങ്ങളെപ്പോലെ നിങ്ങൾ പ്രകാശിക്കുവാൻ പോകയാണ്. 200 വർഷംമുമ്പ് മൊറേവിയൻ സഹോദരന്മാർ ലോകം എക്കാലവും കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ ഒരു മിഷനറി പ്രസ്ഥാനത്തിന് രൂപം നൽകി. അവരിൽപ്പെട്ട രണ്ടുപേർ വെസ്റ്റ് ഇൻഡീസിലുള്ള അടിമകളുടേതായ ഒരു കോളനിയെപ്പറ്റി കേട്ടു. അവിടെയുള്ള അടിമകളോട് സുവിശേഷം പ്രസംഗിക്കുവാൻ ആ ദ്വീപിൽ ചെന്നെത്തുന്നതിനു വേണ്ടി അവർ തങ്ങളുടെ ശിഷ്ടായുസ്സ് മുഴുവൻ അടിമകളായിത്തീരുമാറ് തങ്ങളെത്തന്നെ വിറ്റുകളഞ്ഞു. മറ്റു രണ്ടുപേർ ആഫ്രിക്കയിലുള്ള കുഷ്ഠരോഗികളുടെ ഒരു കോളനിയെപ്പറ്റി കേട്ടു. രോഗം പകരുമെന്ന ഭയം നിമിത്തം, പ്രവേശിക്കുന്ന ആരെയും മടങ്ങി വരുവാൻ അനുവദിച്ചിരുന്നില്ല. അവിടെയുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുപ്പാനായി തങ്ങളുടെ ശിഷ്ടായുസ്സു മുഴുവൻ ആ കുഷ്ഠരോഗക്കോളനിയിൽത്തന്നെ താമസിക്കുവാൻ അവർ തീരുമാനിച്ചു. തങ്ങൾക്കു ചെലവുള്ള കാര്യം അർപ്പിച്ച് ദൈവത്തെ ആരാധിക്കുന്നതെങ്ങനെയെന്ന് ഈ മൊറേവിയൻ സഹോദരന്മാർക്കറിയാമായിരുന്നു.

ഇതുപോലെയുള്ള ആളുകളോട് താരതമ്യപ്പെടുത്തിയാൽ നമ്മുടെ ജീവിതവും, പ്രവർത്തനവും എത്ര ആഴം കുറഞ്ഞത്, ധനം, സൗഖ്യം, കീർത്തി, മാനം, ആരോഗ്യം എന്നിവയെല്ലാം നഷ്ടമാകുമാറ് ദൈവത്തെ സേവിക്കുന്നതിൽ എന്തു വിലയാണ് നാം നൽകേണ്ടിവന്നിട്ടുള്ളത്? ദൈവം മസ്തിഷ്കങ്ങളെയല്ല, ഹൃദയഭാഗങ്ങളെയാണ് നോക്കുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവം നമുക്ക് നൽകുന്ന പ്രതിസന്ധി ഘട്ടങ്ങൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. എന്നാൽ ഓരോ പ്രതിസന്ധിയും വരുമ്പോൾ നമുക്ക് ലഭിക്കാൻ പോകുന്ന അലങ്കാരമാലയെയും, സ്തുതി എന്ന മേലാടയെയും കുറിച്ചോർത്ത് പ്രത്യാശയുടെ വാഗ്ദത്തങ്ങളെ മുറുകെപിടിച്ച് യേശുക്രിസ്തുവിലൂടെ പിതാവാം ദൈവത്തിന് മഹത്വം അർപ്പിച്ചുകൊണ്ട് ക്രിസ്തീയ ജീവിതയാത്ര തുടരാം. ചുവടുകൾ പതറാതെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

*

നിന്റെ വായ് നിന്റെ ദേഹത്തിന് പാപകാരണമാകരുത്

സഭാ പ്രസംഗി 5:6

# പുതിയ നിയമസഭയും സ്ത്രീകളുടെ ശുശ്രൂഷയും

മോശെ വീണ്ടെടുപ്പിൻ സങ്കീർത്തനം പാടി മിസ്രയീമിൽനിന്നു വീണ്ടെടുത്ത യഹോവയുടെ വീര്യപ്രവൃത്തികളെ ഓർത്ത്, "അവൻ മഹോന്നതൻ" എന്ന് ആർത്തു പാടി, കുതിരയെയും അതിന്മേൽ ഇരുന്നവനെയും കടലിൽ തള്ളിയിരിക്കുന്നു. അവൻ എന്റെ ബലവും ഗീതവും രക്ഷയായും തീർന്നിരിക്കുന്നുവെന്നു പാടി ദൈവത്തെ സ്തുതിച്ചു (പുറ.15:1,2) മോശെയുടെ സഹോദരി മിര്യാമും പാടി; എന്നാൽ അവൾ സ്വന്തമായി ഒന്നും പാടിയില്ല; മോശെ പാടിയ വരികളെയാണു പ്രതിഗാനമായി പാടിയത് (പുറ.15:21). അവളുടെ പിന്നാലെ യിസ്രായേലിലെ സ്ത്രീകളും അണിനിരന്നു. അവർക്കു മിര്യാം നേതൃത്വം നൽകി (പുറ.15:20). മിര്യാമും സ്ത്രീകളും തപ്പുകളോടും നൃത്തങ്ങളോടും മോശെ ആലപിച്ച പാട്ടിനെയാണ് ഏറ്റുപാടിയത്. മിര്യാം മൂത്ത സഹോദരിയാണെങ്കിലും മോശെയും അഹരോനും കഴിഞ്ഞാണ് അവളുടെ സ്ഥാനം രേഖപ്പെടുത്തിയിരിക്കുന്നത് (മീഖാ 6:4).

ദൈവം മോശെയെ തിരഞ്ഞെടുത്ത് അവനോടു സംസാരിച്ചു. ദൈവം അവനു കല്പനകളും കൊടുത്തു. മോശെ ദൈവജനത്തെ നടത്തണമെന്നതു ദൈവിക ക്രമീകരണമായിരുന്നു (പുറ. 3:10). എന്നാൽ മിര്യാം മിസ്രയീമിലാണെങ്കിലും ജനത്തെ ഫറവോന്റെ കയ്യിൽനിന്നു വിടുവിക്കുന്നതിനും നടത്തുന്നതിനും ദൈവം അവളെ തിരഞ്ഞെടുത്തില്ല. മോശെക്കു പിന്നാലെ സ്ത്രീകൾക്കു നേതൃത്വം കൊടുത്ത്, പ്രതിഗാനം ചൊല്ലി നടന്നവൾ നന്നേ അഹങ്കരിച്ചു; "യഹോവ മോശെ മുഖാന്തരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്നു പറഞ്ഞു" (സംഖ്യാ. 12:2). മിര്യാമിന്റെ സ്ഥാനം പുരുഷനേതൃത്വത്തിന്റെ പിന്നാലെയാണ് എന്നുള്ളത് അവൾ അറിഞ്ഞില്ല. മിര്യാം ചോദ്യം ചെയ്തതു മോശെക്കു വിരോധമാണെങ്കിലും യഥാർത്ഥത്തിൽ അവൾ ദൈവത്തിന്റെ ക്രമീകരണത്തോടാണു മത്സരിച്ചത് (സംഖ്യാ. 12:8,9). അതിന്റെ തിക്തഫലം അവൾ വെളുത്തു കുഷ്ഠരോഗിണിയായി; അതെ മിര്യാം ചാപിള്ളയെപ്പോലെയായി (സംഖ്യാ. 12:12). ദൈവത്തിന്റെ ക്രമീകരണത്തെ എതിർത്തു സംസാരിക്കുന്നത് "ഭോഷത്വ"മാണ്. പ്രാർത്ഥനയുടെ ഫലമായി മിര്യാം സൗഖ്യം പ്രാപിച്ചുവെങ്കിലും താമസംവിനാ സീൻ മരുഭൂമിയിൽ കാദേശിൽ വച്ചു മരിച്ചു. അവളുടെ ആയുസ്സു ചുരുങ്ങുവാനിടയായി (സംഖ്യാ 12:13; 20:1, ആവ. 24:9) പുരുഷമേധാവിത്വമെന്നു പറഞ്ഞു ദൈവിക ക്രമീകരണത്തെ ചോദ്യം ചെയ്യുന്നതും, അതിനെ മാറ്റുവാൻ ശ്രമിക്കുന്നതും ദൈവസന്നിധിയിൽ "വലിയ പാപമാണ്" കുഷ്ഠരോഗത്താൽ ശിക്ഷിക്കപ്പെടേണ്ട ശിക്ഷതന്നെയാണത്. ഇതു പുരുഷമേധാവിത്വമാണോ, അതോ ദൈവിക ക്രമീകരണമാണോയെന്നു നാം തിരിച്ചറിഞ്ഞവരായിരിക്കണം. അതെ, തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊള്ളണം (റോമ. 12:9).

സ്ത്രീ ബലഹീന പാത്രമാണ്, അവൾ ശാരീരികമായും ആത്മീയമായും ബലഹീന പാത്രം തന്നെയാണ്, സ്ത്രീയുടെ സൃഷ്ടിഘടന തന്നെ ആ വിധത്തിലാണ്; പുരുഷനു "തുണ"യായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്(ഉല്പ. 2:18); പുരുഷന്റെ സഹായത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവളാണു സ്ത്രീ എന്നതാണ് അടിസ്ഥാന സത്യം. ഇവിടെ "തുണ" എന്ന പദത്തിന് ഇംഗ്ലീഷിൽ ഹെല്പ് (help) എന്നും എബ്രായയിൽ ഏശർ (ezer) എന്ന പദവുമാണുള്ളത്. ഏശർ എന്ന പദത്തിനു "സഹായി" (help, assist) എന്നർത്ഥമാണു

ള്ളത് സാത്താൻ സ്ത്രീയെ എളുപ്പത്തിൽ കൈയിലെടുക്കാവുന്ന ബലഹീന പാത്രമായതുകൊണ്ട്, പുരുഷൻ അവളെ താങ്ങണമെന്നും സ്നേഹിക്കണമെന്നും, വിവേകത്തോടെ ഭാര്യമാരോടു വസിക്കണമെന്നും പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു (എഫേ. 5:25; കൊലോ. 3:19; 1 പത്രോ. 3:7), മിര്യാമും യിസ്രായേൽ സ്ത്രീകളും മോശെക്കു പിന്നാലെ പാടി അനുഗമിച്ചുതുകൊണ്ടു ദൈവനാമം മഹത്വപ്പെട്ടു. ആകയാൽ സഭയിലായാലും പുറമെയുള്ള ശുശ്രൂഷകളിലായാലും സ്ത്രീ പുരുഷനു കീഴടങ്ങിയിരിക്കണമെന്നത് അടിസ്ഥാന ഘടകമാണ്.

പുതിയ നിയമത്തിൽ "മൂടുപടം നീങ്ങിയ ശുശ്രൂഷ"യാണു പിതാവാം ദൈവം യേശു ക്രിസ്തു മുഖാന്തരം നൽകിയിരിക്കുന്നത് (2കൊരി 3:14). അത് ആത്മാവിന്റെ ശുശ്രൂഷയാകയാൽ, ജീവൻ സമൃദ്ധിയായി നൽകുന്ന ഒന്നത്രേ! (2 കൊരി 3:6). പഴയ നിയമത്തിൽ മോശെ ദൈവ പുരുഷനാണെങ്കിലും മുഖത്തു മൂടുപടം ഇട്ടിരുന്നു. മുഖത്തു മൂടുപടം ഇട്ടതിനു ശേഷമേ, ദൈവത്തിന്റെ അരുളപ്പാടു ജനത്തോട് അരുളി ചെയ്തിരുന്നുള്ളൂ (പുറ. 34:33-35). പുതിയ നിയമത്തിൽ പുരുഷനും സ്ത്രീയും ക്രിസ്തുവിൽ രാജകീയപുരോഹിതന്മാരാണ്. എന്നാൽ സ്ത്രീക്ക് ഇന്നും മൂടുപടം ഉണ്ട്. സ്ത്രീ പുരുഷനുവേണ്ടി സൃഷ്ടി ക്കപ്പെട്ടതുകൊണ്ടും, ദൂതന്മാർ (angels) നിമിത്തവും അധീനതാലക്ഷ്യം (to have a symbol of authority on her head) ഉണ്ടായിരിക്കണം (1 കൊരി. 11:10). ദൈവത്തിന്റെ ദൂത് സഭയിൽ പ്രസ്താവിക്കുന്നവരെയാണ് "ദൂതന്മാർ നിമിത്തം" (because of the angels) എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ ദൂത് അറിയിക്കുന്ന സഹോദരന്മാരെ "സഭകളുടെ ദൂതന്മാർ" എന്നു നാമകരണം ചെയ്തിരിക്കുന്നത് ശ്രദ്ധിച്ചു പഠിക്കേണ്ടതാണ്. (2 കൊരി 8:23). സഭയിലെ ദൂതന്മാർ (angels) എന്ന് ഇവിടെ പറയുന്നത്, ദൈവത്തിന്റെ ദൂത് അറിയിക്കുന്ന കർത്തൃദാസന്മാരെയാണ്. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതില്ല (1കൊരി 11:7). ദൈവസന്നിധിയിൽ സ്ത്രീയും പുരുഷനും തുല്യസ്ഥാനത്താണെങ്കിലും, സ്ത്രീ മൂടുപടം ഇട്ടതിനുശേഷമേ പ്രാർത്ഥിക്കാവൂ എന്ന വ്യവസ്ഥ പറഞ്ഞതിനു ശേഷം മാത്രമാണ് പ്രാർത്ഥിക്കുവാൻ അനുവദിച്ചിരിക്കുന്നത് (ഗലാ 3:28;1 കൊരി. 11:13). ആകയാൽ സ്ത്രീയുടെ മൂടുപടം ഇട്ട ഏത് ഉപദേശരൂപത്തിലായാലും ശാസനയും തർജ്ജനയുടെയും രൂപത്തിലായ ഒരു ശുശ്രൂഷയും, പുതിയനിയമസഭയിൽ ദൈവം അനുവദിച്ചിട്ടില്ല. എന്നാൽ വ്യക്തവും ശക്തവുമായ തേജസ്സേറിയ ശുശ്രൂഷകളാണ് ദൈവദാസന്മാരിൽക്കൂടി പുതിയനിയമ സഭയ്ക്കു കർത്താവ് നൽകിയിരിക്കുന്നത് (എഫേ 4:11).

"അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും" എന്ന ദൈവീക കല്പനയെ ഹവ്വ അവിശ്വസിച്ചു (ഉല്പ. 2:17) "നിങ്ങൾ മരിക്കയില്ല നിശ്ചയം; അതു തിന്നുന്ന നാളിൽ... ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു" എന്നു പറഞ്ഞ സാത്താന്റെ വാക്കിൽ വിശ്വസിച്ചു (ഉല്പ. 3:4,5). അവൾ സാത്താനെ എതിർത്തില്ല; അവനെ അനുസരിച്ചു. വഞ്ചിക്കപ്പെട്ടു; ലംഘനത്തിൽ അകപ്പെടുകയും ചെയ്തു (1തിമൊ. 2:14) സ്ത്രീയുടെ "ആദ്യ ഉപദേശം" കേട്ടനുസരിച്ച ആദാമും ലംഘനക്കാരനായിത്തീർന്നു (ഉല്പ. 3:6). ഈ വാക്യത്തിൽ "ഭർത്താവിനും കൊടുത്തു" എന്നു മലയാളത്തിൽ കാണുന്ന ഭാഗം ഇംഗ്ലീഷിൽ and gave also unto her husband with her എന്നു കാണുന്നു. "കൊടുത്തു" (gave) എന്ന പദത്തിന് എബ്രായയിൽ നാഥാൻ (nathan) എന്ന പദമാണുള്ളത്. ഈ പദം ഭാവികാല ക്രിയയിലാണുള്ളത് (a verb in future tense) അതു മാത്രമല്ല നാഥാൻ (കൊടുത്തു) എന്ന പദം accusative case ലാണുള്ളത്. അതായതു ഹവ്വ വൃക്ഷഫലത്തെ മനസ്സുകൊണ്ടും, വാചകം കൊണ്ടും, കർമ്മംകൊണ്ടും ആദാമിനു കൊടുത്തു. അക്യൂസറ്റീവിൽ ഹവ്വ ആദാമിന്റെ അടുത്തേക്കുള്ള നീക്കം (to) സൂചിപ്പിക്കുന്നു; ആദാമിന്റെ ഉള്ളിലേക്കുള്ള നീക്കവും സൂചിപ്പിക്കുന്നു (into) ദൈവകല്പനയെ മറി

കടന്നു കൊണ്ടു (തിന്നുന്ന നാളിൽ മരിക്കും) സാത്താന്റെ സന്ദേശത്തിൽ വിശ്വസിച്ച്, വൃക്ഷഫലത്തിന്റെ ഭാവിപരിണിതഫലം മനസ്സിലാക്കി മനഃപൂർവ്വം ആദാമിനു തിന്മാൻ കൊടുത്തു. "നാഥാൻ" എന്ന എബ്രായ ക്രിയാപദത്തിനു "ശബ്ദത്തിൽ സംസാരിച്ചു" (to speak aloud) എന്നുംകൂടെ അർത്ഥമുണ്ട് (Analytical Hebrew Lexicon, Page 568), മുകളിൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹവ്വ വിലക്കപ്പെട്ട വൃക്ഷഫലത്തിന്റെ സൽഗുണങ്ങളെയും മറ്റും വിവരിച്ചു ഉപദേശിച്ചു ആദാമിനു കൊടുത്തു എന്നുംകൂടെ അർത്ഥം ഉണ്ട് (Accusative case - Direct object) ഇവിടെ Direct Object ആയി ഉള്ളത് "വൃക്ഷഫല"മാണ്. ആകയാൽ, ഹവ്വ വൃക്ഷഫലത്തെക്കുറിച്ചു നന്നായി പറഞ്ഞു ഉപദേശിച്ചു കൊടുത്തു എന്നു വ്യക്തമായി അർത്ഥം എടുക്കാം. "നാഥാൻ" എന്ന എബ്രായ പദം ഉപദേശം കൊടുക്കുന്നതിനോടുള്ള ബന്ധത്തിൽ സദൃ.4:2ലും യിരെ 4:16 ലും ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കേണ്ടതാണ്. വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചതിന്റെ ശേഷം ഹവ്വയുടെ വാക്കുകൾ വിശ്വപ്രസിദ്ധ കവിയായ ജോൺ മിൽട്ടൻ വിവരിക്കുന്നതു ശ്രദ്ധിക്കുക: "നമ്മെ അറിയിച്ചതുപോലെ ഈ വൃക്ഷം അപകടകരമായ ഒന്നല്ല; പക്ഷേ ദൈവിക ശക്തി കണ്ണുകളെ തുറപ്പിക്കുവാൻ മതിയായതാണ്. ഫലം ഭക്ഷിച്ചതിന്റെ ഫലമായി മരിച്ചിട്ടുമില്ല. ആദാമേ നീയും വിധിയുടെ അന്ത്യത്തിലേക്കായി തിന്നുക; തുല്യസന്തോഷത്തിലേക്കും സ്നേഹത്തിലേക്കും നമുക്ക് ഒരുമിക്കാം. ഇങ്ങനെ ഹവ്വ തന്റെ സന്തോഷവും പിന്തുണയും പ്രഖ്യാപിച്ചു." This Tree is not as we are told, a Tree of danger tasted,...... but of Divine effect To open Eyes,..... and is become, Not dead, as we are threaten'd............ Thou therefore also taste, that equal Lost May join us, equal Joy, as equal Love.............. Thus Eve with count'nance blithe her story told; - John Milton's Paradise Lost; book 9; Lines 860 - 870, 880, 881, 885.

ആദാമിനു മാത്രമല്ല, സ്ത്രീയുടെ ആദ്യ ഉപദേശവും നടപടിയും മാനവരാശിക്കു പാപമായി പരിണമിച്ചു. ആകയാൽ സ്ത്രീ മൗനമായിരിക്കണമെന്നു ദൈവാത്മാവ് കല്പിക്കുന്നു. പുരുഷന്റെമേൽ അധികാരം നടത്തുന്നതിനോ പുരുഷനെ ഉപദേശിപ്പാനോ ദൈവം സ്ത്രീയെ അനുവദിക്കുന്നില്ല. (1തിമൊ. 2:11, 12). സ്ത്രീയെ സഭയിൽ ഉപദേശിക്കുന്നതിൽ നിന്നു കാര്യകാരണസഹിതം വിലക്കിയിരിക്കുകയാണ്. ഈ ഭാഗത്ത് "ഉപദേശിപ്പാനോ" എന്ന വാക്കിന് ആംഗലേയഭാഷയിൽ ടീച്ച് (teach) എന്നും ഗ്രീക്കിൽ ഡൈ ഡാസ്ക്കോ (didasko) എന്ന പദവുമാണുള്ളത്. ഈ പദം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് പള്ളി കളിൽ ചെന്ന് "ഉപദേശിച്ചതിനും" പൗലോസ് അപ്പോസ്തലൻ സഭകളിൽ "ഉപദേശിച്ചതിനും" ഉപയോഗിച്ചിട്ടുണ്ട് (മത്താ. 4:23; 9:35; 1 കൊരി. 4:17). ഈ പദത്തിനു ദൈവവചനത്തിൽനിന്നു നിർദ്ദേശങ്ങളും വിവരങ്ങളും കൊടുക്കുക എന്നാണർത്ഥം (to give instruction - W.E. Vine) അതായതു സഭയിൽ സ്ത്രീകൾക്കു "ദൈവവചനശുശ്രൂഷ" അനുചിതം. അതു മാത്രമല്ല, സ്ത്രീ "മൗനമായിരിക്കണം" എന്നു പൗലോസ് പറഞ്ഞതിന്റെ പൊരുൾ, സഭയിൽ സ്ത്രീക്കു മറ്റുള്ളവരെ ഒരു ശുശ്രൂഷയിലും നയിക്കുവാൻ (lead) അവകാശമില്ലെന്നും, ശാന്തമായിരിക്കണം (quietness) എന്നുമാണ് നിർദ്ദേശം. ഇത് അപ്പോസ്തലിക കല്പനയും കൂടെയാണ്. 1 തിമൊ. 2:8 ൽ വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം എന്നു ഞാൻ "ആഗ്രഹിക്കുന്നു" എന്ന പദത്തിനു "കല്പന" എന്നും "കോടതി ഡിക്രി" എന്നും അർത്ഥങ്ങളുണ്ട്. ഈ അർത്ഥത്തിലാണ് സ്ത്രീയെ ഉപദേശിപ്പാൻ ഞാൻ അനുവദിക്കില്ല എന്നു പറഞ്ഞിരിക്കുന്നത് (1 തിമൊ. 2:12) സഭയിലുള്ള ശുശ്രൂഷകളിൽ സ്ത്രീനേതൃത്വമല്ല; കർത്തൃനേതൃത്വം പുരുഷന്മാരിൽക്കൂടിയാണ് (1 തിമൊ. 3:2-8). ഇതാണ് ദൈവിക ക്രമം. മിര്യാം ചെയ്തതുപോലെ സഹോദരന്മാരോടു ചേർന്ന്, ആത്മീയ ഗീതങ്ങൾ ആലപിക്കുവാനും, ആമേൻ പറയുവാനും അനുവാദമുണ്ട്. മൂടുപടം ഇല്ലാത്ത ശുശ്രൂഷ പുരുഷന്മാരിൽ മാത്രം നിക്ഷിപ്തം.

കൊരിന്തു സഭയിൽ ശുശ്രൂഷകൾ ഉചി

തമല്ലാതെയും ക്രമമല്ലാതെയും നടക്കുവാനിടയായി. അതുകൊണ്ട് അപ്പോസ്തലൻ അന്യഭാഷാ ശുശ്രൂഷയെയും, പ്രവാചക ശുശ്രൂഷയെയും, സ്ത്രീകളുടെ ബഹുവിധ സംഭാഷണത്തെയും നിയന്ത്രിക്കുന്നതായി കാണുന്നു (1 കൊരി. 14:27, 28, 30, 34, 35). സ്ത്രീകളുടെ സാക്ഷ്യവും പ്രബോധനവും ഈ അദ്ധ്യായത്തിൽ പരാമർശമേയില്ല. സഭയ്ക്കുള്ള ഉപദേശ ലേഖനത്തിൽ (past oral episite) സഭകളിൽ സ്ത്രീകളുടെ നേതൃത്വം അനുവദനീയമല്ലെന്നും, അവരുടെ തല (പുരുഷൻ) അവിടെ തന്നെയുണ്ടെന്നും വിശദമാക്കിയ പൗലോസ്, കൊരിന്തിൽ സ്ത്രീകളുടെ കലപില ശബ്ദത്തെ (chattering) നിരോധിക്കുകയാണ് ചെയ്തിട്ടുള്ളത്. പല സ്ത്രീകളും ഒരേ സമയത്തു പല ചോദ്യങ്ങൾ ചോദിക്കുന്നതും, അതിന്റെ ഫലമായി സഭയിൽ ഏകാഗ്രത നഷ്ടപ്പെടുവാനുള്ള അവസരങ്ങളുമുണ്ടായി. അതുകൊണ്ടു സ്ത്രീകൾ വീട്ടിൽ വെച്ചു ഭർത്താക്കന്മാരോട് ഉപദേശപരമായും വചനപരമായുമുള്ള സംശയങ്ങൾ ചോദിച്ചു പഠിക്കട്ടെയെന്നു ബുദ്ധിയുപദേശിച്ചിരിക്കുകയാണ്. സ്ത്രീകൾ സഭയിൽ ശാന്തമായിരിക്കട്ടെ എന്നതു സർവ്വസഭകളിലുമുള്ള പൊതുവായ അപ്പോസ്തലിക കല്പനയാണ് (1 കൊരി. 14:34; 1 തിമൊ. 2:12). അപ്പോസ്തലൻ മൂന്നു രീതിയിലുള്ള ക്രമരഹിത നടപടികളെ നിയന്ത്രിച്ചതിനുശേഷം, ഒടുവിൽ പറയുന്നതു ശ്രദ്ധിക്കേണ്ടതാണ്, "സകലവും ഉചിതവും ക്രമമായും നടക്കട്ടെ" (1 കൊരി. 14:40).

കർത്താവിൽ പ്രിയ സഹോദരിമാർക്കു പ്രായോഗിക തലത്തിൽ പരിശുദ്ധാത്മാവ് ചില പോംവഴികളും പറഞ്ഞിട്ടുണ്ട് (1 തിമൊ. 2:15), 1 തിമൊ. 2-ാം അദ്ധ്യായത്തിന്റെ ഒടുവിൽ ആത്മരക്ഷ പ്രാപിച്ച സ്ത്രീകൾക്കു ചില പ്രബോധനവും കാണുന്നുണ്ട്. 15-ാം വാക്യത്തിൽ മലയാളത്തിലുള്ള 'എന്നാൽ' എന്ന പദം ശരിയായ തർജ്ജമയല്ല ഇംഗ്ലീഷിൽ അതിന് Notwithstanding എന്നാണ് കാണുന്നത്. ഈ പദത്തിന് ഗ്രീക്കിൽ ഡേ (deh) എന്ന പദമാണുള്ളത്. ഇതിന്റെ അർത്ഥം ഇതുവരെ വഞ്ചിക്കപ്പെട്ട സ്ത്രീയെപ്പറ്റി പറഞ്ഞുവന്നതിന്റെ തുടർച്ചയെന്നാണ്. അവൾ വിശ്വാസത്തിലും ദൈവസ്നേഹത്തിലും (agape) വേർപാടു ജീവിതവുമായി, ആരോഗ്യമായ മനസ്സിൽ (soundness of mind; self control in passion) സ്ഥിരതയോടെ പാർക്കുന്നുവെങ്കിൽ മക്കളെ പ്രസവിച്ചു, അവരെ വിശ്വാസത്തിൽ വളർത്തുകയും കുടുംബത്തെ കരുതുകയും ചെയ്യുന്ന (തീത്തോ.2:5) ഓരോ സ്ത്രീയും "ദേഹീരക്ഷ" പ്രാപിക്കുകയും ചെയ്യും. "മക്കളെ പ്രസവിച്ചു" എന്ന പദപ്രയോഗത്തിനു ഗ്രീക്കിൽ ടെക്നോഗോന്യാസ് (tekno gonias) എന്ന പദമാണുള്ളത്. ഈ പദം genetive case ലും ഏകവചനത്തിലുമാണുള്ളത്. ഇതിനു മക്കളെ പ്രസവിക്ക എന്നും മക്കളെയും കുടുംബത്തെയും വളർത്തുക എന്ന അർത്ഥങ്ങളാണുള്ളത് (bearing of children, The rearing of a family - Analytical Greek Lexicon, Page 399). ഇതു ബ്രദറൺ സഭയുടെ വിശ്വാസപ്രമാണമായി മാത്രം ഇരിക്കുന്നില്ല. രക്ഷിക്കപ്പെട്ടു ദൈവവചന പ്രകാരം മുമ്പോട്ടു പോകുവാൻ ആഗ്രഹിക്കുന്ന സകല സഹോദരിമാർക്കും ബാധകമാണ്.

പൊതുസഭയിൽ പ്രാർത്ഥനയിൽക്കൂടിയോ, സാക്ഷ്യത്തിൽക്കൂടിയോ യാതൊരു പ്രബോധനവും ആവശ്യമില്ലെന്ന്, ആദാമിനോടു ഹവ്വയുടെ ആദ്യ അബദ്ധ പ്രബോധനത്തിന്റെ വെളിച്ചത്തിൽ, ദൈവം നിരോധിച്ചിരിക്കുകയാണ് (ഉല്പ. 3:6) സ്ത്രീകൾക്കു വീടുകളിലും സൺഡേ സ്കൂളിലും കുഞ്ഞുങ്ങൾക്കു വചനം പറഞ്ഞു കൊടുക്കുവാനും, സ്ത്രീകളുടെ മദ്ധ്യത്തിൽ വചനം ശുശ്രൂഷിക്കുവാനും വാതിൽ തുറന്നുകിടക്കുകയാണ്. സുവിശേഷ വേലയ്ക്കുവേണ്ടിയും, രോഗികൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും പ്രോത്സാഹനം നൽകുവാനും ധാരാളം അവസരങ്ങൾ ഉണ്ട്. സുവിശേഷ പോർക്കളത്തിൽ കൂട്ടു വേലക്കാരായി ശോഭിക്കുവാനും സ്ത്രീകൾക്കു സാധിക്കും (റോമർ 16:3; ഫിലി. 4:3). ഇവയെല്ലാം പ്രയോജനപ്പെടുത്തുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും, ദൈവമായ കർത്താവ് സഹോദരിമാരെ ഏവരെയും സഹായിക്കട്ടെ!

(ശ്രീ. എം.സെൽവരംഗം രചിച്ച "വേർപാടിന്റെ ദൈവവും വേർപാട് ഉപദേശവും" എന്ന ഗ്രന്ഥത്തിൽ നിന്ന്. ഫോൺ: 0487-2339944)

*

# സുശീലൻ സാർ എന്ന ഭക്തൻ

ബാലസുബ്രഹ്മണ്യൻ കെ.

യഹോവേ, രക്ഷിക്കേണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു എന്ന ദീനരോദനം തിരുവചനത്തിൽ നിന്നും അഷ്ടദിക്കിലും മാറ്റൊലിക്കൊള്ളുമ്പോൾ, ആ ശബ്ദവീചി നമ്മുടെ കർണ്ണപുടങ്ങളിൽ വന്നലയടിക്കുമ്പോൾ നിരാശ എന്ന ഭാവം നമ്മിൽ രൂപം കൊള്ളുകയായി. ഓരോ കാലത്തും ഈ നിലവിക്കുത്തരം ദൈവം വെളിപ്പെടുത്തിക്കൊടുക്കതന്നെ ചെയ്തു. മനുഷ്യകുലം അംഗുലിപരിമിതമായ കാലഘട്ടത്തിൽ തന്റെ നന്മയിൽ അരിശംപൂണ്ട് സ്വന്തസഹോദരനാൽ കൊലചെയ്യപ്പെട്ടെങ്കിലും മരണത്തിലും നീതിമാൻ എന്ന് ദൈവം സാക്ഷ്യം വിധിച്ച ഹാബേൽ. തലമുറതലമുറയായി അനേകർ ജീവിച്ചെങ്കിലും ദൈവത്തോടു കൂടെ നടന്ന് ദൈവത്തിങ്കലേയ്ക്കെടുക്കപ്പെട്ട ഹാനോക്ക്. ദൈവത്തിന്റെ വചനം അറിയിച്ചവരെ കളിയാക്കിച്ചിരിച്ച തലമുറയിൽ ദൈവത്തിങ്കലുള്ള വിശ്വാസം ഒന്നുകൊണ്ടു മാത്രം തന്നെയും തന്റെ കുടുംബത്തെയും രക്ഷിച്ച നോഹ. വിഗ്രഹാരാധന എന്ന ദൈവദ്രോഹം കൊടുകുത്തിവാണ ഊരിൽ നിന്നും ദൈവത്താൽ പുറപ്പെട്ടുവന്ന് ദൈവീക സാക്ഷ്യം ഉയർത്തിപ്പിടിച്ച അബ്രാഹാം. ജീവിക്കുന്നോരു ദൈവമുണ്ടെന്ന് ലോകത്തോട് വിളംബരം ചെയ്ത വിശ്വാസ പിതാവാണദ്ദേഹം. ദൈവത്തിന്റെ സമയത്ത് ദൈവകരങ്ങളിൽ ഉപയോഗപ്പെടുവാൻ ഏല്പിച്ചു കൊടുത്തു എന്ന ഒറ്റക്കാരണത്താൽ മഹത്വത്തിൽ ഏറ്റം ഉന്നത സോപാനത്തിൽ ദൈവം പ്രതിഷ്ഠിച്ച ഭക്തനായ മോശെ.

കാലത്തിന്റെ സഞ്ചാരപഥത്തിൽ 'ഭക്തൻ' എന്ന പദം ദൈവോന്മുഖമാക്കി തിരിച്ചുവയ്ക്കാൻ ദൈവം ഉപയോഗിച്ച നാഴികക്കല്ലുകൾ അനവധിയാണ്. മനുഷ്യരാരാലും ഗണിക്കപ്പെടാതെയും മാനിക്കപ്പെടാതെയും കാലത്തിന്റെ ചുവരെഴുത്തിൽ തങ്ങളുടേതായ വ്യക്തിമുദ്ര ചാർത്താൻ താല്പര്യമില്ലാതെ, ജീവിതം ദൈവത്തിനായി സമർപ്പിച്ച സ്മര്യപുരുഷന്മാരുടെ ഇടയിൽ കാലം ഓർത്തെടുക്കാൻ മടിക്കുന്നവരെ ഒക്കെയും സ്മരിച്ചുകൊണ്ട് ഇക്കാലത്തിൽ, 'ഭക്തന്മാർ' ആഗണം നമ്മുടെ ഇടയിൽ നന്നേ കുറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ഭക്തൻ നമ്മുടെ ഇടയിൽ ജീവിച്ചു. പക്ഷേ, അതു കാണാൻ കണ്ണില്ലാത്ത ഒരു സമൂഹവും സാമൂഹിക വ്യവസ്ഥയും തന്നെ തിരിച്ചറിഞ്ഞില്ല. ദൈവവചന ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ തന്നെ ഭക്തന്മാർ ഒരിക്കലും, തങ്ങളുടെ തലമുറയിൽ ഗണനീയരായിരുന്നിട്ടില്ല. ആരും അവരെ ഉണ്മയിൽ ഉൾക്കൊണ്ടിട്ടും ഇല്ല.

ചരിത്രത്തിൽ തലക്കനമേറ്റുവാനും; മാന്യത മാർക്കച്ചയായി ധരിച്ചു സ്വന്തം പേരിനോടു കൂടെ ഒരു ചുരുക്കെഴുത്തു ചേർക്കുവാനും കിട്ടിയിരുന്നെങ്കിൽ എന്നു ചിന്തിക്കുന്നവർ കുറവല്ലാത്ത ഈ കാലഘട്ടത്തിൽ, തൊട്ടതിനെല്ലാം ഡോക്ടറേറ്റ് നേടുവാൻ കെല്പുള്ള ഒരു മനുഷ്യൻ അതുവേണ്ടെന്നു തീരുമാനിച്ചു മാറിനിന്നു. വരുന്ന തലമുറയ്ക്ക് ഒരു ഉത്തമ നിദർശനമായി, ഒരു നല്ല മാതൃകയായി തന്നെത്തന്നെ പ്രദർശിപ്പിച്ചു. തനിയേ നടന്നു പോയൊരു ഭക്തൻ അതായിരുന്നു സുശീലൻ സാർ. ഉണ്ടാക്കാമായിരുന്നതെല്ലാം തൃണവത്ഗണിച്ച യോഗി; അറിവ് ആഭരണമാക്കാതെ, താൻ സ്നേഹിച്ച കർത്താവിന്റെ താഴ്മ തന്നെ വെളിപ്പെടുത്തിയ മഹത്പുരുഷൻ. ആ ജീവിതം കാണാൻ ഈ തലമുറയ്ക്കു കഴിഞ്ഞിരുന്നെങ്കിൽ; അതിൽ നിന്നും ഉത്തേജനം ഉൾക്കൊള്ളാൻ ഒരു യുവധാര തയ്യാറായെങ്കിൽ പണത്തിന്റെയും മാനത്തിന്റെയും മഹത്വത്തിന്റെയും പിറകേ ഓടാതെ, ഇതുപോലെ ഞാനും എന്റെ കർത്താവിന് പ്രയോജനപ്പെടും എന്നു ചിന്തിക്കുന്ന ഒരു യുവനിര അതാണ് ഇന്നിന്റെ ആവശ്യം. കാലത്തിന്റെയും ചരിത്രത്തിന്റെയും ആവശ്യമറിഞ്ഞു വിളമ്പുവാനുള്ള ദർശനാബോധം.

വിശ്വാസികളുടെ ഇടയിൽ തന്നെ അധികമാർക്കും സുശീലൻ സാറെ അറിയില്ല. പലർക്കും കേട്ടുകേൾവി ഉണ്ടെങ്കിലും ആരും

കാണുവാൻ ശ്രമിച്ചിട്ടില്ല; പലർക്കും താൽപര്യവും ഇല്ല. അതുകൊണ്ടുതന്നെ തന്നെക്കുറിച്ചുള്ള അനുസ്മരണങ്ങളും ചിന്തകളും എല്ലാം ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ബ്രദറുകാരുടെ ഇടയിൽ വിരളം. പണ്ടൊരു ദൈവദാസൻ ചോദിച്ചതുപോലെ "സുശീലൻ" സഹോദരൻ കുറെ ഡിഗ്രിയൊക്കെ ഉണ്ടെന്നറിയാം അല്ലാതെന്താ?" സുശീലൻ സാറിനുണ്ടായിരുന്ന ഏറ്റവും വിലകുറഞ്ഞ അലങ്കാരമായിരുന്നു ഡിഗ്രികൾ എന്ന യാഥാർത്ഥ്യം ആ ദൈവദാസൻ ഒരു പക്ഷേ അറിഞ്ഞു കാണില്ല; അദ്ദേഹത്തിന് അറിയുവാനും കഴികയില്ല എന്നതു മറ്റൊരു കാര്യം. എന്നാൽ സുശീലൻ സാറിനുണ്ടായിരുന്ന ദൈവഭയം, സഹോദരസ്നേഹം, കറയില്ലാതെ കർത്താവിനെ സേവിക്കുവാനുള്ള സമർപ്പണ മനോഭാവം, ഇരവുകളെ പകലാക്കുന്നതിന് തനിക്കുള്ള മനസാന്നിദ്ധ്യബോധം, അദ്ധ്വാനത്തിലെ സൂക്ഷ്മത, ഉന്നതമായ അർപ്പണമൂല്യം ഇവയൊക്കെയായിരുന്നു സുശീലൻ സാറിനെ, സുശീലൻ സാറാക്കിയത്. അല്ലാതെ ഡിഗ്രികളല്ല. ഈ ഭക്തനെ ദൈവം അതിയായി സ്നേഹിച്ചിരുന്നു; ദൈവം കൂടുതൽ സ്നേഹിക്കുന്നവരെയാണോ പെട്ടെന്ന് തന്റെ അടുക്കൽ ചേർത്തുകൊള്ളുന്നത്, ചിലപ്പോൾ ആയിരിക്കാം. എന്തുകൊണ്ട് ഇത്ര പെട്ടെന്ന് തന്നെ തന്റെ അടുക്കൽ ചേർത്തു എന്നു ഇന്ന് ഉത്തരമില്ലാത്ത ചോദ്യങ്ങൾ.

"ഓ.......... തന്നെ" എന്ന തനി തെക്കൻ തിരുവിതാംകൂർ നാട്ടുഭാഷയിൽ പതിയെ മൊഴിഞ്ഞു മുന്നോട്ടു പോകുന്ന ആ മുഖം ഇപ്പോഴും മുന്നിൽ തെളിഞ്ഞു നിൽക്കുന്നു. സാറിന്റെ മരണത്തെക്കുറിച്ച് കേട്ടപ്പോൾ ഉണ്ടായ അവിശ്വസനീയത, ഹൃദയനടുക്കം, അത് അസഹനീയമായിരുന്നു. മരണസന്ദർഭം കേട്ടപ്പോൾ ഹൃദയത്തിലൂടെ കടന്നു പോയത് ബിലെയാമിന്റെ പ്രാർത്ഥനയായിരുന്നു: "ഭക്തന്മാർ മരിക്കുന്നതുപോലെ ഞാനും മരിക്കണം" എത്രമാത്രം പ്രത്യാശാജനകം, സാക്ഷ്യ ജനകം, പക്ഷേ ബിലെയാമുമാർക്ക് ഒരിക്കലും ഭക്തന്മാരെപ്പോലെ മരിക്കുക സാധ്യമല്ല തന്നെ, അവരത്രെ പ്രാർത്ഥിച്ചാലും!! "യഹോവയ്ക്കു തന്റെ ഭക്തന്മാരുടെ മരണം വിലയേറിയത്" ഏതു കാലത്തിലും ഏതു സാഹചര്യത്തിലും ദൈവത്തിന്റെ വിധികളെല്ലാം നീതിയുള്ളവ തന്നെ. ആമെൻ. *

---

(3-ാം പേജിന്റെ തുടർച്ച)

പറഞ്ഞത് ഇപ്രകാരമാണ്: 'ഞാൻ നിന്നെ പോലീസിനെ കൊണ്ട് പിടിപ്പിക്കും! ഉപദേശപരമായ ഒരഭിപ്രായ വ്യത്യാസമാണ് ഈ ഭീഷണിക്ക് കാരണമെന്ന് ഓർക്കണം.

ബ്രദറൺകാരുടെ അഭിമാനമായി പ്രചരിപ്പിക്കുന്ന ഒരു സ്ഥാപനത്തിൽ ഒരിക്കൽ ഭരണപരമായ പ്രതിസന്ധി ഉണ്ടായി. ആ സമയം ഭരണസമിതിയെ എതിർക്കാൻ ഒരഭക്തൻ കുറെ ബ്രദറൺകാരെ തന്നെ നിയമിച്ചു: ചില ബ്രദറൺകാരുടെ എതിർപ്പ് കാരണം ഭരണസമിതി കൂടാൻ കഴിയാതെ വന്നു. സ്ഥാപനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ ഭരണസമിതി കൂടേണ്ടത് അത്യാവശ്യമാകയാൽ വീണ്ടും ഭരണസമിതി കൂടാൻ തീരുമാനിച്ചു. പതിവുപോലെ വിമതൻമാരും യോഗം കലക്കുവാൻ തീരുമാനിച്ച് സ്ഥലത്തെത്തി. പതിവിന് വിപരീതമായി കറുത്ത പാന്റ്സും തൂവെള്ള ഫുൾകൈ ഷർട്ടും ധരിച്ച് ക്ലീൻ ഷേവ് ചെയ്ത കുറെ ആൾക്കാരെ കണ്ടപ്പോൾ വിമതർക്ക് പന്തികേട് മനസ്സിലായി. വിമതന്മാർ മര്യാദയുള്ള ഭക്തന്മാരായി മാറിനിന്നു. ഭരണസമിതി യോഗം ഭംഗിയായി നടന്നു. സ്ഥാപനത്തിലെ പ്രതിസന്ധി പരിഹരിക്കപ്പെട്ടു. അവിടെ കണ്ട വിശേഷ ജീവികളെക്കുറിച്ച് ചിലർ തിരക്കിയപ്പോൾ മനസ്സിലായത്: കുപ്രസിദ്ധിയാർജ്ജിച്ച ഒരു കോളനിയിലെ ക്വട്ടേഷൻ സംഘമാണെന്ന്. ഇവർക്ക് ക്വട്ടേഷൻ നൽകിയത് എസ്.എസ്.എൽ.സി. ക്യാമ്പ് മുതൽ ഫാമിലി കോൺഫറൻസ് വരെയുള്ള മീറ്റിംഗുകളിൽ ഭക്തി പഠിപ്പിക്കുന്ന ഉന്നതൻ ആണെന്ന് പോലും. മറ്റൊരു സന്ദർഭത്തിൽ ഒരു ഉന്നതനെക്കുറിച്ച് ഒരു സ്നേഹിതൻ പറഞ്ഞത്: 'അയാൾക്ക് കൊച്ചിയിലെ ക്വട്ടേഷൻ സംഘങ്ങളുമായി നല്ല ബന്ധം ഉള്ളതിനാൽ സൂക്ഷിക്കണം' എന്നായിരുന്നു.

സഹോദരവർഗ്ഗത്തെ, അല്ല സഹോദരൻ എന്ന് പേർപെട്ട ഒരുവനെ ശത്രുവായി കാണുകയും, അവർക്കെതിരെ ക്വട്ടേഷൻ സംഘത്തെ ഉപയോഗിക്കുകയും ചെയ്യുന്നവർ വിശ്വാസികളാണോ? ഫലം കണ്ട് വൃക്ഷത്തെ തിരിച്ചറിയാം എന്നല്ലേ കർത്താവ് പറഞ്ഞത്? നല്ല വൃക്ഷം ആകാത്ത ഫലവും ആകാത്ത വൃക്ഷം നല്ല ഫലവും പുറപ്പടുവിക്കില്ല. ബ്രദറൺ വൃക്ഷം പുറപ്പെടുവിക്കുന്ന ഫലം ഏത്?

എസ്സ്. സുദർശനൻ *

# ജാതി ജാതിയോട്

ജീസൻകുമാർ എസ്.

ജാതീയ വേർതിരിവ് എല്ലാ സമൂഹങ്ങളിലും പ്രത്യേകിച്ചു പാർശ്വവൽകൃതരിൽ പോലും ആഴത്തിൽ വേരൂന്നിയ കാലത്തിൽ, ജാതികോമരങ്ങളുടെ ഭേദ്യാഭേദ്യച്ചുവരുകളെ ഭേദിച്ച് മാനവസ്നേഹത്തിന്റെയും ഐക്യത്തിന്റെയും സാംസ്കാരിക ബീജാവാപം സംജാതമായത് സുവിശേഷത്തിന്റെ ദീപശിഖയിലൂടെ മാത്രമായിരുന്നു. വർഗ്ഗസംഘർഷങ്ങളും പ്രതികാരദാഹത്തിന്റെ രക്തച്ചൊരിച്ചിലുകളും, സ്വാർത്ഥമോഹങ്ങൾക്കായുള്ള ക്രൂരതകളും അടിച്ചമർത്തലുകളും കൊടികുത്തി വാഴുമ്പോൾ അവയ്ക്കടിയിൽ അരഞ്ഞമരുന്ന ജീവിത ശകലങ്ങളെ ഏകദേശ സാഹോദര്യത്തിലേക്ക് ആഹ്വാനം ചെയ്ത് അണച്ചു നിർത്തിയത് കർത്താവായ യേശുക്രിസ്തു മാത്രമായിരുന്നു. സാഹോദര്യം എന്ന കൈവഴികളിലൂടെ സഭ എന്ന മെയിൻ സ്ട്രീമിലേക്കു കൊണ്ടുവന്ന് കലഹമില്ലാതെ കദനമില്ലാതെ മാനവരാശിയെ പരമാനന്ദത്തിലാറാടിച്ച, മാനവ ചരിത്രത്തിന്റെ ഏടുകളിൽ വിരചിതമായ ശുഭകാലം. കാൽവരിക്രൂശിൽ പൂത്തുലഞ്ഞ രക്തപുഷ്പത്തിന്റെ മധുരിമ ആസ്വദിച്ച മൃദുശലഭങ്ങൾ പറന്നു പറന്നു മരണത്തിന്റെ നൂലാമാലകൾ ഭേദിച്ച് നാകമണ്ഡലത്തിലേയ്ക്കു നിവേശിക്കുന്ന ശുഭകരമായ പ്രത്യാശ ജീവിതത്തിന് ഉണർവ്വായി, ആശയായി, ആവേശമായി മാറിയ സുവർണ്ണകാലം. സാഹോദര്യത്തിന്റെ പുതുപുത്തൻ പുലരികൾ ലോകത്തിനു സമ്മാനിച്ച, ജീവിതം കൊണ്ട് സാഹോദര്യം കാട്ടിക്കൊടുത്ത ഒരു കാലം ക്രിസ്ത്വാനുഗാമികൾക്കുണ്ടായിരുന്നു. ദൈവസ്നേഹം ഭൂമിയിലേയ്ക്കു പെയ്തിറങ്ങിയ ത്യാഗോജ്ജ്വലമായ ആ കാലത്തിന്റെ മദ്ധ്യേ കർത്താവിന്റെ വാണികൾ മാറ്റൊലി കൊള്ളുന്നു: ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും: മർക്കൊ: 13:8.

കേരളത്തിന്റെ തനത് എന്ന് വിശേഷിപ്പിക്കാവുന്ന അനുഷ്ഠാനങ്ങളിൽ മിക്കതും ചേരിപ്പോരിന്റെയും ചോരപ്പുഴയുടെയും കഥകൾ പറയുന്ന വർഗ്ഗസമരങ്ങളോ അധികാരക്കസേരയുടെ ചുവടുറപ്പിക്കുവാനുള്ള അടിച്ചമർത്തലുകളോ മാത്രമായി മാറുമ്പോൾ അതിജീവനത്തിന്റെ ഊർദ്ധശ്വാസം കൊണ്ട് കലുഷപൂരിതമാണ് മറുവശം. അവർണ്ണരും അടിമകളും ചിന്നിച്ചിതറിയ സംഘങ്ങൾ പോലെ അവിടെ വിഹരിക്കുന്നതുകാണാം. ഓണവും പൂരങ്ങളും ഐതീഹ്യവും സാഹോദര്യവും എത്ര പ്രസ്താവിച്ചാലും അവയെല്ലാം വെറും ഏച്ചുകെട്ടലായി അവശേഷിക്കുന്നതിതു കൊണ്ടാണ്. മറുനാടൻ മലയാളിക്ക് സ്വന്തനാട്ടിൽ കള്ളുകുടിക്കാനുള്ള അവസരം മാത്രമല്ലാതെ ഐതീഹ്യത്തിന്റെയും സാഹോദര്യത്തിന്റെയും വർണ്ണപ്പൊലിമ ആർക്കും കാണാനാവില്ല.

സ്നേഹത്തോടെ മാറോടു ചേർത്തു ചുംബിക്കുമ്പോഴും കാതുകളിൽ നിപതിക്കുന്ന ചുടുനിശ്വാസത്തിൽ കൊലപാതകത്തിന്റെ ഹൃദയത്തുടിപ്പുകൾ കേൾക്കാം; കരങ്ങൾ പരസ്പരം ചേർത്തുപിടിക്കുമ്പോൾ എവിടെയൊക്കെയോ ചോര പൊടിയുന്നു, ചോരപ്പാടുകൾ തെളിയുന്നു. ജോലി തേടുമ്പോഴും ഉയർന്ന കോഴ്സുകൾക്ക് പ്രവേശനം അന്വേഷിക്കുമ്പോഴും പ്രധാന യോഗ്യതകളിലൊന്നായി ജാതിയെ നിലനിർത്തുന്നേടത്തോളം ഇവിടെ ഘോഷിക്കുന്ന ഐക്യവും സാഹോദര്യവും വെറും പൊങ്ങച്ചം മാത്രമായി ശുഷ്കിച്ചു പോകുന്നതു കാണാം.

മലയാളി മനസ്സിലെ നീതിബോധവും ഹർത്താലുകളോടുള്ള അഭിവാഞ്ചയും, സ്വന്തമെന്ന ചെറുവൃത്തത്തിലേയ്ക്കു ഉൾവലിയാനുള്ള ത്വരകൾ മാത്രം. സ്വന്തം മക്കളുടെ കൈയിൽ നിന്നും മദ്യം കുടിക്കുമ്പോഴും അവർക്കൊപ്പം പങ്കുവയ്ക്കുമ്പോഴും ലഭിക്കുന്ന

ആനന്ദനിർവൃതി ഇത്തരം ഉൾവലിയലി ന്റേതു മാത്രമാണ്. പുറത്തുനിന്നു കാണു ന്നവർക്കു സുദൃഢമെന്നു തോന്നുമെങ്കിലും ഇവരുടെ ഐക്യവും സ്നേഹവും സ്വാർത്ഥ മോഹത്തിന്റെ വില കുറഞ്ഞ ബഹിർസ്ഫു രണങ്ങൾ തന്നെ എന്നു മനസ്സിലാക്കാൻ സു ഗതകുമാരിമാർ വേണ്ടിവരും. വനിത കമ്മീ ഷനും കുടുംബ കോടതിയുമൊക്കെ വേണ്ടി വരും.അതിനു ചുറ്റും വട്ടമിട്ടു പറക്കുന്ന വേർ പാടുകൾ അവിടത്തെ ഉദ്യോഗസ്ഥരെന്നു കരുതി ആശ്വസിച്ചുകൊള്ളുക.

വർഗ്ഗീയ ശക്തികൾ അറുത്തു വീഴ്ത്തിയ തലകളുടെ എണ്ണം നമുക്കറിയാം. മത തീവ്ര വാദികളുടെ കൂട്ടക്കുരുതികളും വെട്ടിമാറ്റിയ കൈകളുടെ എണ്ണവും നമുക്കറിയാം. സുവി ശേഷ വിരോധികളുടെ സംഹാരതാണ്ഡവം നാം കണ്ടിട്ടുണ്ട്. അതിനെക്കാൾ ക്രൂരമല്ലേ ഇവരുടെ ചെയ്തികൾ? ഇവർ പിഴുതെറിഞ്ഞ ഹൃദയങ്ങളും തച്ചുടച്ച കുടുംബങ്ങളും എത്ര യെന്ന് ആർക്കറിയാം. ഇവർ മുറിവേല്പിച്ച അനാഥരും ആട്ടിപ്പായിച്ച വിധവമാരും എത്ര? ജാതിക്കോമരങ്ങളെക്കാൾ എത്രയോ പൈ ശാചികമായാണ് ഇവർ മറ്റുള്ളവരെ ഒറ്റപ്പെ ടുത്തുന്നത്, തൊഴിച്ചകറ്റുന്നത്.

മതപരമായും ജാതീയമായും മാനവമനസ്സ് സങ്കുചിതമാകുന്നു എന്നും ആത്മീയഗുണ ങ്ങൾ അന്യമാകുന്നു എന്നും ആരേയും പഠി പ്പിക്കേണ്ടതില്ല. തൊട്ടതും പിടിച്ചതും നൊടി നേരം കൊണ്ട് പൊന്നാക്കി മാറ്റുന്ന പാടവ വും, അമിത വേഗത അലങ്കാരമാക്കിയ തത്ത്വ ചിന്തയും പുകമറ സൃഷ്ടിക്കുമ്പോൾ കാഴ്ച മങ്ങിയവർക്ക് ചിലപ്പോൾ തോന്നിയേക്കാം: ഉണ്ട് ഇവിടെ സാഹോദര്യം. ഏകാത്മാവിനെ പാനം ചെയ്യുന്ന, എന്നെന്നും ഒരുമിച്ചു വാ ഴാൻ പോകുന്ന അബ്രഹാമിന്റെ ആത്മീയ സന്തതിയെന്നഭിമാനിക്കുന്നവരിലെങ്കിലും ഇന്നു സാഹോദര്യം കണ്ടെത്താനാകുമോ? പേരിനൊപ്പം ജാതിപ്പേര് ചേർത്തു പേരിടു ന്നത് അവരുടെ നിഷ്കളങ്കതയും ആത്മിയ ഐക്യവും കൊണ്ടെന്നു തന്നേ വരേണ്യർ ക്കു പറയാം. നിറവും തരവും ഊരും പേരും വച്ച് കൂട്ടിയും കുറച്ചും ചൂഴ്ന്ന് ചൂഴ്ന്ന് ജാതി പ്പാശാചിനെ പുറത്തെടുത്ത് കഴുത്തിൽ കെട്ടി യിട്ടില്ലെങ്കിൽ ആത്മിയ ഐക്യത്തിനു വി ഘാതം ഭവിക്കുമെന്നു വാദിക്കാം. എന്നാൽ ക്രിസ്ത്യാനിയായ ഒറ്റക്കാരണം കൊണ്ട് സർ ക്കാറിന്റെ സംസ്കാരപ്പട്ടികയിൽ നിന്നു നിപ തിക്കുന്ന വിശ്വാസികളെ വെറും പരിഷക ളായി മാത്രം കാണുകയും അവരുടെ ആ ത്മിയ ശുശ്രൂഷകളെ സഹോദരിമാർ പോലും തുച്ഛീകരിക്കുകയും ചെയ്യുമ്പോൾ ബ്രദറൺ കാർക്കു ജാതി ചിന്ത ഇല്ല എന്നു തന്നെ ലോകം മനസ്സിലാക്കും. എന്നാൽ അത് ശ്രീ നാരായണഗുരു പറഞ്ഞ 'ഒരു ജാതി' പോലെ മാത്രമേ ആവൂ.

ദൈവ സമ്മുഖമായി നിൽക്കുകയും ദൈ വാത്മവാഹകരായി വിഹരിക്കുകയും ചെ യ്യുന്ന ആത്മിയ തേജസ്വികളുടെ മദ്ധ്യേ ഇ ത്തരം കോമാളികൾ ഭൂരിപക്ഷമായതിനാൽ ബ്രദറൺ സമൂഹത്തിന്റെ ആത്മീയപ്രഭ സൂ ക്ഷ്മദൃക്കുകൾക്കു പോലും ദർശിക്കാനാവാ ത്തവിധം ഉൾവലിഞ്ഞു കാണുന്നു. അതു കൊണ്ടു തന്നെ ദൈവസ്നേഹത്തിന്റെ വ്യാ പനവും ദൈവിക ഐക്യത്തിന്റെ കരുത്തും അന്യംനിന്നു പോകുന്നു. പരിശുദ്ധാത്മാവി ന്റെയും ദൈവസഭയുടെയും സാന്നിദ്ധ്യമുള്ള ഈ കാലത്തു ഗതി ഇതെങ്കിൽ സാക്ഷാൽ കൊലപാതകി വാഴുമ്പോൾ എന്താകും ലോ കത്തിന്റെ അവസ്ഥ ?

മനുഷ്യ മനസ്സുകൾ മരിച്ചു തുടങ്ങി. ചോ രയുടെ മണം വസ്ത്രത്തൊങ്ങലിൽ പറ്റിയ അത്തറിന്റെ മണം പോലെ ഹൃദ്യമായിക്കഴി ഞ്ഞു. അറുത്തുമാറ്റിയ ശിരസ്സുകളിൽ നിന്നും കബന്ധങ്ങളിൽ നിന്നും ഭൂമിയുടെ വിരിമാ റിൽ ഊറ്റി ഒഴിക്കപ്പെടുന്ന ചോരയുടെ നില വിളി പരകാഷ്ഠയിൽ എത്തിയിരിക്കുന്നു. ദൈവഭക്തന്മാരുടെയും നിഷ്ക്കളങ്കന്മാരുടെ യും ചോരകുടിച്ച് ഭൂമിക്ക് മത്തു പിടിച്ചിരി ക്കുന്നു.

മദ്യക്കച്ചവടം നടത്തുന്ന ഭരണകൂടവും നാമധേയ ക്രൈസ്തവരും, പുത്തൻ സംസ് കാരത്തിന്റെ പുതിയ കാൽവയ്പ് എന്ന പേ രിൽ സകല അധർമ്മവും യഥേഷ്ടമൊഴുക്കി ക്കൊടുക്കുന്ന വിവര സാങ്കേതിക വിദ്യയും അരങ്ങു കീഴടക്കിയ ഈ കാലത്തു മദ്യപി ക്കുമ്പോഴും ചാറ്റു ചെയ്യുമ്പോഴും മാത്രം ഉദ്ദീ പ്തമാകുന്നതാണോ സ്നേഹവും സാഹോ ദര്യവും? (ശേഷം 18-ാം പേജിൽ)

# അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി (സങ്കീ 107:20)

എം. സെൽവരംഗം, തൃശൂർ

വചനം വേറൊരു ലോകമായ ആത്മീയ ലോകത്തിലുള്ളതാണ്. ദൈവത്തിന്റെ അടുക്കൽ ഉണ്ടായിരുന്ന വചനത്തിനു വിസ്ഫോടന ശക്തിയുണ്ടായിരുന്നു. ആകയാൽ ദൈവം തന്റെ വചനത്തെ സൗഖ്യത്തിനായി അയച്ചു. ആ വചനം നാശകരമായ കുഴിയിൽ കിടന്നവരെ വിടുവിച്ചു അനശ്വരതയിലേക്കു ആനയിച്ചു. വചനം സൃഷ്ടി കർമ്മത്തിൽ പ്രധാന പങ്ക് വഹിച്ചതാണ്. അതിന് വ്യക്തിത്വവും ആളത്വവും ഉണ്ട്. വചനം ദൈവമാകയാൽ അവനിൽ ജീവനും ചൈതന്യവും ഉണ്ട് (യോഹ 1:1-4).

ഫറവോൻ ദൈവത്തിന്റെ കല്പന ലംഘിച്ചതിന്റെ ഫലമായി മിസ്രയീമ്യർക്കു പല വ്യാധികൾ വന്നു. യിസ്രായേൽ ജനവും ശൂർ മരുഭൂമിയിൽ മോശെയുടെ നേരെ പിറുപിറുത്തു (പുറ 15:24) അവരുടെ പിറുപിറുപ്പ് ദൈവത്തിനു അവരോടു അനിഷ്ടം തോന്നുവാൻ ഇടയായി. ഈ പശ്ചാത്തലത്തിലാണ് അവരെ നടത്തിയ കർത്താവ് അരുളിചെയ്തത്, “ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു” (പുറ15:26). ഞാൻ നിന്റെ ലംഘനങ്ങളെ നീക്കി സമൃദ്ധിയിലേക്കുള്ള വഴിയിൽ സ്ഥിരപ്പെടുത്തുമെന്ന ആശയത്തിലാണു കർത്താവ് ഇങ്ങനെ പറഞ്ഞത്. “സൗഖ്യം” എന്ന പദത്തിന് എബ്രായ ഭാഷയിൽ റാഫാ (Rapha) എന്ന പദമാണുള്ളത്. പഴയ നിയമത്തിൽ ഈ പദം 56 പ്രാവശ്യം കാണുന്നു. അതിൽ 37 പ്രാവശ്യം യഹോവ തന്നെ സൗഖ്യമാക്കി എന്നർത്ഥത്തിൽ കേവല പ്രയോഗത്തിലാണുള്ളത് (Active). “റാഫാ” എന്ന പദത്തിന്റെ അർത്ഥം ലംഘനം നീക്കി, സമൃദ്ധിയിൽ വീണ്ടും യഥാസ്ഥാനത്താക്കുക (Removed transgression and resorted to prosperity Page 689. Analytical Hebrew Lexicon and Page 248 Hebrew - English Lexicon - William Osburn Jr.) അവൻ അവരെ കരുതി അഭിവൃദ്ധിയിലാക്കിയ സ്ഥലമാണ് ഏലീം. അവിടെ അവർക്കുവേണ്ടി 12 നീരുറവും 70 ഈത്തപ്പനയും ഉണ്ടായിരുന്നു. നമ്മുടെ ലംഘനം ക്ഷമിച്ചു തന്ന സ്ഥലം ക്രിസ്തു ക്രൂശിൽ രക്തം ചിന്തിയ കാൽവരിയാണ്. മാനസാന്തരപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നവരെ അവിടെ നിന്നാണ് അളവറ്റ ആത്മാവിനെ നൽകുകയും അനുഗ്രഹിക്കുകയും ചെയ്യുന്നത്.

അവന്റെ കല്പനകളെ അനുസരിച്ചു, അവന്റെ സകല വിധികളെയും പ്രമാണിക്കുകയും ചെയ്താൽ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല എന്നുള്ള നിബന്ധനയോടുകൂടിയ വാഗ്ദത്തവും തന്നിട്ടുണ്ടായിരുന്നു. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു (For I am the Lord that health Thee) ഈ വാക്യത്തിൽ കർത്താവ് താൻ തന്നെ നേരിട്ടു ചെയ്യുന്ന പ്രവർത്തിയായിട്ടാണ് പറഞ്ഞിരിക്കുന്നത്. മൂലഭാഷയിൽ “സൗഖ്യമാക്കുന്ന” എന്ന പദത്തിനുള്ള റാഫാ “Qalactive” വിലാന്നുള്ളത്. ഹീബ്രുവിൽ “Qal” പ്രയോഗം നേരിട്ടു ചെയ്യുന്ന ഒരു പ്രവർത്തിയാണ്. ഈ പ്രവൃത്തി യാതൊന്നിന്റെയും അടിസ്ഥാനത്തിലോ, ഏതെങ്കിലും മുഖാന്തിരമായോ ചെയ്യുന്ന ദൈവീക ശുശ്രൂഷ അല്ല എന്നു നാം വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. ഉല്പ 20:17-ൽ അബീമേലെക്കിനെയും അവന്റെ ഭാര്യയെയും ദാസിമാരെയും സൌഖ്യമാക്കിയത് കർത്താവിന്റെ അടിപ്പിണരുകളാൽ അല്ല! കർത്താവ് നേരിട്ടാണ് അവരുടെ ലംഘനങ്ങളെ നീക്കി, വീണ്ടും അനുഗ്രഹത്തിൽ പുനഃസ്ഥാപിച്ചത്. കർത്താവിന്റെ അടിപ്പിണരിന്റെ അടിസ്ഥാനത്തിലല്ല അവരെ സൗഖ്യമാക്കിയത്. പഴയ നിയമകാലത്തു കർത്താ

വിന്റെ അടിപ്പിണരിന്റെ അടിസ്ഥാനത്തിന് പ്രസക്തിയില്ലല്ലോ! യെശ 53:4-ൽ സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു എന്നുള്ള പ്രവചനം കർത്താവിന്റെ ശുശ്രൂഷാ കാലയളവിൽ തന്നെ നിവൃത്തിയായതായി വി.മത്തായി രേഖപ്പെടുത്തിയിരിക്കുന്നു (മത്താ 8:17). ഒരിക്കൽ നിറവേറിയ പ്രവചനം വീണ്ടും ക്രൂശിൽ നിറവേറിയതായി വ്യാഖ്യാനിക്കുന്നതു അതിരൂകടന്നതാണ്. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ ദുർവ്യാഖ്യാനത്തിൽ ചെന്നെത്തും. ഇതുപോലെ നിവൃത്തിയായ പ്രവചനങ്ങൾ വീണ്ടും നിവൃത്തിയായതായി വേദപുസ്തകത്തിൽ തെളിവില്ല. ഉദാ മത്താ. 1:22; 2:6; 3:3; 4:14,15.

യെശ 53:5 ൽ നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു, നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. ഈ വാക്യത്തിൽ കർത്താവ് ക്രൂശിൽ തകർക്കപ്പെടുവാൻ കാരണമായതു മനുഷ്യരുടെ അകൃത്യങ്ങൾക്കും സമാധാനത്തിനായിട്ടുള്ള ദൈവത്തിന്റെ ശിക്ഷക്കും വേണ്ടിയായിരുന്നു. അകൃത്യവും സമാധാനവും ആണ് ഇവിടെ മുഖ്യവിഷയം. ഇവ രണ്ടും ആത്മീയമാണ്. ശാരീരിക സൗഖ്യമല്ല ഇവിടെ പ്രതിപാദിച്ചിരിക്കുന്നതു എന്നുള്ളത് വളരെ വ്യക്തമാണ്. ആത്മീയ സൗഖ്യമാണ് ഈ വാക്യത്തിന്റെ വിവക്ഷ. അകൃത്യം ഏറ്റു പറഞ്ഞു സമാധാനത്തിനു അപേക്ഷിക്കുന്ന ഏവർക്കും ദൈവം നേരിട്ടു ആത്മീയ സൗഖ്യം നൽകുന്നു. നീക്കി മാപ്പ് നൽകി. ആത്മീയ നിലവാരത്തിൽ വീണ്ടും പുനഃസ്ഥാപിക്കുക എന്ന അർത്ഥത്തിലാണ് "സൗഖ്യം വന്നുമിരിക്കുന്നു" എന്നു വെളിപ്പെടുത്തിയിരിക്കുന്നത് (To restore in a spiritual sense from a state of habitual neglect of God's commandments for to pardon, forgive - page 689. The Analytical Hebrew and Chaldee Lexicon). യെശ 53:5-ൽ "സൗഖ്യം" (Rapha) എന്ന പദം രൂപകാലങ്കാര പ്രയോഗത്തിലാണുള്ളത്. (Metaphor) ഒരു വസ്തുവിനെ അതുമായി സാമ്യമുള്ള വേറൊരു വസ്തുതന്നെയാണെന്നു പറയുന്ന അലങ്കാരം. ഉദാഹരണം ഇവൻ ഒരു ഗോല്യാത്ത്. ഇവിടെ ആത്മീയ സൗഖ്യത്തെ മനസ്സിലാകുന്ന ഭാഷയിൽ ശാരീരിക സൗഖ്യമായി രൂപകാലങ്കാരത്തിൽ എഴുതിയിരിക്കുകയാണ്. ഇതുപോലെ വലതു ഭാഗത്തു രാജ്ഞി വിലയേറിയ വസ്ത്രം അണിഞ്ഞു നിൽക്കുന്നു എന്നു പറയുന്നതിനു പകരം, ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നുവെന്നു രൂപകാലങ്കാരത്തിൽ എഴുതിയിരിക്കുന്നതു ശ്രദ്ധിച്ചു പഠിക്കേണ്ടതാണ് (സങ്കീ.45:9). പഴയനിയമത്തിൽ "റാഫാ" എന്ന പദം ആത്മീയ സൗഖ്യത്തെയും ശാരീരികമായി ശുദ്ധിവരുത്തി, അനുഗ്രഹസ്ഥാനത്തു വീണ്ടും ആക്കിവെക്കുന്ന അർത്ഥത്തിൽ യെശ 57:18,19 വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. മാനസികവും ശാരീരികവുമായ ബലഹീനതയിൽ നിന്ന് വീണ്ടെടുത്തതിനു "മാർഫെ" (Marphe) എന്ന വേറൊരു പദം 5 പ്രാവശ്യവും, മറ്റുപല പദങ്ങളും പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. (സദൃ. 4:22; 12:18; 13:17; 16:24; യിരെ 8:15).

ലംഘനവും ശാപവും പെരുകി നിന്നയ ഹൂദജാതിയിൽ ചിലരുടെ പാപം മോചിച്ചും, രോഗാത്മാവിനെ പുറത്താക്കിയും അവർക്കു സൗഖ്യം വരുത്തി (മത്താ 9:6; ലൂക്കൊ 7:48;13:11,12) ദൈവത്തിൽ വിശ്വാസമില്ലാതെ മാനുഷിക കല്പനകളെ ശൈലിയായി അനുഷ്ഠിച്ചുപോന്ന കാലത്തിൽ കർത്താവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, അവൻ മനസ്സലിഞ്ഞു ചിലർക്കു സൗഖ്യം കൊടുത്തിരുന്നു (മത്താ 20:33; മക്കൊ 5:34; 9:24). കർത്താവ് തന്റെ ദിവ്യ ശുശ്രൂഷയാൽ പലർക്കും ശാരീരിക സൗഖ്യം നൽകിയിട്ടുണ്ട്. (To render divine service). ഇതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം "തെരാപിയോ" ആണ് (therapeuo) ഇതു 38 പ്രാവശ്യം ഉപയോഗിച്ചതായി കാണുന്നു. എന്നാൽ ആത്മീയ സൗഖ്യത്തിനു പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം "ഇയോമായ്" (iaomai) ആണ്. ഈ പദം 26 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ലൂക്കൊ 4:18 Eng; യോഹ 12:40; പ്രവൃ 10:38; യാക്കോ 5:16; 1പത്രൊ 2:24).

ആത്മീയ സൗഖ്യത്തെക്കുറിച്ചു പത്രൊസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്ന വസ്തുത കൂടി പരിശോധിച്ചു പര്യവസാനിപ്പിക്കാം. 1പത്രൊ.2:24ൽ നാം പാപം സംബന്ധിച്ചു മരിച്ചു, നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. ഈ വാക്യത്തിൽ പാപം (അകൃത്യം) നീങ്ങി നീതിക്കു ജീവിക്കേണ്ടതിനു എന്നു എത്രയും വ്യക്തമായി പറഞ്ഞതിനു ശേഷം, അടിപ്പിണരാൽ സൗഖ്യം വന്നിരിക്കുന്നു എന്നു പറഞ്ഞാൽ "ആത്മീയ സൗഖ്യം" എന്നതു വളരെ വ്യക്തമാണ്. പാപം അനീതി ഇവയെല്ലാം ആത്മീയമായതുകൊണ്ട് അവക്കാണല്ലോ സൗഖ്യം വന്നത്. അതുകൊണ്ടു ഇവിടെ പ്രതിപാദിച്ചിരിക്കുന്നതു ശരീര സൗഖ്യമല്ല; പ്രത്യുത ആത്മീയ സൗഖ്യമാണ്! ആത്മീയ സൗഖ്യം പ്രാപിച്ചാൽ മാത്രമേ അനീതിയും അകൃത്യവും തള്ളിനീക്കി നീതിയിൽ ജീവിക്കുവാൻ ഒരു ദൈവപൈതലിനു സാധിക്കുകയുള്ളൂ. ആധുനിക പെന്തക്കോസ്തുക്കാർ ഈ ഭാഗം ശരീരസൗഖ്യത്തിനു ഉദ്ധരിക്കുന്നതു സർവ്വാബദ്ധമാണ്. പാപിയെ പാപത്തിൽ നിന്നും ശിക്ഷയിൽ നിന്നും വീണ്ടെടുത്തു, ആത്മീയ സൗഖ്യം നൽകി, യഥാസ്ഥാനത്താക്കി എന്നാണു അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്. (To heal spiritually, restrore from a state of sin and condemnation - page 198. The Analytical Greak Lexicon) ഇവിടെയും "സൗഖ്യം" എന്ന പദം രൂപാലങ്കാരത്തിലാണുള്ളത്. (Metaphor) ഇത് ഇൻഡിക്കേറ്റീവ് മൂഡിൽ (Indicative Mood) ഉള്ളതു കൊണ്ട്, പാപ പരിഹാരത്തിനു ഉയർത്തിക്കാണിക്കുവാനുള്ള ത്, അവന്റെ അടിപിണരുകളിൽ കൂടി ഒഴുകിയ നിസ്തുല്യ രക്തം മാത്രമാണ്. പാപ കുഴിയിൽ വീണു കിടന്ന മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ വചനമായ കർത്താവ് കൃപയും സത്യവുമായി ഭൂമിയിലേക്ക് വന്നു. ക്രൂശിൽ രക്തം ചിന്തി. വിശ്വസിക്കുന്നവർക്കു ആത്മീയ സൗഖ്യവും ആത്മരക്ഷയും ഉണ്ട്. ദൈവത്തിനു മഹത്വം.

*

(15-ാം പേജിന്റെ തുടർച്ച)

എല്ലാവരും സഹോദരന്മാർ, എല്ലാവരും ബ്രദറൺകാർ എപ്പോൾ? സ്വാർത്ഥതയ്ക്കും അഭ്യർത്ഥന അയക്കാനും മാത്രം. മക്കളുടെ കല്യാണം വരുമ്പോൾ ജാതിപ്പിശാചിനെ നെറ്റിയിൽ പതിക്കും. മുന്തിയ ഇനം മൂരിയെ വിൽക്കാനുണ്ടെന്നു പരസ്യവും നൽകും. 'നമ്മുടെ ആൾ' ആണെങ്കിൽ പെന്തക്കോസ്തും ആകാം. കർത്താവിനെ കൈകഴുകി ഉപേക്ഷിച്ച് ഏതറ്റംവരേയും താഴുന്ന നരാധമന്മാർ ആത്മിയ ശുശ്രൂഷകളിൽ ഉറഞ്ഞു തുള്ളുമ്പോൾ കർത്താവ് ചോദിക്കുന്നു: പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു, പുരോഹിതന്മാരും അവരുടെ ഒരു കൈയായി നിന്നു അധികാരം നടത്തുന്നു; എന്റെ ജനത്തിനോ അത് ഇഷ്ടം ആകുന്നു; അപ്പോൾ യാതൊരു കൂസലും കൂടാതെ ഇവർ പറയും: ഞാനും രക്ഷിക്കപ്പെട്ടവനാ! വിശ്വാസിയുടെ ഗതി ഇതെങ്കിൽ ജോലിക്കു ജാതി ചോദിക്കുന്ന സർക്കാരിനെ ആർക്കു കുറ്റം പറയാം? 'നമ്മുടെ ആളിൽ'പ്പെട്ട ഒരു ജീവിതപങ്കാളിയെ കാണിച്ചുതന്ന ദല്ലാളായ വ്യാജ സുവിശേഷകനെ ആർക്കു നിയന്ത്രിക്കാം? എവിടെയും എല്ലാം ആദായസൂത്രം. സ്വസ്നേഹം മാത്രം. നമുക്കും കിട്ടണം പണം. മേലാളന്റെ തൊഴി ആസ്വദിക്കുന്ന അടിയാളരെപ്പോലെ പണമുള്ളവന്റെ മുന്നിൽ പഞ്ചപുച്ഛമടക്കി വിനീത വിധേയരാകുന്ന വ്യാജസുവിശേഷകന്മാർ ജാതി വ്യവസ്ഥയിലെ അവർണ്ണരെക്കാൾ അധകൃതർ തന്നെ. ധനവാന്റെ തൊഴി തൊഴുതു സ്വീകരിച്ച് ആസ്വദിക്കുന്നതിനൊപ്പം ഇവരെ സ്നേഹിക്കുന്ന എളിയവരെ തൊഴിച്ച്, ചവിട്ടി അരച്ച് കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ 'തൊണ്ടയ്ക്കു പിടിച്ചു ഞെക്കി' (മത്ത: 218:28) തന്റെ ജാള്യം മറയ്ക്കുന്നവർ ബ്രദറൺ സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തിക്കഴിഞ്ഞു. ആത്മിയന്മാർക്കും വിശ്വാസികൾക്കും ഇനി ഇവിടെ കാര്യമില്ല. ബ്രദറൺകാരേ നിങ്ങൾ നിങ്ങളുടെ കാര്യം നോക്കി കൊൾക എന്നു വിശ്വാസികൾ പറയുന്ന കാലം ഏറ്റം സമീപിച്ചിരിക്കുന്നു. *

# ഇന്ത്യൻ ബ്രദറൺ മുതൽ ഇന്റർനാഷണൽ ബ്രദറൺ വരെ (തുടർച്ച)

എസ്സ്. സുദർശനൻ

ബ്രദറൺ എന്ന പേരിൽ അറിയപ്പെടുന്ന സ്ഥലം സഭകളെ ഒരു ക്രൈസ്തവ സംഘടനയായി രൂപപ്പെടുത്താൻ ആഗോളതലത്തിൽ, ദീർഘനാളുകളായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഫലമാണ്, കേരളത്തിൽ വളരെയധികം വിവാദങ്ങൾ സൃഷ്ടിച്ച BCCF എന്ന സംഘടന.

BCCF രൂപീകരണത്തിലെ കടുത്ത വഞ്ചന, ലക്ഷ്യം വെളിപ്പെടുത്താതെയുള്ള സഞ്ചാരത്തിലെ നിഗൂഢത, ഭക്തിയുടെ വേഷം ധരിച്ച ഒരു നേതൃനിര; രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക മേധാവിത്വവും കൊണ്ട് ഭൂമിയിൽ സഭയ്ക്കു സുരക്ഷിതത്വം വാഗ്ദാനം ചെയ്ത സാത്താന്യ തന്ത്രം; പേരുമാറ്റത്തിലൂടെ സ്ഥലംസഭകളെ ഒരു സംഘടനയ്ക്ക് കീഴിലാക്കാൻ ശ്രമിച്ച ഹീനപ്രവൃത്തി, പ്രതിഷേധങ്ങളെ പ്രതിരോധിക്കാൻ ജന്മം നൽകിയ പ്രസിദ്ധീകരണവും അതിലൂടെ പുറത്തുവന്ന വ്യാജപ്രസ്താവനകളും മുതലായവയിലൂടെ കഴിഞ്ഞ രണ്ടു വർഷമായി കേരളക്കരയിൽ കോലാഹലങ്ങൾ സൃഷ്ടിക്കുന്ന BCCF എന്ന സംഘടന മൂലം എന്ത് ആത്മീയനേട്ടമുണ്ടായി? ആർക്കെങ്കിലും ആത്മീയ അഭിവൃദ്ധി ഉണ്ടായോ? അതോ ആത്മീയ അപചയം ഉണ്ടായോ?

ദൈവത്തിൽ ആശ്രയിച്ച് നിർഭയം വസിച്ചിരുന്ന ദൈവജനത്തിനിടയിൽ ഭീതി വിതയ്ക്കാനല്ലേ BCCF ന് കഴിഞ്ഞുള്ളൂ? സുവിശേഷ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കേണ്ട ദൈവജനത്തിന്റെ ശ്രദ്ധ തിരിക്കുവാൻ BCCF നു കഴിഞ്ഞു എന്നത് വാസ്തവമല്ലേ? ദൈവനാമത്തിന് പ്രയോജനപ്പെടേണ്ട വിശ്വാസികളുടെ സമ്പത്ത് BCCF ദുർവിനിയോഗം ചെയ്തില്ലേ? ദൈവിക ശുശ്രൂഷയ്ക്കുള്ള വിലപ്പെട്ട സമയം നഷ്ടപ്പെടുവാൻ BCCF സൃഷ്ടിച്ച വിവാദങ്ങൾ കാരണമായി എന്നതു സത്യമല്ലേ?

BCCF എന്ന സംഘടനയുടെ രൂപീകരണവും അനന്തര പ്രവർത്തനങ്ങളും ദൈവജനത്തിനും ദൈവനാമത്തിനും യാതൊരു ഗുണവും ഉണ്ടാക്കിയില്ല, ധാരാളം ദോഷം ചെയ്യാനും സാധിച്ചു എന്നത് വാസ്തവം തന്നെ. BCCF ചെയ്ത ദോഷം എത്രമാത്രം ഭയാനകമെന്ന് BCCF ന്റെ മുന്നണി - പിന്നണി പോരാളികളും BCCF ന് സിന്ദാബാദ് വിളിക്കുന്നവരും ഇനിയെങ്കിലും ചിന്തിക്കണം, BCCF ന്റെ പ്രവർത്തനങ്ങൾ വചനവിരുദ്ധവും ദൈവസഭയ്ക്കു ദോഷം വരുത്തിയതുമെന്ന് ബോദ്ധ്യമുള്ളവർ, വാസ്തവമായി മാനസാന്തരപ്പെട്ട് ദൈവത്തോടും ദൈവജനത്തോടും ക്ഷമാപണം ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ ആലയമാകുന്ന സഭയ്ക്കെതിരെ എന്തു നെറികേടും കാണിച്ച്, സുഖമായി ജീവിക്കാം എന്നാരും വിചാരിക്കരുത്. "ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും" എന്ന, വചനത്തിലെ മുന്നറിയിപ്പ് ഗൗരവമായി പരിഗണിച്ചാൽ നന്ന്.

ദൈവസഭയ്ക്കെതിരെ പ്രവർത്തിക്കുന്ന സാത്താന്റെ ആയുധങ്ങളായി ദൈവജനത്തിന്നിടയിൽ കടക്കുന്ന പുരുഷന്മാരെക്കുറിച്ച് വചനം വ്യക്തമായ മുന്നറിയിപ്പ് നൽകുന്നുണ്ട്. "ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ": അപ്പൊ:20:29, "വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ:" അപ്പൊ: 20:30, "ബിലെയാമിന്റെ ഉപദേശം പിടിച്ചിരിക്കുന്നവർ": വെളി: 2:14, "നിക്കൊലാവ്യരുടെ ഉപദേശം കൈക്കൊള്ളുന്നവർ": വെളി: 2:15, "ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തിയെ ത്യജിക്കുന്നവർ "2 തിമൊ: 3:5, നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിക്കുന്നവർ" :2 കൊരി: 11:15 എന്നി

ങ്ങനെയുള്ള വിശേഷണങ്ങൾ നൽകി ദൈവ വചനം ദൈവജനത്തിനു മുന്നറിയിപ്പ് നൽകുമ്പോൾ ഇക്കൂട്ടരെ വിട്ടൊഴിയേണ്ട കർത്തവ്യം ദൈവജനത്തിനുള്ളതാണെങ്കിലും, ഓരോ സ്ഥലം സഭയെയും ഇക്കൂട്ടരിൽ നിന്നും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സ്ഥലം സഭകളുടെ അധ്യക്ഷന്മാരായിരിക്കുന്നവരിൽ നിക്ഷിപ്തമാണ്. അപ്പൊ: 20:28.

സ്ഥലം സഭകളെ വിപരീതോപദേശം പ്രസ്താവിക്കുന്നവരിൽ നിന്നും സംരക്ഷിക്കുവാൻ സാധിക്കുന്നുവോ എന്ന് അധ്യക്ഷന്മാർ പരിശോധിക്കേണ്ടതാണ്. അധ്യക്ഷന്മാർ ആട്ടിൻകൂട്ടത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടവരാണെന്ന വസ്തുത വിസ്മരിക്കരുത്. എബ്രാ: 13:17.

കർത്താവ് സ്വന്തരക്തത്താൽ സമ്പാദിച്ച ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കളെ ആദരിച്ച്, അവർക്കു പാദോപചാരം ചെയ്യുന്ന അദ്ധ്യക്ഷന്മാരേ നിങ്ങൾക്ക് അയ്യോ കഷ്ടം. BCCF എന്ന സംഘടനയ്ക്ക് ദൈവജനത്തിന് യാതൊരു ഗുണവും ചെയ്യാൻ സാധിച്ചില്ലെങ്കിലും ധാരാളം ദോഷം ചെയ്തു എന്നിരിക്കെ BCCF നു വേണ്ടി കഠിന പ്രയത്നം ചെയ്തവർ മേൽവിവരിച്ച കൂട്ടത്തിൽപ്പെടുന്നവരല്ലേ? വചനമാകുന്ന കണ്ണാടിയിലൂടെ നോക്കിയാൽ അങ്ങനെ പറയാനേ സാധിക്കൂ. BCCF ന്റെ നേതാക്കന്മാരിൽ എത്രപേരാണ് സ്ഥലം സഭകളിലെ ശുശ്രൂഷകരായിട്ടുള്ളത്? സഭകളിലെ അധ്യക്ഷന്മാരോ ഉപദേഷ്ടാക്കന്മാരോ ആയി ശുശ്രൂഷ ചെയ്യുന്നവർ ആരും തന്നെ ഇല്ല. പിന്നെ എന്താണ് ഇവർക്കുള്ള യോഗ്യത ?

വിവിധ സംഘടനകളുടെ ഭാരവാഹികൾ, ധാരാളം ധനമുള്ളവർ, ഉലകം ചുറ്റുന്നവർ, നവീനോപദേശങ്ങളുടെ ഉപജ്ഞാതാക്കൾ, ഇവയാണോ ദൈവസഭയ്ക്ക് ശുശ്രൂഷ ചെയ്യുവാനുള്ള യോഗ്യത?

അയോഗ്യരെ ഇരുകൈയും നീട്ടി സ്വീകരിക്കുന്ന ആത്മീയ അപചയം വേർപാടുകാർക്ക് എങ്ങനെ സംഭവിച്ചു? യഹോവ തന്നെ വിട്ടു എന്നു ശിംശോൻ അറിയാത്തതുപോലെ തങ്ങൾ വചനത്തിൽ നിന്നും അകന്നുപോയി എന്നു വേർപാടുകാർ അറിയാതെയിരിക്കുന്നു. കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപം കർത്താവിനോടു വിലയ്ക്കുവാങ്ങുവാനുള്ള ബുദ്ധിയുപദേശം തള്ളിക്കളഞ്ഞ് ശക്തി സംഭരിക്കുവാൻ സംഘടന ഉണ്ടാക്കുന്നവർ ബാബേൽ ഗോപുരത്തെ ഓർത്താൽ നന്ന്.

BCCF ന്റെ പ്രവർത്തകരെയും അനുയായികളെയും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നവർ എന്നോ, വഴിതെറ്റിപോയവർ എന്നോ വിശേഷിപ്പിച്ച് സമാധാനിക്കാം. എന്നാൽ ബ്രദറൺ വിശ്വാസികളുടെ ഇടയിൽ സീനിയറും ജൂനിയറും ആയി അറിയപ്പെടുന്ന ഉപദേഷ്ടാക്കന്മാർ ഇവരുടെ പേക്കോലങ്ങൾക്ക് ആദ്ധ്യക്ഷവും ആശിർവാദവും വഹിച്ചത് അപലപനീയം തന്നെ. ഉപദേഷ്ടാക്കന്മാരുടെ ശുശ്രൂഷപോലും ഇവർക്കറിയില്ലെന്നു തോന്നുന്നു. വിവാഹം ഉറപ്പിക്കൽ, വിവാഹ ശുശ്രൂഷ നിർവ്വഹിക്കൽ, വിവിധ സംഘടനകളുടെ യോഗങ്ങൾക്ക് ആദ്ധ്യക്ഷം വഹിക്കുക, ഉത്ഘാടനം നിർവ്വഹിക്കുക, നാടമുറിക്കുക, പുസ്തകം പ്രകാശനം ചെയ്യുക എന്നിവയാണോ ഉപദേഷ്ടാക്കന്മാരുടെ ശുശ്രൂഷകൾ?

വിശുദ്ധജലം തളിക്കലും, കുരിശുവരയ്ക്കലും, നൂലുകെട്ടലും, ഇങ്ങനെയുള്ള ദുരാചാരങ്ങൾ പരസ്യമായി ചെയ്യുവാനും നമ്മുടെ ഉപദേഷ്ടാക്കന്മാർ മടികാണിക്കില്ല എന്നു തോന്നുന്നു.

"കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ" എന്നു പറഞ്ഞവരോട്: "ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും" എന്നു കർത്താവ് പറഞ്ഞതുപോലെ തന്നെ ബ്രദറൺകാർക്കും സംഭവിക്കും. ഏതെല്ലാം സംഘടനകൾ, എന്തെല്ലാം പ്രസ്ഥാനങ്ങൾ, എന്തെല്ലാം പ്രോജക്ടുകൾ, കർത്താവിന്റെ പേരിൽ ചെയ്യുന്ന 'വേലകൾ' പലവിധം തന്നെ.

"ആകയാൽ എന്റെ വചനം കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാക്കുന്നു": മത്ത: 7:24. വചനപ്രകാരമല്ലാത്ത സംഘടനകളും 'വേല'കളും എല്ലാം അധർമ്മം തന്നെ.

BCCF പോലെ തന്നെ വചന വിരുദ്ധമായതും ദൈവസഭയ്ക്കു ദോഷം ചെയ്യുന്നതും ദൈവജനത്തെ വഞ്ചിക്കുന്നതുമായ

(ശേഷം 31-ാം പേജിൽ)

# ഖുർ ആനിലെ അള്ളാഹു പഴയ നിയമത്തിലെ യഹോവ അല്ലേ? (തുടർച്ച...)

ഇസ്ഹാർ - ഉൾ - ഹഖ്

അപ്പൊസ്തലന്മാരിൽ ഒരാളായ യാക്കോബിനെ കൊല്ലുകയും മറ്റൊരു അപ്പൊസ്തലനായ പത്രോസിനെ തടവിലാക്കുകയും ചെയ്ത സന്ദർഭത്തിലും സഭ യാതൊരു വിധമായ ആക്രമണങ്ങളും സംഘടിപ്പിച്ചില്ല. പകരം അതിശ്രദ്ധയോടെ പത്രോസിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയായിരുന്നു ചെയ്തത്. അതിന്റെ അനന്തരഫലം എന്തായിരുന്നു എന്ന് അപ്പൊ: പ്രവൃത്തികൾ 12:6–10 വരെയുള്ള വാക്യങ്ങളിൽ കാണാം. കർത്താവിന്റെ ദൂതൻ കാരാഗൃഹത്തിന്റെ ഉള്ളിൽ നിന്ന് പത്രോസിനെ രക്ഷിച്ച് പുറത്തെത്തിക്കുന്നതിന്റെ വിവരണം അവിടെയുണ്ട്. മാത്രമല്ല, സഭയെ ഉപദ്രവിച്ച ഹെരോദോ രാജാവിന് എന്തു സംഭവിച്ചു എന്നും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊ. പ്രവൃത്തികൾ 12:18–23 വരെയുള്ള ഭാഗത്ത് ഇങ്ങനെ കാണാം. "നേരം വെളുത്തപ്പോൾ പത്രോസ് എവിടെപ്പോയി എന്ന് പടയാളികൾക്ക് അല്പമല്ലാത്ത പരിഭ്രമം ഉണ്ടായി. ഹെരോദാവ് അവനെ അന്വേഷിച്ചിട്ട് കാണായ്കയാൽ കാവൽക്കാരെ വിസ്തരിച്ച് അവരെ കൊല്ലുവാൻ കല്പിച്ചു, പിന്നെ അവൻ (പത്രോസ്) യെഹൂദ്യ വിട്ടു കൈസര്യയിലേക്ക് പോയി അവിടെ പാർത്തു.

ഹെരോദാവ് സോര്യരുടെയും സീദോന്യരുടേയും നേരെ ക്രൂദ്ധിച്ചിരിക്കുമ്പോൾ രാജാവിന്റെ ദേശത്ത് നിന്ന് തങ്ങളുടെ ദേശത്തിന് ആഹാരം കിട്ടിവരികയാൽ അവർ ഏകമനസ്സോടെ അവന്റെ അടുക്കൽ ചെന്ന്, രാജാവിന്റെ പള്ളിയറക്കാരനായ ബ്ലസ്തോസിനെ വശത്താക്കി സന്ധിക്കായി അപേക്ഷിച്ചു. നിശ്ചയിച്ച ദിവസത്തിൽ ഹെരോദാവ് രാജവസ്ത്രം ധരിച്ച് രാജാസനത്തിൽ ഇരുന്ന് അവരോട് പ്രസംഗം കഴിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല, ഒരു ദേവന്റെ ശബ്ദമത്രെ എന്ന് അവർ ആർത്തു. അവൻ ദൈവത്തിന് മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു."

അന്നും ഇന്നും എന്നും ദൈവസഭയെ ഉപദ്രവിച്ചവരെ ശിക്ഷിച്ചിട്ടുള്ളത് ദൈവമാണ്. അല്ലാതെ വിശ്വാസികളല്ല. ഈ കേരളത്തിൽ പോലും സുവിശേഷം പ്രസംഗിക്കുന്നവൻ സുവിശേഷത്തിന്റെ ശത്രുക്കളിൽനിന്ന് മർദ്ദനം ഏറ്റുവാങ്ങുന്ന സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. എന്നാൽ അതിന്റെ പേരിൽ ഞങ്ങൾ പോലീസിൽ പരാതി കൊടുക്കുകയോ കേസ് എടുപ്പിക്കുകയോ ചെയ്യാറില്ല. ക്ഷമിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയുമാണ് ചെയ്യാറുള്ളത്. സുവിശേഷ പ്രസംഗകരെ ഉപദ്രവിച്ച ആരെയെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടെങ്കിൽ അവരുടെ ജീവിതം നിങ്ങളൊന്ന് പരിശോധിച്ച് നോക്കുക. ഒന്നുകിൽ അവർ ക്രിസ്തുവിനെ അനുഗമിക്കുന്നവരായിത്തീർന്നിരിക്കും, അല്ലെങ്കിൽ ദൈവത്തിന്റെ ശിക്ഷ അവരുടെ മേലൊ അവരുടെ കുടുംബാംഗങ്ങളുടെ മേലോ പതിച്ചിട്ടുണ്ടായിരിക്കും. എന്തായാലും സുവിശേഷം അറിയിച്ചവരെ ഉപദ്രവിക്കുന്നതിനുമുമ്പ് അവർ ജീവിച്ച ജീവിതം ഒരിക്കലും അവർക്ക് തുടർന്നു കൊണ്ടുപോകാൻ കഴിയില്ല ഉറപ്പ്.

വീണ്ടും പൗലോസിലേക്ക് തിരിച്ചുവരാം. അപ്പൊ. പ്രവൃത്തികൾ 14:19–22 വരെയുള്ള വേദഭാഗത്ത് നാം ഇപ്രകാരം വായിക്കുന്നു "എന്നാൽ അന്ത്യോക്ക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും യെഹൂദന്മാർ വന്നുകൂടി പുരുഷാരത്തെ വശത്താക്കി പൗലോസിനെ കല്ലെറിഞ്ഞു. അവൻ മരിച്ചു എന്ന് വിചാരിച്ചിട്ട് അവനെ പട്ടണത്തിന് പുറത്തേക്ക് ഇഴച്ചുകളഞ്ഞു. എന്നാൽ ശിഷ്യന്മാർ അവനെ

ചുറ്റി നിൽക്കുകയിൽ അവൻ എഴുന്നേറ്റ് പട്ടണത്തിൽ ചെന്നു, പിറ്റെന്നാൾ ബർന്നബാസിനോട് കൂടെ ദെർബ്ബക്ക് പോയി. ആ പട്ടണത്തിലും സുവിശേഷം അറിയിച്ചു. പലരേയും ശിഷ്യരാക്കിയശേഷം അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ പട്ടണങ്ങളിലേക്ക് മടങ്ങിചെന്നു. വിശ്വാസത്തിൽ നിലനിൽക്കണം എന്നും നാം അനേകം കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു പോന്നു"

ഇവിടെയും ക്രിസ്ത്യാനികൾ യാതൊരു വിധത്തിലും ശത്രുക്കൾക്കെതിരെ പ്രതികരിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. അപ്പൊ.പ്രവൃ. 16:16-40, 17:5-14, 18:12-17, 19:23-41, 21:27-36, 22:22-29, 23:12-32 ഈ വേദഭാഗങ്ങളിലെല്ലാം പൗലോസ് ശത്രുക്കളുടെ കയ്യാൽ അനുഭവിച്ച പീഡനങ്ങളുടെ വിവരണങ്ങൾ കാണാം. ഒരിടത്തുപോലും പൗലോസോ മറ്റ് ക്രിസ്ത്യാനികൾ ആരെങ്കിലുമോ പ്രതികരിച്ചതായ ചരിത്രമില്ല. താൻ അനുഭവിച്ച കഷ്ടങ്ങളുടെ ഒരു ലഘുവിവരണം കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം 11-ാം അദ്ധ്യായം 22 മുതൽ 33 വരെയുള്ള വേദഭാഗത്ത് കാണാം. "അവർ എബ്രായരോ? ഞാനും അതെ, ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നു ഞാൻ അധികം! ഞാൻ ഏറ്റവും അധികം അധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, യെഹൂദരാൽ ഞാൻ ഒന്നു കുറയെ നാല്പത് അടി അഞ്ചുവട്ടം കൊണ്ടു, ഒരിക്കൽ കല്ലേറു കൊണ്ടു, മൂന്നു വട്ടം കപ്പൽ ച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു, നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ള സഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികൾ ഭവിച്ചതു കൂടാതെ എനിക്ക് ദിവസേന സർവ്വ സഭകളെയുംകുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്. ആർ ബലഹീനനായിട്ട് ഞാൻ ബലഹീനനാകാതെ ഇരിക്കുന്നു? ആർ ഇടറിപ്പോയിട്ട് ഞാൻ അഴലാതിരിക്കുന്നു? പ്രശംസിക്കണമെങ്കിൽ എന്റെ ബലഹീനത സംബന്ധിച്ച് ഞാൻ പ്രശംസിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ ഞാൻ ഭോഷ്കല്ല പറയുന്നത് എന്നറിയുന്നു. ദമാസ്കസിലെ അരേതാ രാജാവിന്റെ നാടു വാഴി എന്നെ പിടിക്കുവാൻ ഇച്ഛിച്ചു, ദമാസ് കസ് പട്ടണത്തെ കാവൽ വച്ചു കാത്തു. എന്നാൽ അവർ എന്നെ മതിലിലുള്ള ഒരു കിളിവാതിൽ വഴിയായി ഒരു കൊട്ടയിൽ ഇറക്കിവിട്ടു, അങ്ങനെ ഞാൻ അവന്റെ കയ്യിൽ നിന്ന് തെറ്റി ഓടിപ്പോയി."

ക്രൈസ്തവർ ലോകമെമ്പാടും വ്യാപിച്ചത് ഇതേവിധമുള്ള ത്യാഗനിർഭരമായ ജീവിതങ്ങളിലൂടെയായിരുന്നു. വാളിന്റെ വായ്ത്തലയുടെ ബലത്തിലോ അസ്ത്രങ്ങളുടെ മൂർച്ചയിലോ കുന്തത്തിന്റെയും കുതിരപ്പടയു ടെയും ശക്തിയാലോ അല്ല, ദൈവീകശക്തിയുടെ സഹായത്താൽ നിർവ്യാജ സ്നേഹത്തിലധിഷ്ഠിതമായ ആത്മസമർപ്പണത്തിലൂന്നിയ ജീവിത സാക്ഷ്യങ്ങളാലാണ് ലോകത്ത് യേശുക്രിസ്തുവിന് ഇത്രമാത്രം അനുയായികൾ ഉണ്ടായത്. തങ്ങളുടെ അരുമനാഥൻ തങ്ങൾക്കു വേണ്ടി അനുഭവിച്ച കഷ്ടങ്ങളെക്കുറിച്ചുള്ള ബോധം കർത്താവിനു വേണ്ടി കഷ്ടങ്ങൾ സഹിക്കാൻ അവരെ പ്രാപ്തരാക്കുന്നു. അപ്പൊസ്തലനായ പൗലോസിന്റെ വാക്കുകൾ നോക്കുക 'അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾതന്നെ ഞാൻ ശക്തനാകുന്നു' (2കൊരി. 12:10).

അപ്പൊസ്തലന്മാർ മാത്രമല്ല, സാധാരണ വിശ്വാസികളും ക്രിസ്തുവിനുവേണ്ടി അനുഭവിച്ച കഷ്ടങ്ങളുടെ ചിത്രം ബൈബിളിലുണ്ട്. ചില വേദഭാഗങ്ങൾ ശ്രദ്ധിക്കുക, 'നിങ്ങളെ ഒരുവൻ അടിമപ്പെടുത്തിയാലും കൊള്ളയടിച്ചാലും പിടിച്ചുകൊണ്ടു പോയാലും നിങ്ങളോട് അഹങ്കരിച്ചാലും നിങ്ങൾ പൊറുക്കുന്നുവല്ലോ' (2കൊരി. 11:20) 'എന്നാൽ

നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആവക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊള്ളുവിൻ. തടവുകാരോട് നിങ്ങൾ സഹതാപം കാണിച്ചതല്ലാതെ സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമ സമ്പത്ത് നിങ്ങൾക്ക് ഉണ്ട് എന്നറിഞ്ഞു സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹിച്ചുവല്ലൊ' (എബ്രാ. 10:32-34)

അപ്പൊസ്തലനായ പൗലോസ് തിമൊഥെയോസിനോട് പറയുന്നത് ശ്രദ്ധിക്കുക: 'ചെമ്പുപണിക്കാരൻ അലക്സെന്തർ എനിക്ക് വളരെ ദോഷം ചെയ്തു. അവന്റെ പ്രവൃത്തികൾക്ക് പകരം കർത്താവ് അവന് പകരം ചെയ്യും. അവൻ നമ്മുടെ പ്രസംഗത്തോട് അത്യന്തം എതിർത്തു നിന്നതുകൊണ്ട് നീയും അവനെ സൂക്ഷിച്ചുകൊള്ളുക' (2 തിമൊഥെയോസ് 4:14,15). അലക്സെന്തരിനെ സൂക്ഷിക്കണമെന്ന മുന്നറിയിപ്പ് മാത്രമേ പൗലോസ് തിമൊഥെയോസിന് കൊടുക്കുന്നുള്ളൂ. ഇരുട്ടിന്റെ മറവിൽ അവനെ കൊന്നുകളയാനോ ദൈവദൂഷണം ആരോപിച്ച് കല്ലെറിയാനോ ഒന്നും പറയുന്നില്ല. ഇനിയും അനേകം വേദഭാഗങ്ങൾ നൽകാനുണ്ട്. എങ്കിലും വിസ്താരഭയത്താൽ ഒഴിവാക്കുന്നു. ക്രിസ്തു ഭൂമിയിലായിരുന്നപ്പോഴും ക്രിസ്തീയസഭ രൂപം കൊണ്ട ആരംഭനാളുകളിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷങ്ങളായിരുന്നപ്പോഴും ക്രിസ്തീയത ലോകമെമ്പാടും വ്യാപിച്ച് ക്രിസ്ത്യാനികൾ ഭൂരിപക്ഷമായിത്തീർന്നപ്പോഴും ബൈബിളിലെ സത്യദൈവത്തിന് ഒരു വാക്കുമാത്രമേയുള്ളൂ. അനുയായികളുടെ അംഗബലത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ മാറ്റുന്നയാളല്ല ബൈബിളിലെ സത്യദൈവം, മറിച്ച് ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനാണ്.

അവിശ്വാസികളോട് സമാധാനത്തിൽ വർത്തിക്കാനും യുദ്ധം ചെയ്യാനും ആവശ്യപ്പെടുന്ന വിരുദ്ധ ആയത്തുകൾ ഖുറാനിൽ ഇനിയുമുണ്ട്. അതെല്ലാം വിശദീകരിക്കാൻ സ്ഥലം തികയാത്തതിനാൽ റഫറൻസുകൾ മാത്രം തരുന്നു. മലയാളത്തിലുള്ള ഖുറാനിൽ നിങ്ങൾ സ്വയം പരിശോധിച്ചു നോക്കുക.

| **സമാധാനം** | **യുദ്ധം** |
|---|---|
| സൂറ 45:14 (65:14) | x 8:60 (88:60) |
| സൂറ 43:88,89 (63:88,89) | x 47:4 (95:4) |
| സൂറ 50:45 (34:45) | x സൂറ 8:65 (88:65) |
| സൂറ 29:46 (85:46) | x സൂറ 9:29 (113:29) |
| സൂറ 2:256 (87:256) | x 4:84 (92:84) |
| സൂറ 103:1-3 (13:1-3) | x സൂറ 61:11 (109:11) |

ഇതെല്ലാം യുദ്ധത്തിന്റേയും സമാധാനത്തിന്റേയും ആയത്തുകളാണ്. ലോകമെമ്പാടുമുള്ള ഇസ്ലാമിസ്റ്റുകൾ തങ്ങൾ ജീവിക്കുന്ന രാജ്യങ്ങളിലെ സാമൂഹ്യ പരിസ്ഥിതിക്കൊത്തവണ്ണം ഇവയെ ഉപയോഗിക്കുന്നുമുണ്ട്. ഉദാഹരണത്തിന്, ഇന്ത്യ, യൂറോപ്പ്, അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ മുസ്ലീം ന്യൂനപക്ഷ രാജ്യങ്ങളിൽ ഇസ്ലാമിസ്റ്റുകൾ പുറത്തെടുക്കുന്നത് സമാധാനത്തിന്റെ ആയത്തുകളായിരിക്കും. 'ഇസ്ലാം സമാധാനമാണ്' എന്നു പറഞ്ഞുകൊണ്ടുള്ള ചുവരെഴുത്തുകളും സെമിനാറുകളും നാം ധാരാളം കണ്ടിട്ടുള്ളതാണല്ലോ. എന്നാൽ മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിലെ സ്ഥിതിയെന്താണ്? നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ സ്വതന്ത്രമാവുന്ന സമയത്ത് (1947ൽ) അവിടുത്തെ മൊത്തം ജനസംഖ്യയുടെ 13% പേർ ക്രിസ്ത്യൻ, ഹിന്ദു, സിഖ് വിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷങ്ങളായിരുന്നു. അറുപത് വർഷങ്ങൾക്കിപ്പുറം, ഈ മൂന്ന് വിഭാഗങ്ങളിലുംകൂടി അവിടെ രണ്ടര ശതമാനത്തിൽ താഴെയാണ് ന്യൂനപക്ഷങ്ങൾ. മതനിന്ദാ നിയമം എന്ന ഭ്രാന്തൻ പ്രമാണമുണ്ടാക്കി ക്രൈസ്തവരേയും ഹിന്ദുക്കളേയും അഹമ്മദീയരേയുമെല്ലാം മുസ്ലീം മതഭ്രാന്തന്മാർ നിഷ്കരുണം വേട്ടയാടുന്നു. അതിനെ എതിർക്കുന്നവർക്ക് മരണവുമായി ജിഹാദിസ്റ്റുകൾ ഉറഞ്ഞുതുള്ളുന്നു. ബംഗ്ലാദേശിന്റെ കാര്യവും വ്യത്യസ്തമല്ല. സ്വാതന്ത്ര്യം കിട്ടുമ്പോൾ ക്രിസ്ത്യൻ, ഹിന്ദു, ബുദ്ധ വിഭാഗങ്ങളിൽപെട്ട ന്യൂനപക്ഷങ്ങൾ അവിടെ 34% ആയിരുന്നു. ഇന്നത് 20% ആണ്. ബാക്കിയുള്ളവർ എവിടെപ്പോയി? കുറേപ്പേർ ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിതരായി തീർന്നു. കുറെപ്പേർ തങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ വേണ്ടി ഇന്ത്യയിലേക്ക് പലായനം ചെയ്തു. പാകിസ്ഥാനിലെ ന്യൂനപക്ഷങ്ങൾ ഓരോ വാക്കും സൂക്ഷിച്ച് ഉപയോ

ഗിച്ചില്ലെങ്കിൽ മതനിന്ദാ നിയമമനുസരിച്ച് കൊല്ലപ്പെടാനുള്ള സാധ്യത ഡെമോക്ലീസിന്റെ വാൾപോലെ അവരുടെ തലക്കുമീതെ തൂങ്ങിക്കിടക്കുകയാണ്. വ്യാപകമായി ന്യൂനപക്ഷങ്ങൾക്കെതിരെ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു നിയമമാണത്. അതിർത്തിത്തർക്കമോ മറ്റ് ഏതെങ്കിലും വിധത്തിലുള്ള പ്രശ്നമോ ഒരു മുസ്ലീമിനും അമുസ്ലീമിനും ഇടയിൽ ഉണ്ടായാൽ എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിക്കാൻ അവിടത്തെ മുസ്ലീങ്ങൾ ഉപയോഗിക്കുന്നത് ഈ മതനിന്ദാ നിയമമാണ്. മുസ്ലീങ്ങളായ രണ്ട് സാക്ഷികളെ സംഘടിപ്പിച്ച് കോടതിയിൽ ശത്രുക്കൾക്കെതിരെ ആരോപണമുന്നയിച്ചാൽ അതോടെ തീർന്നു അവരുടെ ജീവിതം. നിരപരാധികളുടെ ജീവനെടുക്കുന്നതിന് ഈ നിയമം കാരണമാകുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് മുൻ പഞ്ചാബ് ഗവർണ്ണറായ സൽമാൻ തസീർ ഈ നിയമം ഭേദഗതി ചെയ്യണം എന്നാവശ്യപ്പെട്ടത്. അതിന്റെ അനന്തരഫലമെന്തായിരുന്നു എന്ന് നാം കണ്ടതാണല്ലോ. സ്വന്തം അംഗരക്ഷകന്റെ കയ്യാൽ അദ്ദേഹം വധിക്കപ്പെട്ടു. അധികാരശ്രേണിയിൽ പിടിപാടുള്ള ഒരു മുസ്ലീമിന്റെ ഗതി ഇതാണെങ്കിൽ പാകിസ്ഥാനിലെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയെന്തായിരിക്കുമെന്ന് എളുപ്പം ഊഹിക്കാവുന്നതല്ലേയുള്ളൂ. അവിടത്തെ ഏക ക്രൈസ്തവ മന്ത്രി ഷഹബാസ് ഭട്ടിയേയും ജിഹാദിസ്റ്റുകൾ ക്രൂരമായി കൊലപ്പെടുത്തി. ഈ കൊലയെ അപലപിക്കാൻ പോലും അവിടുത്തെ പ്രധാനമന്ത്രിയും പ്രസിഡന്റുമൊക്കെ ഭയപ്പെടുന്ന അവസ്ഥയാണുള്ളത്.

### 5. ഖിബ്‌ല

നമുക്ക് വിഷയത്തിലേക്ക് മടങ്ങിവരാം. യുദ്ധത്തിന്റേയും സമാധാനത്തിന്റേയും കാര്യത്തിൽ മാത്രമല്ല, മറ്റു പല വിഷയങ്ങളിലും അള്ളാഹു ആദ്യം പറഞ്ഞ വാക്ക് പിൽക്കാലത്ത് മാറ്റിയിട്ടുണ്ട്. അതിലൊന്ന് 'ഖിബ്‌ല' യെ സംബന്ധിച്ചുള്ളതാണ്. (മുസ്ലീങ്ങൾ നിസ്കാരസമയത്ത് ലക്ഷ്യം വെക്കുന്ന സ്ഥാനമാണ് ഖിബ്‌ല) സൂറ 2:142-144 ൽ (87/142-144) നാം ഇപ്രകാരം വായിക്കുന്നു.

"അവർ ഇതുവരെ (പ്രാർത്ഥനാവേളയിൽ) തിരിഞ്ഞുനിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢന്മാരായ ആളുകൾ ചോദിച്ചേക്കും. (നബിയേ) പറയുക, അല്ലാഹുവിന്റേതു തന്നെയാണ് കിഴക്കും പടിഞ്ഞാറുമെല്ലാം. അവനുദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗ്ഗത്തിലേക്ക് നയിക്കുന്നു.

അപ്രകാരം നിങ്ങളെ നാം ഒരുത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കാനും വേണ്ടി റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞു നിന്നിരുന്ന ഭാഗത്തെ നാം ഖിബ്‌ലയായി നിശ്ചയിച്ചത്. അല്ലാഹു നേർവഴിയിലാക്കിയവരൊഴിച്ച് മറ്റെല്ലാവർക്കും അത് (ഖിബ്‌ല മാറ്റം) ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്നു. അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുന്നതല്ല. തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാകുന്നു.

(നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്കുതിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്. വേദം നൽകപ്പെട്ടവർക്ക് ഇത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും അള്ളാഹു അശ്രദ്ധനല്ല"

എം. എം. അക്ബറിന്റെ ഖുറാനിൽ ഇതിന് കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് നോക്കുക "ബൈത്തുൽ മുഖദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് തിരിഞ്ഞുകൊണ്ട് നമസ്ക്കരിക്കാനായിരുന്നു മുസ്ലീംകൾ ആദ്യകാലത്ത് കല്പിക്കപ്പെട്ടിരുന്നത്. മദീനാ ജീവിതത്തിലെ രണ്ടാമത്തെ വർഷമാണ് കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുവാൻ അല്ലാ

ഹുവിന്റെ കല്പന ലഭിച്ചത്"

അള്ളാഹു സത്യദൈവമല്ലെന്നും ഖുർആൻ സത്യവചനമല്ലെന്നും മുഹമ്മദ് സത്യദൈവത്തിന്റെ പ്രവാചകനല്ലെന്നും ഒരുവന് തെളിയിക്കുവാൻ ഈ മൂന്ന് ആയത്തുകളും ഈ അടിക്കുറിപ്പും ധാരാളം. അവന് ചരിത്രത്തെക്കുറിച്ച് സാമാന്യ അറിവും അല്പം യുക്തിബോധവും ഉണ്ടായിരിക്കണമെന്നു മാത്രം. നമുക്ക് ഇവയൊന്ന് വിശകലനം ചെയ്തു നോക്കാം. മുഹമ്മദ് പ്രവാചകനായി രംഗപ്രവേശം ചെയ്ത കാലം മുതൽ മദീനയിലേക്ക് പലായനം ചെയ്തതിന്റെ രണ്ടാം വർഷം വരെ (ഏകദേശം 15ലധികം വർഷം) നിസ്കാര സമയത്ത് ബൈത്തുൽ മുഖദ്ദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് (യെരുശലേമിലുള്ള ദേവാലയം) മുഖം തിരിച്ചു നിൽക്കണമെന്നാണ് അല്ലാഹു കല്പിച്ചിരിക്കുന്നത്. മുഹമ്മദ് മക്കയിലുണ്ടായിരുന്ന 13 വർഷവും മദീനയിലെത്തിയതിനുശേഷം 2 വർഷവും മുസ്ലീങ്ങൾ യെരുശലേമിലെ മസ്ജിദുൽ അഖ്സായുടെ നേർക്ക് തിരിഞ്ഞു നിന്നാണ് നിസ്കരിച്ചിരുന്നത്. മറ്റ് പല ആയത്തുകളുടെ കാര്യത്തിലെന്നപോലെ, മുഹമ്മദ് മദീനയിലെത്തിയതിനുശേഷം ഇതിലും ഭേദഗതി വരുത്തി. അള്ളാഹു ആണോ മുഹമ്മദ് ആണോ ഭേദഗതി വരുത്തിയതെന്ന് സംശയമുളവാക്കുന്ന വിധമാണ് ആയത്ത് ഖുറാനിൽ കാണുന്നത്. ഖിബ്ലാ മാറ്റത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം സൂറ 2:142 (87/142) ലാണ് ഉള്ളത്. 'അവർ ഇതുവരെ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞു നിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢന്മാരായ ആളുകൾ ചോദിച്ചേക്കും' എന്നതാണ് ആ പരാമർശം. അതിനുശേഷം 144-ാം ആയത്തിലാണ് 'ഇനി മേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്' എന്ന ആയത്ത് ഇറങ്ങുന്നത്. എന്നാൽ ഈ ആയത്ത് ഇറങ്ങുന്നതിനുമുമ്പ് തന്നെ ഖിബ്ലമാറ്റാൻ മുഹമ്മദ് ഉത്തരവിട്ടിരുന്നു. ഇത്രനാൾ നിസ്കാരത്തിനായി തിരിഞ്ഞുനിന്നിരുന്ന ഭാഗത്തുനിന്ന് ഇപ്പോൾ ദിശമാറ്റുന്നതിന്റെ സാധുത ചിലർ ചോദ്യം ചെയ്തപ്പോഴാണ് തന്റെ ദാസനെ സഹായിക്കാനായി അള്ളാഹു ഖുറാനിലെ 2:142-144 വരെയുള്ള ആയത്തുകൾ അവതരിപ്പിക്കുന്നത്. സൂറ 2:142 നു മുമ്പ് ഖിബ്ല മാറ്റാനുള്ള വഹ്‌യ് മുഹമ്മദിന് കിട്ടിയിട്ടില്ല. കിട്ടിയിരുന്നെങ്കിൽ അത് ഖുറാനിൽ എവിടെയെങ്കിലും കാണുമായിരുന്നല്ലോ, അങ്ങനെയൊന്ന് കാണാനില്ല. പിന്നീട് ആ ഉത്തരവിന്റെ പേരിൽ മുസ്ലീങ്ങൾക്കിടയിൽ ഭിന്നത ഉണ്ടായപ്പോഴാണ് ഖിബ്ല മാറ്റത്തിന്റെ സാധുതയെ ചോദ്യം ചെയ്ത മുസ്ലീങ്ങളെ 'മൂഢന്മാർ' എന്ന് ആക്ഷേപിച്ചുകൊണ്ട് 2:142-ാം ആയത്ത് ഇറങ്ങുന്നത്.

എന്തുകൊണ്ടാണ് അള്ളാഹുവിന്റെ വഹ്‌യ് കിട്ടാതെ തന്നെ ഖിബ്ല മാറ്റാൻ മുഹമ്മദ് ഉത്തരവിട്ടത്? ഇതിന്റെ ഉത്തരം തേടുന്നതിനു മുമ്പ് മറ്റൊരു കുഴക്കുന്ന പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്. ആ പ്രശ്നം ഇതാണ്. ബൈത്തുൽ മുഖദസ് അഥവാ മസ്ജിദുൽ അഖ്സായിലേക്ക് തിരിഞ്ഞു നിന്നുകൊണ്ടാണ് നിങ്ങൾ നമസ്കരിക്കേണ്ടത്' എന്ന് അള്ളാഹു പറഞ്ഞിട്ടുള്ളത് ഖുർ ആനിൽ എവിടെയാണ് ഉള്ളത്? ആദ്യഖിബ്ല മസ്ജിദുൽ അഖ്സയായിരുന്നല്ലോ. അവിടേക്ക് തിരിഞ്ഞു നിന്നുകൊണ്ട് നമസ്കരിക്കാനായിരുന്നു മുസ്ലീംകൾ ആദ്യകാലത്ത് കല്പിക്കപ്പെട്ടിരുന്നത് എന്ന് എം.എം. അക്ബറിന്റെ ഖുർ ആനിൽ അടിക്കുറിപ്പ് കാണുന്നുണ്ട്. ആ കൽപ്പന എവിടെ? എന്റെ കൈവശം മൂന്ന് മലയാളം ഖുറാൻ ഉണ്ട്. തർജമാനുൽ ഖുറാൻ (കെ. ഉമർമൗലവി സാഹിബിന്റെ പരിഭാഷ), ഖുർ ആൻ ലളിതസാരം (പരിഭാഷ ഷെയ്ഖ് മുഹമ്മദ് കാരക്കുന്ന്, വാണിദാസ് എളയാവൂർ), വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ എന്ന എം.എം. അക്ബറിന്റെ സ്വന്തം ഖുർആനും ഈ മൂന്ന് ഖുർആനിലും ഫാത്തിഹ മുതൽ നാസ് വരെയുള്ള 114 സൂറകൾ വായിച്ചിട്ടും അതിലൊരിടത്തു പോലും ആദ്യത്തെ ഖിബ്ല മസ്ജിദുൽ അഖ്സയാണ് എന്നു പറഞ്ഞു കൊണ്ടുള്ള ഒരൊറ്റ ആയത്ത് പോലും ലേഖകൻ കണ്ടിട്ടില്ല. അപ്പോൾ ശ്രീ.എം.എം. അക്ബറിന്റെ ഖുറാനിൽ സുറ 2:142 ന് കൊടുത്തിരിക്കുന്ന അടിക്കുറിപ്പ് ശുദ്ധനുണയാണെന്നർത്ഥം. അതല്ല എം.

എം. അക്ബറിന്റെ അടിക്കുറിപ്പ് സത്യമാണെങ്കിൽ, മസ്ജിദുൽ അഖ്സയെ ഖിബ്ലയാക്കി നിശ്ചയിച്ചുകൊണ്ടുള്ള അള്ളാഹുവിന്റെ ആയത്ത് ഇന്നത്തെ ഖുറാനിൽ ഇല്ല, അത് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോയിരിക്കുന്നു എന്നർത്ഥം!!!

ഭൂമിയേയും ആകാശത്തേയും സൃഷ്ടിക്കുന്നതിനു മുമ്പേ അള്ളാഹു ഖുർ ആനാണ് സൃഷ്ടിച്ചത് എന്ന് ഹദീസുകളിൽ കാണാം. ദൂതന്മാരെപോലും സൃഷ്ടിക്കുന്നതിനു മുമ്പ് തന്റെ കയ്യിലുള്ള സ്വർണ്ണപ്പേന കൊണ്ട് സ്വർഗ്ഗത്തിലുള്ള സ്വർണ്ണഫലകത്തിൽ അല്ലാഹു ഖുറാൻ രേഖപ്പെടുത്തിവച്ചുവത്രെ, അങ്ങനെയുള്ള സ്വർഗ്ഗത്തിലെ ഖുർആന്റെ ഭൂമിയിലുള്ള അറബി പതിപ്പിൽ അള്ളാഹുവിന്റെ ഒരു കൽപ്പന ഇല്ല! ഇതിനേക്കാൾ സഹതാപാർഹമായി വേറെ എന്താണുള്ളത്? ഒരിക്കൽ പറഞ്ഞത് പിന്നീട് മാറ്റിപ്പറയേണ്ടി വരുന്നതിന്റെ ഗതികേട് ഒരു വശത്ത്, മറുവശത്ത് ഒരിക്കൽ കൊടുത്ത കല്പന നഷ്ടപ്പെട്ടുപോയതിന്റെ ദയനീയാവസ്ഥയും. പാവം അള്ളാഹു, താൻ ഒരിക്കൽ കൊടുത്ത കല്പന തന്റെ ഗ്രന്ഥത്തിൽനിന്ന് നഷ്ടപ്പെട്ടു പോകാതെ സൂക്ഷിക്കാനുള്ള ശക്തിപോലുമില്ലാത്ത ഈ അള്ളാഹു ബൈബിൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സർവ്വശക്തനായ ദൈവമാണ് എന്ന് പറയണമെങ്കിൽ അപാര തൊലിക്കട്ടി തന്നെ വേണം!!!

എന്തിനുവേണ്ടിയാണ് ഖിബ്ല മാറ്റിയത് എന്നു ഖുർആനിൽ അള്ളാഹു പറയുന്നുണ്ട് “റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും, പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയുവാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞുനിന്ന ഭാഗത്തെ നാം ഖിബ്ലയായി നിശ്ചയിച്ചത്” (സൂറ 2:143) കെ ഉമർ മൗലവി സാഹിബിന്റെ ഖുറാനിൽ ഇതിന് അടിക്കുറിപ്പ് കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ് “അതായത് കുറെക്കാലം ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിച്ചതിനുശേഷം പിന്നെ മക്കത്തെ പള്ളിയുടെ നേരെ തിരിയുവാൻ കല്പിക്കുമ്പോൾ നബിയെ സ്വീകരിക്കുന്നവനും സ്വീകരിക്കാത്തവനും ആരൊക്കെയാണെന്ന് തെളിയുന്നതാണ്. അതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തത്.” ഈ വ്യാഖ്യാനം വെള്ളം തൊടാതെ വിഴുങ്ങാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്. കാരണം അള്ളാഹു സർവ്വജ്ഞാനിയാണെന്നല്ലേ അവകാശപ്പെടുന്നത്? അപ്പോൾ ഇങ്ങനെയൊരു പരീക്ഷണം നടത്തിയിട്ട് വേണമോ സത്യവിശ്വാസികളേയും കപടവിശ്വാസികളേയും തിരിച്ചറിയാൻ? ‘മനുഷ്യരുടെ ഹൃദയ വിചാരങ്ങളെ തിരിച്ചറിയാനുള്ള കഴിവ് അള്ളാഹുവിന് ഇല്ല’ എന്ന് സമ്മതിക്കുകയാണെങ്കിൽ ഉമർ മൗലവി സാഹിബിന്റെ വ്യാഖ്യാനം അംഗീകാരയോഗ്യമാണ്.

രണ്ടാമത്തെ പ്രശ്നം കഅ്ബയുടെ പ്രാധാന്യവുമായി ബന്ധപ്പെട്ടതാണ് ‘ജാഹ്ലിയ്യാ‘ കാലഘട്ടത്തിൽ (ഇസ്ലാം രൂപം കൊള്ളുന്നതിനു മുമ്പുള്ള കാലഘട്ടം. ജാഹ്ലിയ്യാ എന്ന അറബി വാക്കിന്റെ അർത്ഥം ‘അജ്ഞത’ എന്നാണ്) അറബികൾ നിസ്കാര സമയത്ത് ലക്ഷ്യം വെച്ചിരുന്നത് കഅ്ബയെ ആയിരുന്നു. (നിസ്കാരം ഇസ്ലാം രൂപം കൊള്ളുന്നതിനു മുമ്പേ അറബികൾക്കിടയിലുണ്ടായിരുന്ന ആചാരമായിരുന്നു. നിസ്കാരം മാത്രമല്ല, ഹജ്ജ്, നോമ്പ്, സക്കാത്ത്, പരിഛേദന കഴിക്കൽ തുടങ്ങി ഇന്ന് ഇസ്ലാമിൽ നിലവിലുള്ള മതപരമായ എല്ലാ ആചാരങ്ങളും മുഹമ്മദിനു മുമ്പേ മക്കയിലും പരിസര പ്രദേശങ്ങളിലും നിലവിലുണ്ടായിരുന്നതാണ്. ചിലത് യഹൂദന്മാരുടെ ആചാരമായിരുന്നെങ്കിൽ ചിലത് ക്രിസ്ത്യാനികളുടേതും മറ്റ് ചിലത് ബഹുദൈവാരാധകരുടേതുമായിരുന്നു. ഇസ്ലാം രൂപം കൊള്ളുന്നതിന് മുമ്പുവരെ ഈ വിഭാഗങ്ങളെല്ലാം അറേബ്യൻ ഉപദ്വീപിൽ സമാധാനത്തോടെ സഹവർത്തിച്ചിരുന്നു. **(തുടരും...)**

> നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന രാജാവിന്റെ നിമിത്തം നിങ്ങൾ അന്ന് നിലവിളിക്കും; എന്നാൽ യഹോവ അന്ന് ഉത്തരമരുളുകയില്ല.
>
> 1ശമുവേൽ 8:18

# ബൈബിൾ സ്ത്രീവിരുദ്ധ ഗ്രന്ഥമോ?

(തുടർച്ച...)

അനിൽകുമാർ വി. അയ്യപ്പൻ

ബൈബിളിലെ സത്യദൈവം പെൺകുട്ടികളോട് എത്രമാത്രം സ്നേഹവും കരുതലുമുള്ളവനാണെന്നു ലേവ്യാ പുസ്തകം പന്ത്രണ്ടാം അധ്യായത്തിൽ നിന്ന് നമുക്ക് മനസ്സിലായല്ലോ. ഇനി ഖുർ ആനിലെ അല്ലാഹുവിനു പെൺകുഞ്ഞുങ്ങളോട് ഇതേവിധം കരുതലുണ്ടോ എന്ന് ചോദിച്ചാൽ, ഇല്ല എന്നേ ഖുർ ആന്റെ അടിസ്ഥാനത്തിൽ നമുക്ക് മറുപടി പറയാൻ പറ്റൂ. ഖുർ ആനിൽ ഒരിടത്തും ഈ വിധം നവജാതശിശുക്കളോടുള്ള ബന്ധത്തിൽ ഒരു വാക്യവും അല്ലാഹു പറയുന്നില്ല.

എന്നാൽ ശിശുക്കൾക്ക് ദോഷകരമായി വരുന്ന ആയത്തുകൾ ഖുർ ആനിൽ ഉണ്ടുതാനും. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് വിവാഹമോചനം എന്ന അധ്യായത്തിലെ നാലാമത്തെ ആയത്തിന്റെ ആദ്യഭാഗമാണ്. ആ ആയത്ത് താഴെ വിവരിക്കുന്നു:

“നിങ്ങളുടെ സ്ത്രീകളിൽ നിന്നു ആർത്തവത്തെ സംബന്ധിച്ചു നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദഃയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്നു മാസമാകുന്നു. ആർത്തവമുണ്ടായില്ലാത്തവരുടേതും അങ്ങനെ തന്നെ. ഗർഭവതികളായ സ്ത്രീകളാകട്ടെ, അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവനു അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കിക്കൊടുക്കുന്നതാണ്.” (സൂറാ.65:4)

ആർത്തവപ്രായം കഴിഞ്ഞു പോയവരെ വിവാഹമോചനം ചെയ്താൽ പിന്നെ പുനർവിവാഹം ചെയ്യാൻ മൂന്നു മാസം കാത്തിരിക്കണം. അതുപോലെ തന്നെയാണ് ആർത്തവം ഉണ്ടായിട്ടില്ലാത്തവരുടെ കാര്യത്തിലും!! അതായത് പ്രായപൂർത്തിയെത്തിയിട്ടില്ലാത്ത കുഞ്ഞുങ്ങളെ വിവാഹം കഴിക്കാനും വിവാഹമോചനം നടത്താനും ഖുർ ആനിലെ അല്ലാഹു തന്റെ അനുയായികൾക്ക് അനുവാദം കൊടുത്തിരിക്കുകയാണ് ഈ ആയത്തിലൂടെ!! ഇസ്ലാമിക ലോകത്ത് അനേകം വിഭാഗങ്ങൾ നിലവിലുണ്ട്. ഖുർ ആൻ വ്യാഖ്യാനിക്കുന്നതിലുള്ള അഭിപ്രായഭിന്നതയാണ് ഇത്രമാത്രം വിഭാഗങ്ങൾ ഇസ്ലാമിൽ ഉണ്ടാകാൻ കാരണം. എന്നാൽ ഈ ആയത്തിന്റെ കാര്യത്തിൽ മാത്രം ആർക്കും വ്യാഖ്യാന വ്യത്യാസങ്ങളില്ല. ഏതു പ്രായത്തിലുള്ള പെൺകുട്ടിയെ വേണമെങ്കിലും വിവാഹം കഴിക്കാൻ അല്ലാഹു അനുവാദം തന്നിട്ടുണ്ടെന്ന് എല്ലാ വിഭാഗക്കാരുടെയും പണ്ഡിതന്മാർ ഒരുപോലെ അഭിപ്രായപ്പെടുന്നു.

ഇവിടെ ‘സ്ത്രീകൾ’ എന്നതിന് ഉപയോഗിച്ചിരിക്കുന്ന അറബി പദം ‘നിസാഅ്’ എന്നാണ്. സ്ത്രീകൾ എന്നതിനേക്കാൾ ശിശുക്കളെ കുറിക്കാനാണ് ഈ പദം പ്രായേണ ഉപയോഗിക്കാറുള്ളത്. ഖുർ ആനിൽത്തന്നെ ഈ പദം ‘പശു’ എന്ന അധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്നത് നമുക്ക് നോക്കാം.

“നിങ്ങളുടെ പുരുഷസന്താനങ്ങളെ അറുകൊല ചെയ്തുകൊണ്ടും, നിങ്ങളുടെ സ്ത്രീജനങ്ങളെ ജീവിക്കാൻ വിട്ടുകൊണ്ടും നിങ്ങൾക്ക് നിഷ്ഠൂരമർദ്ദനമേല്പിച്ചുകൊണ്ടിരുന്ന ഫിർ ഔന്റെ കൂട്ടരിൽ നിന്ന് നിങ്ങളെ നാം രക്ഷപ്പെടുത്തിയ സന്ദർഭം ഓർമ്മിക്കുക. നിങ്ങളുടെ രക്ഷിതാവിൽ നിന്ന് വലിയ പരീക്ഷണമാണ് അതിലുണ്ടായിരുന്നത്” (സൂറാ.2:49)

ഇവിടെ പരാമർശിക്കുന്നത് ഇസ്രായേൽ ജനം മിസ്രയീമിൽ അടിമകളായിരുന്നപ്പോൾ ഫറവോയുടെ കല്പനയാൽ യിസ്രായേല്യരുടെ ആൺകുട്ടികൾ കൊല്ലപ്പെട്ടതും പെൺകുട്ടികൾ രക്ഷപ്പെട്ടതുമായ സംഭവമാണ്. (അല്ലാഹു പറയുന്നത് ആ ദുരവസ്ഥയിൽനിന്നു യിസ്രായേൽ മക്കളെ രക്ഷപ്പെടുത്തിയത് താനാണെന്നാണ്! ഈ വിഷയവുമായി ബന്ധമുള്ളതല്ലാത്തതിനാൽ ആ അവകാശവാദ

ത്തിന്റെ പൊള്ളത്തരങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല) ബൈബിളിൽ ആ സംഭവം ഇ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു." പിന്നെ ഫറവോൻ തന്റെ സകല ജനത്തോടും: ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നദിയിൽ ഇട്ടുകളയണമെന്നും പെൺകുട്ടികളെയെല്ലാം ജീവനോടെ രക്ഷിക്കണമെന്നും കല്പിച്ചു" (പുറപ്പാട്: 1:22). കുഞ്ഞുങ്ങൾ വളരുന്നതിന് ശേഷം അതിലെ ആൺകുട്ടികളെ കൊല്ലണം എന്നല്ല, ജനിച്ച ഉടനെ തന്നെ കൊല്ലാനാണ് കല്പന. നവജാതശിശുക്കളിൽ ഒരു കൂട്ടരെ കൊല്ലാനും മറ്റൊരു കൂട്ടരെ വളർത്താനുമ മാണ് ഫറവോൻ കല്പനയിട്ടത്.

"നിങ്ങളുടെ സ്ത്രീജനങ്ങളെ ജീവിക്കാൻ വിട്ടുകൊണ്ടും" എന്ന് അല്ലാഹു ഈ സംഭവത്തെക്കുറിച്ച് പറയുമ്പോൾ, 'സ്ത്രീജനങ്ങൾ' എന്ന് ഉപയോഗിച്ചിരിക്കുന്ന പദം 'നിസാഅ്' എന്ന പദം തന്നെയാണ് സൂറാ.65:4-ൽ "നിങ്ങളുടെ സ്ത്രീകളിൽ നിന്നു ആർത്തവമുണ്ടായിട്ടില്ലാത്തവരെ" വിവാഹമോചനം ചെയ്യുന്ന കാര്യത്തെക്കുറിച്ച് പറയുമ്പോഴും അല്ലാഹു ഉപയോഗിച്ചിരിക്കുന്നത്. (അതുകൊണ്ടുതന്നെ, ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസം പ്രായമുള്ള കുഞ്ഞിനെ വേണമെങ്കിലും വിവാഹം കഴിക്കാം എന്ന് വാദിക്കുന്ന പണ്ഡിതരും ഉണ്ട്.)

എന്നാൽ ആധുനിക കാലത്ത് പരിഷ്കൃത മനുഷ്യരുടെ മുൻപാകെ ഇക്കാര്യം സമ്മതിക്കുന്നത് ലജ്ജാവഹമാണെന്നറിയാവുന്ന ദാവാ പ്രവർത്തകർ സൂറാ.65:4-നു പുതിയ ഭാഷ്യങ്ങൾ ചമയ്ക്കുകയാണ്. മുതിർന്ന സ്ത്രീകളെത്തന്നെയാണ് അവിടെ ഉദ്ദേശിക്കുന്നത് എന്നാണു അവരുടെ വാദം. പക്ഷെ, ഈ വിഷയത്തിൽ പ്രമുഖരായ ഇസ്ലാമിക പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ ദാവാ പ്രവർത്തകരുടെ പുത്തൻ വ്യാഖ്യാനത്തിനെതിരാണ്. തഫ്സീർ ഇബ്ൻ കത്തീർ, തഫ്സീർ അല്ജലൈലാൻ, തഫ്സീർ ഇബ്ൻ അബ്ബാസ്, തഫ്സീർ അല്-തബരി എന്നീ ഗ്രന്ഥങ്ങളിലെല്ലാം സൂറാ.65:4-ൽ " ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും" എന്ന് പറഞ്ഞിരിക്കുന്നത് "അതിനുള്ള പ്രായം എത്തിയിട്ടില്ലാത്തവരെ" ഉദ്ദേശിച്ചാണെന്ന് അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. ഈ പറഞ്ഞ തഫ്സീറുകൾ രചിച്ചവർ ആദിമ ഇസ്ലാമിക ലോകത്തെ തലയെടുപ്പുള്ള പണ്ഡിതന്മാരാണ്. അറബി ഭാഷയിൽ അവഗാഹമുള്ളവർ! അവരുടെ വ്യാഖ്യാനം അങ്ങനെയങ്ങ് തള്ളിക്കളയാൻ പറ്റുന്നതല്ല, ഒരു മുസ്ലീമിനും!!

ചെറിയ കുട്ടികളെ വിവാഹം കഴിക്കാൻ അല്ലാഹു അനുവാദം കൊടുത്തിട്ടുണ്ട് എന്നുള്ളതിന് പണ്ഡിതന്മാർ എടുത്തു കാണിക്കുന്ന ഉദാഹരണം അവരുടെ പ്രവാചകനായ മുഹമ്മദ് തന്റെ അടുത്ത അനുയായിയും തന്നെക്കാൾ പ്രായം കുറഞ്ഞവനുമായ അബൂബക്കറിന്റെ മകൾ ആയിഷക്ക് ആറു വയസ്സുള്ളപ്പോൾ വിവാഹം കഴിക്കുകയും മൂന്നു വർഷം തികഞ്ഞപ്പോൾ കുടുംബജീവിതം നടത്തിയതുമായ സംഭവമാണ്. ഇവരുടെ വിവാഹത്തെപ്പറ്റി ഇസ്ലാമിക പണ്ഡിതരുടെ അഭിപ്രായങ്ങൾ നോക്കാം:

സ്വഹീഹ് മുസ്ലീം, വാല്യം 2, ഭാഗം 16, ഹദീസ് നമ്പർ 69-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

ആഇശ നിവേദനം: "റസൂൽ എനിക്ക് ആറു വയസ്സായപ്പോൾ എന്നെ വിവാഹം കഴിച്ചു. എനിക്ക് ഒമ്പത് വയസ്സായപ്പോൾ വീടുകൂടുകയും ചെയ്തു".

അവർ (ആഇശ) പറയുന്നു: ഞാൻ പനി ബാധിച്ചു ഒരു മാസം സുഖമില്ലാതായി. തലമുടി കൊഴിഞ്ഞു പോയശേഷം ചെറിയ മുടികൾ തലയിൽ ധാരാളം നിറഞ്ഞു. അങ്ങനെ ഉമ്മുറുമാന (ആഇശയുടെ ഉമ്മ) എന്റെ അടുത്തുവന്നു. അപ്പോൾ ഞാൻ എന്റെ കൂട്ടുകാരികളോടൊപ്പം ഊഞ്ഞാലിൽ കളിക്കുകയായിരുന്നു. അവർ വലിയ ഉച്ചത്തിൽ എന്നെ വിളിച്ചു. ഞാൻ അവിടെ ചെന്നു. എന്താണ് എന്നെക്കൊണ്ട് ഉദ്ദേശിച്ചത് എന്നെനിക്കറിയാമായിരുന്നില്ല. അങ്ങനെ അവർ എന്റെ കൈ പിടിച്ചു വീടിന്റെ വാതിൽക്കൽ കൊണ്ടുപോയി നിർത്തി. ഞാൻ പേടിച്ചു കിതച്ചു ദീർഘശ്വാസം അയച്ചു ഹഅ്..... ഹഅ്..... എന്നിപ്രകാരം പറഞ്ഞു. അങ്ങനെ ശ്വാസം ശാന്തമായി. എന്നെ ഒരു വീട്ടിൽ പ്രവേശിപ്പിച്ചു. അവിടെ അൻസ്വാരികളിൽപെട്ട കുറെ സ്ത്രീകളുണ്ടായിരുന്നു. അവർ എനിക്ക് നന്മയും അനുഗ്രഹവും സൗഭാഗ്യവും ഉണ്ടാകട്ടെ

എന്ന് പറഞ്ഞു. അങ്ങനെ അവർ (എന്റെ ഉമ്മ) എന്നെ അവരെ ഏല്പിച്ചു. അവർ എന്റെ തലമുടി കഴുകി നന്നാക്കിത്തന്നു (ചമയിച്ചു). ളുഹാ സമയത്തല്ലാതെ നബി എന്റെ അടുക്കൽ വന്നില്ല. (ളുഹാ സമയത്ത് നബി വന്നു) അപ്പോൾ എന്നെ അവർ നബിക്ക് ഏല്പിച്ചു കൊടുത്തു."

ഇതിന്റെ താഴെയുള്ള ഹദീസിൽ ആയിഷ ആ വീട്ടിലേക്ക് ചെല്ലുമ്പോൾ കൂടെ തന്റെ പാവകളുമുണ്ടായിരുന്നു എന്ന് പറയുന്നുണ്ട്. സ്വഹീഹ് ബുഖാരി, വാല്യം 7, പുസ്തകം 62, ഹദീസ് നമ്പർ 64, 65, 90; സുനാൻ അബു ദാവൂദ്, പുസ്തകം 41, ഹദീസ് നമ്പർ 4915 –4917 എന്നിവിടങ്ങളിലെല്ലാം ഈ വിവരങ്ങൾ ഉണ്ട്. കൂടുതൽ അറിയുവാൻ ഈ ലിങ്ക് സന്ദർശിക്കുക: http://www.scribd.com/17141748/The-Truth-About-Muhammad-and-Aisha

സയ്യിദ് സുലൈമാൻ നദുവി രചിച്ചു എം. പി. അബ്ദുൽ റഹ്മാൻ കുരിക്കൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു മഞ്ചേരി ഹാദി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച 'ഹസ്രത്ത് ആയിശ(റ)" എന്ന ഗ്രന്ഥത്തിന്റെ നാലാം പേജിൽ പറയുന്നത് എ.ഡി. 614 ജൂലൈ മാസത്തിലാണ് ആയിശ ജനിച്ചതെന്നാണ്. പതിമൂന്നാം പേജിൽ പറയുന്നത് എ.ഡി. 620 മെയ് മാസത്തിലാണ് മുഹമ്മദുമായുള്ള വിവാഹം നടന്നതെന്നാണ്. അപ്പോൾ വിവാഹസമയത്ത് ആയിഷയുടെ പ്രായം അഞ്ചു വയസ്സും പത്തു മാസവും മാത്രം. മൂന്നു വർഷം തികഞ്ഞപ്പോൾ അവരുടെ കുടുംബജീവിതം ആരംഭിച്ചു.

"അല്ലാഹുവിന്റെ ദൂതനിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്" എന്നാണു ഖുർആൻ പറയുന്നത്. അതിന്റെ അർത്ഥം മുഹമ്മദ് പറഞ്ഞതും ചെയ്തതുമായ എന്തും മുസ്ലീങ്ങൾ അനുകരിക്കണം എന്നാണ്. ഒമ്പതു വയസ്സ് പൂർത്തിയാകാത്ത ഒരു ബാലികയുമായി ലൈംഗിക വേഴ്ചയിലേർപ്പെടുന്ന ഒരാൾ തന്റെ അനുയായികൾക്ക് നൽകുന്ന മാതൃക എത്തരത്തിലുള്ളതാണെന്നു പ്രത്യേകിച്ച് പറയേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. ഇനി, ഈ മാതൃക അദ്ദേഹത്തിന്റെ അനുയായികൾ ഇപ്പോഴും പിന്തുടരുന്നുണ്ടോ? തീർച്ചയായും ഉണ്ട്. ഗൾഫ് മേഖലകളിലും ആഫ്രിക്കയിലുള്ള പല മുസ്ലീം രാഷ്ട്രങ്ങളിലും ഇപ്പോഴും ഈ ക്രൂരത അരങ്ങേറുന്നുണ്ട്. യെമനിലെ നുജൂദ് എന്ന 10 വയസ്സുകാരി ഒറ്റയ്ക്ക് കോടതിയിൽ കയിച്ചെന്നു വിവാഹമോചനം ആവശ്യപ്പെട്ട സംഭവം ലോകമാധ്യമങ്ങളിൽ ചർച്ചയായതാണ്. ഇപ്പോൾ അവളുടെ ജീവിതകഥ പുസ്തകരൂപത്തിൽ പുറത്തു വന്നിട്ടുണ്ട്."ഞാൻ നുജൂദ്, വയസ്സ് 10, വിവാഹമോചിത" (I Am Nujood, Age 10 and Divorced) എന്നാണു പുസ്തകത്തിന്റെ പേര്. നിങ്ങൾ ആ പുസ്തകം വാങ്ങി വായിക്കണം എന്ന് ഞാൻ ശുപാർശ ചെയ്യുന്നു. ആ പുസ്തകത്തിൽ നിന്നുള്ള ചില വിവരങ്ങൾ ഇതാ:

"അവസരം കിട്ടുമ്പോഴൊക്കെ ഞാൻ ഏതെങ്കിലും ഒരു മൂലയിൽ ഒളിച്ചിരിക്കും. പേടിച്ച് പരിഭ്രമിച്ച്... എല്ലാം നഷ്ടപ്പെട്ട്. ഞാൻ തനിച്ചായിരുന്നു. ആരോടും ഒന്നും തുറന്നു പറയാൻ വയ്യ. ഒരാളുമില്ല ഇത്തിരിനേരം സംസാരിച്ചിരിക്കാൻ. രാത്രിയിലെ കാര്യങ്ങൾ ആലോചിക്കുമ്പോൾ പേടികൊണ്ട് പല്ലുകൾ കൂട്ടിമുട്ടാൻ തുടങ്ങും. ഞാൻ അയാളെ കഠിനമായി വെറുത്തിരുന്നു..... അയാളിൽനിന്നും അവസാനം ഞാൻ മനസ്സിലാക്കി, ക്രൂരത എന്ന വാക്കിന്റെ അർത്ഥം.

അങ്ങനെ രാത്രികളും പകലുകളും കടന്നു പോയി. ദിവസങ്ങളുടെ എണ്ണം കൃത്യമായി ഓർക്കാനാകുന്നില്ല. ഓരോ ദിവസവും രാത്രി അയാൾ വന്ന് ക്രൂരമായ പീഡനങ്ങൾ നടത്തിക്കഴിയുന്നതോടെ എന്റെ ഉറക്കം കൈവിട്ടുപോകുന്നു.

പകലാകട്ടെ ദിവസം മുഴുവൻ അമ്മായിഅമ്മയുടെ കല്പനകൾ, കറിക്കു നുറുക്കണം, കോഴികളെ തീറ്റണം, നിലം തുടച്ചു മിനുക്കണം, പാത്രങ്ങൾ കഴുകണം. അല്പസമയം വെറുതെ ഇരുന്നാൽ അമ്മായിഅമ്മ പാഞ്ഞെത്തും. മുടിയിൽ പിടിച്ചു വലിച്ച് എഴുന്നേല്പിക്കും. എല്ലാ ദിവസവും എന്റെ പുറത്തും കൈയിലും കാണാം, പുതിയ പുതിയ അടിപ്പാടുകൾ, മുറിവുകൾ. അതിനു പുറമെ അടിവയറ്റിലെ ചുട്ടുനീറ്റം. ദേഹം മുഴുവൻ വൃത്തികെട്ടതായിരിക്കുന്നു എന്നു തോന്നി.

അബ്ബയെയോ ഉമ്മയെയോ വിവരമറിയി

ക്കാൻ ഒരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ഖാർഡ്ജിയിൽ വൈദ്യുതി ഉണ്ടായിരുന്നില്ല; പിന്നെയല്ലേ ടെലഫോൺ. ഈ ഗ്രാമത്തിലേക്ക് കാറോ ബസ്സോ വരാറില്ല. വീട്ടിലേക്ക് ഒരു എഴുത്തയയ്ക്കാമായിരുന്നു. അതിനു എഴുത്തറിഞ്ഞിട്ടുവേണ്ടേ രക്ഷപ്പെടുക? എവിടേക്കാണ് ഞാൻ രക്ഷപ്പെടുക? ഗ്രാമത്തിൽ ഒരാളെയും പരിചയമില്ല. അതുകൊണ്ട് ഒരു വീട്ടിലും അഭയം തേടി ചെല്ലാനുമാകില്ല. (ഞാൻ നുജൂദ്, വയസ്സ് 10, വിവാഹമോചിത. പുറം 77-78).

"അറേബിയ എന്ന ഉപഭൂഖണ്ഡത്തിൽപ്പെട്ട ഈ രാജ്യത്ത് ചെറിയ പെൺകുട്ടികളുടെ വിവാഹം പരമ്പരയായി നടന്നുവരുന്ന ഒരു ആചാരമാണ്. അടുത്ത കാലംവരെ, അതിനെന്തെങ്കിലും മാറ്റം ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല. നുജൂദ് കാണിച്ച അവിശ്വസനീയമായ ആ ധൈര്യം പല കുഞ്ഞുസ്വരങ്ങൾക്കും കരുത്തു നൽകിയിരിക്കുന്നു, സ്വന്തം ഭർത്താക്കന്മാർക്കെതിരായി ശബ്ദമുയർത്താൻ. കോടതിയിൽ നുജൂദിന്റെ കേസ് വന്നതിനു ശേഷം വേറെ രണ്ടു കുട്ടികളും കൂടി ധൈര്യം കാണിച്ചു. ഒമ്പതു വയസ്സായ അർവയും പന്ത്രണ്ടു വയസ്സായ റിമ്മും. ഏറ്റവും അപരിഷ്കൃതമായ ദാമ്പത്യബന്ധനത്തിൽ നിന്നും മോചനം നേടാൻ വേണ്ടി നിയമപരമായ പോരാട്ടത്തിന് തന്നെ തയ്യാറായി മുന്നോട്ടുവന്നു. നുജൂദിന്റെ ചരിത്രപ്രസിദ്ധമായ വിവാഹമോചനം കഴിഞ്ഞു ഒരു വർഷത്തിനുശേഷം അയൽരാജ്യമായ സൗദി അറേബ്യയിലും ഒരു പെൺകുട്ടി വിവാഹമോചനത്തിനായി കേസ് കൊടുത്ത് വിജയം നേടി. എട്ടു വയസ്സായ പെൺകുട്ടി. അച്ഛൻ അവളെ വിവാഹം ചെയ്തു കൊടുത്തത് അമ്പതു വയസ്സ് കഴിഞ്ഞ ഒരു പുരുഷന്. കടുത്ത യാഥാസ്ഥിതിക മനോഭാവം വെച്ചുപുലർത്തുന്ന ആ രാജ്യത്ത് ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു സംഭവം.

2009 ഫെബ്രുവരിയിൽ യെമനി പാർലമെന്റ് അവസാനം ആ നിയമം പാസ്സാക്കി. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹപ്രായം നിയമപരമായി പതിനേഴു വയസ്സാക്കി ഉയർത്തി." (ഞാൻ നുജൂദ്, വയസ്സ് 10, വിവാഹമോചിത. പുറം 138).

"യെമൻ ടൈംസ്"ലെ പ്രധാന പത്രാധിപയായ നാദിയ അല്-സഖാഫ് പറഞ്ഞ ഒരു സംഭവം ഈ പുസ്തകത്തിൽ ഉണ്ട്. "സൗദി അറേബ്യക്കാരനായ ഒരാൾക്ക് വിവാഹം ചെയ്തു കൊടുക്കപ്പെട്ട ഒരു പെൺകുട്ടി, വിവാഹത്തിനു ശേഷം മൂന്നാം ദിവസം മരിച്ചു. അവൾക്ക് ഒമ്പത് വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഇത്രയും നിന്ദ്യവും ഭീഭത്സവുമായ ഒരു സംഭവം. എന്നിട്ടും അതിനെക്കുറിച്ച് ഒരന്വേഷണം നടത്താനല്ല പെൺകുട്ടിയുടെ മാതാപിതാക്കൾ മുതിർന്നത്. അവർ ജാമാതാവിനോട് മാപ്പിരന്നു. മരിച്ചുപോയെ പെൺകുട്ടിക്ക് പകരം അവളുടെ ഏഴു വയസ്സായ അനുജത്തിയെ വധുവായി നൽകാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. കേടുപറ്റിയ ഒരു കച്ചവടച്ചരക്കിനു നഷ്ടപരിഹാരം നൽകുന്നതുപോലെ. നുജൂദിന്റെ പ്രതിഷേധം അഭിമാനാർഹമായ ഒരു കാര്യം തന്നെ. എന്നാൽ യാഥാസ്ഥിതികരായ നാട്ടുകാർ കാണുന്നത്, കടുത്ത ധിക്കാരമായിട്ടാണ്. തീവ്രവാദികളുടെ നോട്ടത്തിൽ വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റമാണ് അവൾ ചെയ്തിരിക്കുന്നത്..... മാനം കാക്കാൻ വധശിക്ഷ!" (അതേ പുസ്തകം, പുറം 139,140).

നുജീദിന്റെ വിവാഹത്തിനും ന്യായീകരണമായി അവളുടെ അബ്ബ പറഞ്ഞത് പ്രവാചകന്റെ ആയിശയുമായുള്ള വിവാഹമാണ്. പുസ്തകത്തിൽ നിന്ന്:

അന്ന് വൈകുന്നേരം അബ്ബയും മോനയും (നുജൂദിന്റെ ചേച്ചി, ബാല്യത്തിൽ തന്നെ ഇവരെ ഒരുത്തൻ ബലാൽസംഗം ചെയ്യുകയും പിന്നീട് അവൻ തന്നെ വിവാഹം കഴിക്കുകയുമുണ്ടായി) തമ്മിൽ നടന്ന സംഭാഷണം ഞാൻ കേൾക്കാനിടയായി.

"നുജൂദിന് കല്യാണപ്രായമായിട്ടില്ല...... അവൾ തീരെ ചെറുപ്പമാണ്."

ദൃഢമായിരുന്നു മോനയുടെ സ്വരം.

"തീരെ ചെറുപ്പമോ?" അബ്ബയുടെ ഒച്ച ഉയർന്നു. "പ്രവാചകനായ മുഹമ്മദ് നബി ഐഷയെ വിവാഹം കഴിച്ചപ്പോൾ അവൾക്കു വയസ്സ് ഒമ്പതേ ആയിരുന്നുള്ളൂ."

"ശരിയായിരിക്കാം...... പക്ഷേ അത് പ്രവാചകന്റെ കാലത്ത്...... ഇപ്പോൾ കാലം മാറിയിരിക്കുന്നു. കാര്യങ്ങൾക്കും വ്യത്യാസമുണ്ട്." (അതേ പുസ്തകം, പുറം 47).

സൗദിയിൽ മാത്രമല്ല, നമ്മളുമായി ഒരേ സാംസ്കാരിക പൈതൃകം പിന്തുടരുന്ന പാക്കിസ്ഥാനിലും കാര്യങ്ങൾ സൗദിയിൽ നിന്നു വ്യത്യസ്തമല്ല എന്ന് അവിടെ നിന്നുള്ള

പത്രവാർത്തകൾ നമ്മോട് പറയുന്നു.

പാക്കിസ്ഥാനിലെ പ്രശസ്തനായ മുൻ നിര വക്കീലന്മാരിൽ ഒരാളും ലാഹോർ ഹൈക്കോർട്ട് ബാർ അസോസിയേഷൻ മുൻ പ്രസിഡന്റുമായ ചൌധരി മുഹമ്മദ് നയീം തന്റെ വീട്ടുജോലിക്കാരിയായ ഷാസിയ മഹീഹ് എന്ന പന്ത്രണ്ടു വയസ്സുള്ള ക്രിസ്ത്യൻ പെൺകുട്ടിയെ അതിക്രൂരമായി ബലാൽ സംഗം ചെയ്തു കൊലപ്പെടുത്തി. പാക്കിസ്ഥാനിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെയും പത്രങ്ങളുടെയും നിരന്തര ശ്രമഫലമായി കുറെ നാളുകൾക്കുശേഷം മുഹമ്മദ് നയീമിനെ അറസ്റ്റ് ചെയ്തു. എന്നാൽ ഏറെ ഞെട്ടിക്കുന്നതും ഏറ്റവും ഭയപ്പെടുത്തുന്നതും അറപ്പുളവാക്കുന്നതുമായ കാര്യങ്ങൾ അരങ്ങേറിയത് അതിനു ശേഷമാണ്. മുഹമ്മദ് നയീമിനെ റിമാൻഡ് ചെയ്തപ്പോൾ അഭിഭാഷകർ ഒറ്റക്കെട്ടായി നയീമിന് വേണ്ടി തെരുവിലിറങ്ങി. കൊല്ലപ്പെട്ട പെൺകുട്ടിക്ക് വേണ്ടി കേസ് വാദിക്കാൻ തങ്ങളാരും തയ്യാറാകുന്നില്ലെന്നു അഭിഭാഷകർ പ്രസ്താവനയിറക്കി. ശരീ-അത്ത് നിയമപ്രകാരം തങ്ങളുടെ വീട്ടുജോലിക്കാരെ എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യം വീട്ടുടയവനുണ്ടെന്നും അക്കാരണത്താൽ മുഹമ്മദ് നയീം ചെയ്തത് തെറ്റല്ലെന്നും അവർ പറഞ്ഞു. (സൗമ്യയുടെ കേസിൽ ഗോവിന്ദച്ചാമിക്ക് വേണ്ടി വാദിക്കാൻ വന്ന വക്കീലിനെതിരെയാണ് ഇവിടെ ജനങ്ങൾ തെരുവിലിറങ്ങിയത്!!)

ഈ അഭിഭാഷകരാണ് ഭാവിയിൽ പാക്കിസ്ഥാനിലെ ന്യായാധിപന്മാരാകാൻ പോകുന്നതെന്ന് നാം ഓർക്കണം. നീതിക്കുവേണ്ടി വാദിക്കേണ്ടവരുടെ മാനസികനില ഇതാണെങ്കിലും മറ്റുള്ളവരുടെ കയ്യാൽ അവിടെയുള്ള ഇതര മതസ്ഥർ അനുഭവിക്കുന്ന നീതിനിഷേധം എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതല്ലേയുള്ളൂ. ഷാസിയാ മഹീഹിന്റെ കേസിനെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലിങ്കുകൾ സന്ദർശിക്കുക:

http://islam-watch.org/index.php?option=com content&view=articled&id=339:shazia-masih-rape-a-killing-the-evil-of-islam-in-action&catid=118:kisan&Itemid=58

http://www.nowpublic. com/world/shazia-masih-12

http://www.forum. pakistanidefence.com/index.php?showtopic=87358

ബൈബിളുമായി നിങ്ങൾ ഇതൊന്നു തട്ടിച്ചു നോക്കുക. ഒരു പെൺകുഞ്ഞ് പിറക്കുമ്പോൾ മുതലേ, അവൾക്കുവേണ്ടി കരുതുന്ന ബൈബിളിലെ ദൈവം എവിടെ? ശിശുക്കളോട് പോലും ലൈംഗികാതിക്രമം കാണിക്കാൻ തന്റെ അനുയായികൾക്ക് അനുവാദം കൊടുത്തിരിക്കുന്ന അല്ലാഹു എവിടെ? ഇത്ര കടുത്ത സ്ത്രീവിരുദ്ധത നിറഞ്ഞു നിൽക്കുന്ന ഒരു ഗ്രന്ഥത്തിന്റെ അനുയായികളാണ് ബൈബിൾ സ്ത്രീവിവേചനം കാണിക്കുന്നു എന്ന വ്യർത്ഥാരോപണം ഉന്നയിച്ചു മുതലക്കണ്ണീരൊഴുക്കുന്നത് (തുടരും....)

*

---

(20-ാം പേജിന്റെ തുടർച്ച)

നിരവധി പ്രസ്ഥാനങ്ങൾ നമ്മുടെ ഇടയിൽ തഴച്ചു വളരുന്നു. BCCF ന്റെ പ്രവർത്തന വേഗതയാണ് ഇത്രയും എതിർപ്പ് വിളിച്ചു വരുത്തിയത്. അർബുദവ്യാധി പോലെ സഭയെ തിന്നു കളയുന്ന ദുരുപദേശ പ്രസ്ഥാനങ്ങൾ നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്നു. വിശ്വാസികളും, ഉപദേഷ്ടാക്കന്മാരും അദ്ധ്യക്ഷന്മാരും ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

പ്രീയ ദൈവജനമേ, സാത്താനോട് എതിർത്തു നിൽക്കാം; ദൈവത്തോട് അടുത്ത് ചെല്ലാം; വചനത്തെ മുറുകെ പിടിക്കാം; സ്ഥലം സഭ എന്ന ദൈവിക സംവിധാനത്തിന് ഭംഗം വരുത്താതെ അതിൽ ഉറച്ചു നിൽക്കാം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. *

## കുരിശടയാളം

ക്രിസ്ത്യാനികൾ 3-10 നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ കുരിശ് അടയാളമായി സ്വീകരിച്ചത് രണ്ട് മാർഗ്ഗങ്ങളിലൂടെയാണ്. ബാബിലോണിയ ദേവതയായ തമ്മൂസ് ദേവതയുടെ ആരാധകർ അതിന്റെ ആദ്യത്തെ അക്ഷരമായ T അടയാളമായി ഉപയോഗിച്ചിരുന്നു. പിൽക്കാലത്ത് യഹൂദന്മാർ അല്ലാത്തവരിൽ നിന്നും ക്രിസ്ത്യാനികളായവർ ഒരടയാളമായി കുരിശ് സ്വീകരിച്ചപ്പോൾ T യിലെ കുറുകെയുള്ള വര അൽപ്പം ഇറക്കിവച്ച † ആകൃതിയിലുള്ള കുരിശു ആണ് സ്വീകരിച്ചത്. എന്നാൽ കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്ത്യാനിയായപ്പോൾ (എ.ഡി.288-337) ക്രിസ്തുവിന്റെ പേരിന്റെ ആദ്യക്ഷരമായി വരുന്ന X ഒരു അടയാളമായി സ്വീകരിച്ചു. ഇത് കുരിശിനെയല്ല, ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.

വചനധ്വനി
2012 ഏപ്രിൽ - മെയ്
PRIVATE CIRCULATION ONLY

# യേശുക്രിസ്തുവിനെ അനുഗമിക്കുക

യേശു ഒരു സാധാരണ പ്രവാചകൻ എന്നു വന്നാൽപ്പോലും അവനെ അനുഗമിക്കുന്നത്, വിശ്വം ദർശിച്ച മറ്റു യാതൊരു മതസ്ഥാപകനെയോ, തത്വചിന്തകനെയോ, പ്രവാചകനെയോ, നേതാവിനേയോ, അനുഗമിക്കുന്നതിനെക്കാൾ എത്രയോ ഉപരിശ്രേഷ്ഠമാകുന്നു. യേശു ഒരു സാധാരണ മനുഷ്യൻ എന്നുവന്നാലും മനുഷ്യവംശത്തിന്റെ മദ്ധ്യേ മനുഷ്യത്വത്തിന്റെ എല്ലാ തികവും ഉറ്റ, ഏക മനുഷ്യൻ, അഥവാ മഹാമനുഷ്യൻ അവൻ ആണെന്ന് "ആ മനുഷ്യൻ അതാ" എന്നു ബൈബിളിൽ ചൂണ്ടിക്കാണിക്കുന്നു. ഇവനല്ലാതെ മനുഷ്യവർഗ്ഗത്തിനു അനുകരിക്കാനും അനുഗമിക്കാനും മതിയായ മറ്റൊരു മനുഷ്യനുമില്ലതന്നെ. ഗിരിപ്രാഭാഷണത്തിന്റെ ഉപേദേഷ്ടാവിനെക്കാൾ വലിയ ഉപദേഷ്ടാവും തത്വചിന്തകനും ആത്മീയനേതാവും ആരാണ്? മത്തായി:23;ലെ വിമർശകനെക്കാൾ വലിയ വിമർശകനാര്? മത്തായി 25:31-46 ന്റെ പ്രഖ്യാപകനെക്കാൾ വലിയ സാമൂഹ്യ പരിവർത്തകൻ ആര്? 20ലെ മുന്തിരിത്തോട്ടത്തിലെ കൂലിയെക്കുറിച്ചുള്ള പ്രസ്താപകനെക്കാൾ വലിയ സാമ്പത്തിക വിപ്ലവകാരി ആര്? യോഹന്നാൻ 13ലെ ശുശ്രൂഷകനെക്കാൾ വലിയ ദാസൻ ആര്? തന്നെ ക്രൂശിച്ച ശത്രുക്കൾക്കുവേണ്ടിയും പ്രാർത്ഥിച്ച ഇവനെക്കാൾ വലിയ മനുഷ്യസ്നേഹി ആരുണ്ട്? കുഷ്ഠരോഗികളെയും പാപികളെയും ചുങ്കക്കാരെയും സ്നേഹിച്ചു ആർദ്രതയും മനസ്സലിവും കാണിച്ച ഇവനെക്കാൾ വലിയ മഹാപുരുഷനാര്? മോശയെക്കാൾ വലിയ പ്രവാചകൻ, അഹരോനെക്കാൾ വലിയ പുരോഹിതൻ, ശലമോനെക്കാൾ വലിയ ജ്ഞാനി, സോക്രട്ടീസിനെക്കാൾ വലിയ തത്വവിചാരകൻ, ബുദ്ധനെക്കാൾ വലിയ ഭൂതദയാലു, ഡയോജനീസിനെക്കാൾ വലിയ ത്യാഗി, മാർക്സിനെക്കാൾ വലിയ വിപ്ലവകാരി, കുഞ്ഞാടിലും മികച്ച ശാന്തരൂപി, ദൈവാലയത്തിലും വലിയവൻ, ഇവനത്രെ മഹാൻ എന്നു നോക്കുവിൻ ഇവൻ ദൈവത്തിന്റെ മശിഹായല്ലെങ്കിൽ പിന്നെയാര്? ഇവനത്രെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവ്. ഇവനത്രെ മനുഷ്യരാശിക്കനുഗമിക്കുവാൻ പറ്റിയ ഏകമഹാമനുഷ്യൻ. മർയമിന്റെ പുത്രനായ ഈസായൊഴികെ മറ്റൊരു മശിഹയില്ല, മറ്റൊരു രക്ഷകനില്ല; കർത്താവില്ല.

തിരുവട്ടാർ കൃഷ്ണൻകുട്ടി

Printed & Published by Jeesan. S. at Press Raj, Kattakkada